# സത്യദൂതൻ

2014 സെപ്റ്റംബർ | ലക്കം 9

വില ₹ 20




## ജൂതജനതയും ആധുനികകാലവും


## ഒരു വൈമാനികന്റെ  വിഭജനകാല സ്മരണകൾ

# ഓഗസ്റ്റ് 29,30,31 തീയതികളിൽ ലണ്ടനിൽ നടന്ന അഹ്മദിയ്യാ അന്തർ ദേശീയ വാർഷിക സമ്മേളനത്തിന്റെ വിവിധ ദൃശ്യങ്ങൾ


















The Sathyadoothan Monthly

لا اله الا الله محمد رسول الله


# സത്യദൂതൻ

2014 സെപ്റ്റംബർ
ഹി.ശ.1394 – തബൂഖ്
1435 – ദുൽഖഅ്ദ് – ദുൽഹജ്ജ്
പുസ്തകം 86 ലക്കം 9
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ
**നബി (സ) യുടെ വിളിക്ക് ഉത്തരം നല്കുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2014 ആഗസ്റ്റ് 15 ന് മസ്ജിദ് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**12**
**അദൃശ്യലോകവും ദൈവവിശ്വാസവും**
ഹ്ദറത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**15**
**സ്വർഗത്തിലേക്കുള്ള പാലം**
ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)



**19**
**ജൂതജനതയും ആധുനികകാലവും**
മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ.
ചരിത്രത്തിലുടനീളം പീഡനം നിഴൽ പോലെ പിന്തുടർന്ന ഒരു ജനസമൂഹമാണ് യഹൂദ ജനത. ഫലസ്തീൻ ഭൂമിയിൽ അവർക്കുള്ള അവകാശം എന്നത് ഒരു മിഥ്യാവാദവും ചരിത്ര വസ്തുതകൾക്ക് നിരക്കാത്തതുമാണ്. യഹൂദ ജനതക്ക് മസീഹായി വന്ന ഈസാനബി (അ) യ്ക്ക് ശേഷം മുതൽ ആധുനിക കാലംവരെയുള്ള യഹൂദ ചരിത്രത്തിന്റെ ഗതി പരിണാമങ്ങളിലേക്ക് ഒരു അവലോകനം

**25**
**വിശുദ്ധ ഖുർആന്റെ അദ്ഭുതങ്ങൾ ശാസ്ത്രജ്ഞർ അംഗീകരിക്കുന്നു**
വിവ: കെ.വി. ഹസ്സൻ കോയ

**26**
കവിത
**പരിണാമ പ്രയാണം**
എസ്.വി. മുഹമ്മദ് ഫസൽ, പഴയങ്ങാടി

**27**
**ഒരു വൈമാനികന്റെ വിഭജനകാല സ്മരണകൾ**
സ്ക്വാഡ്രൻ ലീഡർ മീർ മുഹമ്മദ് അഹ്മദ്

**33**
**ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) മാനവകുലത്തിന്റെ മാർഗദർശി**
മഹ്മൂദ് കൽക്കുളം

**36**
**തലാഖിന് കാരണം ബോധിപ്പിക്കേണ്ടതുണ്ടോ?**
ഡോ. കൗസർ എടപ്പകത്ത്

**38**
കുറിപ്പുകൾ
**മദ്യവിമുക്ത കേരളം**
മുസാഫിർ

**40**
**വാർത്തകൾ**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

അവർ നിന്നോട് ആത്മാവിനെക്കുറിച്ച് ചോദിക്കുന്നു. പറയുക. ആത്മാവ് എന്റെ നാഥന്റെ ആജ്ഞയിൽ (അംറ്) നിന്നുള്ളതാണ്. (അത് സംബന്ധിച്ച) അറിവിൽ നിന്ന് കുറഞ്ഞതല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല. **(17:86)**





## നബിവചനം

അനസ് (റ) നിവേദനം. നബി തിരുമേനി (സ) അരുളി: നിങ്ങളെ ബാധിച്ച ഒരു വിപത്ത് മൂലം നിങ്ങളാരും മരിക്കാനാശിക്കരുത്. അതല്ലാതെ മറ്റൊരു മോചന മാർഗവുമില്ലെന്ന് തോന്നുന്ന പക്ഷം അവൻ ഇപ്രകാരം പ്രാർഥിച്ചു കൊള്ളട്ടെ, അല്ലാഹുവേ, ജീവിതം എനിക്ക് ഉത്തമമായിരിക്കുന്ന കാലത്തോളം നീ എന്നെ ജീവിപ്പിക്കേണമേ! മരണം എനിക്കുത്തമമായി വരുന്ന അവസരത്തിൽ നീ എന്നെ മരിപ്പിക്കേണമേ! **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം

ആത്മാവ് എന്നത് ഗർഭാശയത്തിൽ വളർന്നു വരുന്നതും മാംസ പിണ്ഡത്തിൽ നിന്ന് ഉദ്ഭവിക്കുന്നതുമായ ഒരു തേജസ്സാണ്. ഇവിടെ ഉദ്ഭവിക്കുന്നു എന്നത് കൊണ്ടുള്ള വിവക്ഷ മുമ്പേ നിഗൂഢവും അവ്യക്തവുമായി കിടക്കുന്ന ആ ശക്തി ശരീരത്തിൽ പൂർണ വളർച്ചയോടുകൂടി പൊടുന്നനെ പ്രത്യക്ഷീഭവിക്കുന്നു എന്നാണ്. അതു ആദ്യത്തിൽ ബീജത്തിൽ തന്നെ അന്തർഭവിച്ചിരിക്കുന്നുണ്ട്. അതിന് ബീജവുമായുള്ള അവർണനീയമായ ബന്ധം സ്വർഗസ്ഥനായ ദൈവത്തിന്റെ ഇച്ഛക്കും നിയന്ത്രണത്തിനും അധീനമായിരിക്കുന്നതാണ്. **(ഇസ്‌ലാംമത തത്ത്വജ്ഞാനം)**



എഡിറ്റോറിയൽ

# ആത്മാവിനെ പറ്റിയുള്ള ജ്ഞാനം

മതങ്ങളുടെ മുഖ്യചിന്താവിഷയമാണ് ആത്മാവ്. ഞാൻ ഉണ്ട് എന്ന ബോധത്തിന്റെ രൂപത്തിൽ ,മനുഷ്യനിൽ പ്രവർത്തിക്കുന്ന അനിർവചനീയമായ അന്തര്യാമി, അറിയാനും പ്രവർത്തിക്കാനുമുള്ള ശക്തിയോടെ ശരീരത്തിൽ സ്ഥിതി ചെയ്യുന്ന തത്ത്വം എന്നൊക്കെ അതിനെക്കുറിച്ച് വിവക്ഷിക്കപ്പെടുന്നു. എതായാലും ആത്മാവിനെ പറ്റി മനുഷ്യന് പൂർണ ജ്ഞാനം ലഭിച്ചിട്ടില്ല എന്നത് അതിനെ സംബന്ധിച്ച് വിവിധ മതങ്ങളിലെ വ്യഖ്യാന ഭേദങ്ങളിൽ നിന്നും അനന്തമായ വിവാദങ്ങളിൽ നിന്നും തന്നെ വ്യക്തമാണ്. മനുഷ്യൻ നിത്യവും അറിയുകയും മനുഷ്യന്റെ അസ്തിത്വത്തിൽ അന്തർലീനവുമായ ഒരു സത്തയെ ക്കുറിച്ചുള്ള ഈ അജ്ഞാനം മനുഷ്യന്റെ അറിവിന്റെ പരിമിതിയെ വ്യക്തമാക്കുന്നു. ഈ പരിമിതിയെക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നത്: *'അവർ നിന്നോട് ആത്മാവിനെക്കുറിച്ച് ചോദിക്കുന്നു: പറയുക, ആത്മാവ് എന്റെ നാഥന്റെ അറിവിൽപ്പെട്ടതാണ് അറിവിൽ നിന്ന് കുറഞ്ഞതല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല.'(17:86)* എങ്കിലും ആത്മാവിനെക്കുറിച്ച് സ്പഷ്ടമായ ചില സൂചനകൾ നൽകുന്നുണ്ട്. ആത്മാവിനെക്കുറിച്ചുള്ള ഗഹനമായ ഈ സൂചനകളുടെ അർഥവ്യാപ്തി ഉൾക്കൊള്ളാൻ ആത്മീയ ജ്ഞാനം ലഭിച്ച മഹത്തുക്കൾക്ക് മാത്രമേ സാധ്യമാകു.

ആധുനിക കാലത്ത് ആര്യസമാജം, ബ്രഹ്മ സമാജം, തിയോസഫിക്കൽ സൊസൈറ്റി തുടങ്ങിയ നിരവധി മത ചിന്താപ്രസ്ഥാനങ്ങൾ ആത്മാവിനെക്കുറിച്ച് സംസാരിച്ചപ്പോൾ ഇസ്‌ലാമിന്റെ ഭാഗത്ത് നിന്ന് ആത്മാവിനെ പറ്റിയുള്ള തത്ത്വങ്ങൾ വിശദീകരിക്കാൻ ഹദ്റത്ത് അഹ്മദി(അ)നെയാണ് അല്ലാഹു നിയോഗിച്ചത്. ഇസ്‌ലാം മത തത്ത്വജ്ഞാനം എന്ന പേരിൽ പ്രസിദ്ധീകൃതമായ വിശ്വപ്രശസ്തമായ പ്രബന്ധം ഈ നിയോഗത്തിന്റെ നിദർശനമാണ്.

ഹിന്ദുമതത്തിൽ പ്രത്യക്ഷ പ്രമാണങ്ങളെ സ്വീകരിക്കുന്ന ചാർവാകന്മാർ ചൈതന്യ വിശിഷ്ടമായ ദേഹം പ്രത്യക്ഷമാകയാൽ അത് തന്നെയാണ് ആത്മാവ് എന്ന വാദിക്കുന്നവരാണ്. അതായത് ആത്മാവ് ശരീരത്തിൽ നിന്ന് ഭിന്നമല്ല. എന്നാണ് അവരുടെ പക്ഷം. പഞ്ചഭുതങ്ങളിൽ നിന്നാണ് ശരീരമുണ്ടാകുന്നത്. ലഹരി പദാർഥങ്ങളുടെ ചേർച്ചയിൽ നിന്ന് മദശക്തി എന്നത് പോലെ പഞ്ചഭൂതങ്ങളുടെ ചേർച്ചയിൽ നിന്ന് ആത്മാവുണ്ടാകുന്നു. ചൈതന്യാംശം ബോധരുപവും ദേഹാംശം ജഡവുമാകയാൽ ജീവാത്മാവ് ബോധജഢോഭയ രൂപനാണ്. അതുകൊണ്ട് ആത്മാവ് നിത്യമല്ലെന്നും ജനിമൃതികൾ പോലെ സ്വാഭാവികമാണെന്നും ചാർവാകന്മാർ വാദിക്കുന്നു. ചാർവാകന്മാരിൽ നിന്ന് വ്യത്യസ്തമായി ആത്മാവ് ബ്രഹ്മത്തിന്റെ അംശമാണെന്ന് വാദിക്കുന്നവരാണ് അദ്വൈതികൾ. ആത്മാവ് നിത്യമാണെന്ന് അവർ പറയുന്നു. ബ്രഹ്മം മാത്രമാണ് സത്യമെന്നും ജഗദ് മിഥ്യയാണെന്നും ഭാവവികാരങ്ങൾ അനുഭവപ്പെടുന്നത് അവിദ്യ കൊണ്ടാണെന്നും അദ്വൈത സിദ്ധാന്തക്കാർ വാദിക്കുന്നു.

ബൈബിൾ പഴയ നിയമത്തില ആത്മാവിന് 'റുആഹ് 'എന്ന ഹിബ്രു പദമാണ് ഉപയോഗിച്ചിട്ടുള്ളത്. ഇതിന് വായു പ്രവാഹം, ശ്വാസം, കാറ്റ് എന്നൊക്കെയാണ് അർഥം. ബൈബിൾ പഴയ നിയമത്തിൽ ഈ പദം പല തവണ ഉപയോഗിച്ചിട്ടുണ്ടെങ്കിലും ആത്മാവിനെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ച്ചപാടും അത് നൽകുന്നില്ല. പുതിയ നിയമത്തിൽ ആത്മാവിനെ പറ്റി യാതൊന്നും തന്നെ പറയുന്നില്ല. പിന്നീട് വന്ന ബൈബിൾ പണ്ഡിതന്മാർ ആധുനിക മനഃശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ആത്മാവിനെക്കുറിച്ച് അവരുടെ മനോവിലാസമനുസരിച്ച് പലതും എഴുതുകയാണുണ്ടായത്.

ആത്മാവ് അല്ലാഹുവിന്റെ ആജ്ഞയാൽ സൃഷ്ടിക്കപ്പെട്ടതാണെന്നാണ് ഖുർആൻ പറയുന്നത് ശരീരമാണ് ആത്മാവിന്റെ ജനയിത്രി എന്നത്രെ ഖുർആന്റെ സിദ്ധാന്തം. ഇത് വളരെ ശ്രദ്ധേയമാണ് അത് അല്ലാഹുവിന്റെ ആജ്ഞയാൽ ഗർഭപാത്രത്തിൽ ബീജത്തിൽ തന്നെ ആത്മാവിന്റെ ശക്തി വിശേഷം നിഗൂഢനം ചെയ്യപ്പെട്ടിട്ടുണ്ടെന്നും അത് അല്ലാഹുവിന്റെ ആജ്ഞയാൽ ഗർഭ പാത്രത്തിൽ ഭ്രൂണത്തോടൊപ്പം പ്രകടമാവുന്ന തേജസ്സായി മാറുകയാണെന്നും ഖുർആൻ പറയുന്നു. അത് പുറമെ നിന്നും വന്നുകൂടുന്ന ഒരു വസ്തുവല്ല. അദ്വൈത സിദ്ധാന്തത്തിൽ നിന്ന് ഭിന്നമായി ആത്മാവിന് ഗുണ ഭാവങ്ങളുണ്ട് എന്നാണ് ഖുർആന്റെ വ്യക്തമായ അദ്ധ്യാപനം. ഗുണശക്തി സാന്ദ്രമായ ആത്മാവിന് ധർമസംഹിതകളെ അടിസ്ഥാനമാക്കി വിവിധ പരിഷ്ക്കരണ പദ്ധതികളും വിശുദ്ധ ഖുർആൻ നിർദേശിക്കുന്നുണ്ട്. ആത്മാവ് ബ്രഹ്മത്തെ (ദൈവത്തെ) പോലെ നിത്യമാണെന്ന അദ്വൈതികളുടെ അഭിപ്രായത്തോടും ഖുർആൻ വിയോജിക്കുന്നു.

ഖുർആനിക സൂക്തങ്ങളുടെയും റസൂൽ തിരുമേനി (സ)യുടെ വചനങ്ങളുടെയും അടിസ്ഥാനത്തിൽ ആത്മാവിനെ കുറിച്ച് ഏറ്റവും സൂക്ഷ്മവും അഗാധവുമായ രീതിയിൽ സംസാരിച്ചത് ഹദ്റത്ത് അഹ്മദ് (അ) മാത്രമാണ്. ആത്മാവിനെക്കുറിച്ചുള്ള രഹസ്യങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ആ മഹാത്മാവിന്റെ രചനകളിലേക്ക് ശ്രദ്ധപതിപ്പിക്കട്ടെ.



ഹദ്റത്ത് അഹ്മദ് (അ)

# അല്ലാഹുവിൽനിന്നുള്ള ജ്ഞാനവിനിമയം

അല്ലാഹു തന്റെ ദാസന് ആ ദാസന്റെ പ്രാർഥനക്കുള്ള ഉത്തരമായിട്ടോ അഥവാ സ്വയം ഇച്ഛരിച്ചോ മറഞ്ഞ ഒരു കാര്യത്തെ പറ്റി അറിയിച്ചു കൊടുക്കുവാൻ ഉദ്ദേശിച്ചാൽ അയാളിലൊരു തരം അബോധാവസ്ഥയും മയക്കവും ഉണ്ടാക്കുന്നു. അതോടെ പെട്ടെന്ന് ചുറ്റുപാടുമായി ബന്ധമറ്റ നിലയിൽ അയാൾ ആയി തീരുന്നു സ്വന്തം വ്യക്തിത്വം തന്നെ നഷ്ടപ്പെട്ട ഒരവസ്ഥയാണ് അയാൾക്കുണ്ടാകുക. ഒരാൾ വെള്ളത്തിൽ മുങ്ങുകയോ നീന്തുകയോ ഒരു മുങ്ങൽക്കാരൻ വെള്ളത്തിനടിയിലേക്ക് ഊളിയിട്ട് പോകുകയോ ചെയ്യുന്നത് പോലെ അയാൾ ആത്മവിസ്മൃതിയുടെ മയക്കത്തിലും അബോധാവസ്ഥയിലും മുങ്ങുമാറാകുന്നു. വളരെയധികം സാമ്യമുള്ള ഈ മയക്കത്തിന്റെ അവസ്ഥയിൽ നിന്നും ആ ദാസൻ പുറത്തുവന്നാൽ ഒരു മണിമുഴക്കം പോലെയുള്ള ആന്തരീയമായ ഒരു അനുഭവം അയാൾക്കുണ്ടാകുന്നു. ഈ മുഴക്കം നേർത്ത് നേർത്ത് വരുന്നതോടെ പെട്ടെന്ന് അയാൾക്ക് തന്നെ ഉള്ളിൽ നിന്ന് താളാത്മകവും സൂക്ഷ്മവും ആനന്ദ പ്രദവുമായ ഒരു ഭാഷണം കേൾക്കുമാറാകുന്നു. ഈ മയക്കത്തിന്റെ അഥവാ മുങ്ങലിന്റെ അദ്ഭുതത്തെ വാക്കുകളിൽ വിവരിക്കുക അസാദ്ധ്യം. ദിവ്യ ജ്ഞാനത്തിന്റെ ഒരു നദീ പ്രവാഹം അപ്പോൾ മനുഷ്യന് മുമ്പിൽ തുറന്ന് കിട്ടുന്നു. അടിക്കടി പ്രാർഥന നടത്തിക്കൊണ്ടിരിക്കു മ്പോൾ ഈ വിപ്ലവാവസ്ഥയും മയക്കവും തന്റെ ഭക്തദാസനിൽ സൃഷ്ടിച്ചുകൊണ്ട് അവന്റെ എല്ലാ ഓരോ പ്രാർഥനക്കും സൂക്ഷ്മവും സുന്ദരവുമായ ഭാഷണത്തിൽ ദൈവം മറുപടി നൽകുന്നു. ഒരോ അന്വേഷേണാവസ്ഥയിലും മനുഷ്യന്റെ കഴിവിനപ്പുറമുള്ള ഉയാഥാർഥ്യങ്ങൾ അയാൾക്കായി തുറക്കപ്പെടുന്നു അപ്പോൾ ഈ കാര്യം അയാളെ സംബന്ധി ച്ചിടത്തോളം വർധമാനമായ ദൈവിക സ്ഥാനസിദ്ധിക്ക് കാരണവും പൂർണമായ ദിവ്യജ്ഞാന ലബ്ധിക്ക് ഹേതുകവും ആയി തീരുന്നു. ഭക്തദാസൻ പ്രാർഥന നടത്തുന്നതും ദൈവം അവന്റെ ഉലൂഹിയത്തിലും തേജോവിലാസത്തിലൂടെ ഓരോ പ്രാർഥനക്കും ഉത്തരം നൽകുന്നതും ഈ ലോകത്ത് വെച്ച് തന്നെ ദാസൻ തന്റെ നാഥനെ നേരിട്ട് കാണുന്നത് പോലെയുള്ളതും ഇരുലോകവും വൈരുദ്ധ്യമില്ലാത്ത വിധം ഒരുപോലെയായി അനുഭവപ്പെടുന്നതുമായ ഒരവസ്ഥയുമാകുന്നു...

ഇൽഹാമിന്റെ മറ്റൊരു രൂപം ഇതാണ്. മനുഷ്യന്റെ ഹൃദയവുമായി യാതൊരു ബന്ധവുമില്ലാത്ത നിലയിൽ പുറത്തുനിന്നെന്നപോലെ ഒരു ശബ്ദം വരുന്നു. ആ ശബ്ദമൊരു മറയുടെ പിറകിൽനിന്ന് ആരോ സംസാരിക്കുന്നത് പോലെതോന്നും. എന്നാൽ ഈ ശബ്ദം കർണാനന്ദകരവും അതി മനോഹരവും ഒരളവോളം വേഗത കൂടിയതുമായിരിക്കും. ഹൃദയത്തിന് അതൊരു ആനന്ദ നിർവൃതി നൽകും. മനുഷ്യൻ ഏതോ ലയത്തിലായിരിക്കുമ്പോൾ പെട്ടെന്നുണ്ടായിവരുന്ന ശബ്ദം കേട്ട് അത് ഏത് ഭാഗത്ത് നിന്നാണ് വന്നതെന്നും ആരാണ് തന്നോട് സംസാരിച്ചതെന്നും മനസ്സിലാകാതെ അയാൾ അദ്ഭുതപ്പെട്ടുപോകും. വിസ്മയ പരതന്ത്രനായി അയാൾ അങ്ങോട്ടു മിങ്ങോട്ടും നോക്കുകയും ഏതോ മാലാഖയാണ് തന്നോട് സംസാരിച്ചതെന്ന് അപ്പോൾ മനസ്സിലാക്കുകയും ചെയ്യും. ഈ ബാഹ്യശബ്ദം അധികവും മനുഷ്യൻ ഏതെങ്കിലും കാര്യത്തിൽ വളരെയേറെ വിചാരമഗ്നനും ദുഃഖിതനുമായിരു ക്കുമ്പോൾ സുവിശേഷമായിട്ടാണ് കേൾക്കുമാറാകുക. (*ബറാഹീനെ അഹ്മദിയ്യാ*)




# നബി (സ) യുടെ വിളിക്ക് ഉത്തരം നല്കുക

**ദൈ**വനിയോഗിതനോടൊപ്പം ചേരുന്നവർ എല്ലാ തരത്തിലുള്ള ബലികൾക്കും തയ്യാറാകുന്നു. അവരുടെ ബലിദാനങ്ങൾ പാഴായിപ്പോകുകയില്ല.

വികാരങ്ങൾ ബലിയർപ്പിച്ചവർ, സ്വത്തും മുതലും ബലിയർപ്പിച്ചവർ. ബന്ധുമിത്രാദികളെ ബലിയർപ്പിച്ചവർ. ഈ എല്ലാ ബലികളും സന്തോഷത്തോടെ സമർപ്പിച്ചുകൊണ്ടിരിക്കുകയും ചില സ്ഥലങ്ങളിൽ ജീവൻ തന്നെ ബലിയർപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

അല്ലാഹു തആലാ വിശുദ്ധ ഖുർആനിൽ പറുന്നു: **യാഅയ്യുഹല്ലദീന ആമനുസ്തജീബൂലില്ലാഹി വലിർറസൂലി ഇദാ ദആക്കും ലിമാ യുഹ്‌യീക്കും**(8:25)

വിശ്വസിച്ചവരേ! നിങ്ങളെ ജീവിപ്പിക്കാൻവേണ്ടി അല്ലാഹുവും അവന്റെ റസൂലും വിളിക്കുമ്പോൾ നിങ്ങൾ ഉത്തരം നല്കുക. അല്ലാഹു തന്റെ റസൂൽമാരെ ജീവൻ നല്കുന്നതിനുവേണ്ടി അയക്കുന്നു. വിശുദ്ധ ഖുർആനിന്റെ ഈ വാക്കുകളിൽനിന്ന് പ്രകടമാകുന്നതുപോലെ, ഈ ജീവിതം ആത്മീയ ജീവിതമാണ്. ബാഹ്യമായ മരണത്തിൽനിന്നുള്ള ജീവിതമല്ല. ഇവിടെ ഒരു സത്യസാക്ഷ്യത്തിന്റേയും പ്രകടനമുണ്ട്. അതായത് സത്യവിശ്വാസി എപ്പോഴും നബി(സ)യുടെ വിളിക്ക് ഉത്തരം നല്കിക്കൊണ്ട് തന്റെ പരിഷ്കരണത്തിനുള്ള സാഹചര്യം ഒരുക്കിക്കൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു തആലാ നബി(സ)തിരുമേനി മുഖേന നമ്മുടെ ജീവിതത്തിനുള്ള സാഹചര്യം ഒരുക്കിത്തന്നു. സമ്പൂർണവും തികവുറ്റതുമായ ഒരു ഗ്രന്ഥം വിശുദ്ധ ഖുർആനിന്റെ രൂപത്തിൽ ഇറക്കി. നബി(സ)തിരുമേനിയെ, അതനുസരിച്ച് പ്രവർത്തിച്ചതിന്റെ സമ്പൂർണ മാതൃകയാക്കി. നബി(സ)തിരുമേനിയുടെ സാമീപ്യം എത്രത്തോളം ഒരാൾക്കുണ്ടായിരുന്നുവോ അത്രത്തോളം ആ മഹാത്മാവിന്റെ കർമപരമായ മാതൃകയുടെ സൗന്ദര്യം പ്രശോഭിച്ച് വ്യക്തമായിട്ടുണ്ടായിരുന്നു. ആ മഹാത്മാവിന്റെ ഭാര്യമാർ അദ്ദേഹത്തിന്റെ ഈ മനോഹരമായ കർമത്തിന്റെ ഏറ്റവും വലിയ സാക്ഷികളാണ്. അതുകൊണ്ടാണ് ഒരാൾ നബി(സ)തിരുമേനിയുടെ ജീവിതമെന്തായിരുന്നുവെന്ന് ഹദ്റത്ത് ആയിശ(റ)യോടു ചോദിച്ചപ്പോൾ അവർ പറഞ്ഞത്, **കാന ഖുലുഖുഹുൽ ഖുർആൻ**. ആ മഹാത്മാവിന്റെ ജീവിതം ഖുർആനായിരുന്നു. എന്തൊന്ന് ഖുർആനിലുണ്ടോ അതിന്റെ കർമപരമായ മാതൃകയായിരുന്നു നബി(സ)തിരുമേനി.

അതുകൊണ്ട് പ്രവാചകന്മാരുടെ സാന്നിദ്ധ്യം ലോകത്ത് മാതൃകയാകുന്നു. അവരുടെ സാന്നിദ്ധ്യമോ അവരുടെ മാതൃകയോ കൊണ്ട് ഒരാൾക്കും ചതിപറ്റുകയില്ല. ഇവിടെ ഈ ആയത്തിൽ അല്ലാഹു തആലാ, അല്ലാഹുവിനേയും റസൂലിനേയും കൂട്ടിച്ചേർത്തുകൊണ്ട് പറഞ്ഞു: എന്തൊന്ന് അല്ലാഹു പറയുന്നുവോ അതുതന്നെ അവന്റെ റസൂൽ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. അതിനാൽ ആത്മീയജീവിതം ആഗ്രഹിക്കുന്നെങ്കിൽ കണ്ണടച്ചുകൊണ്ട് റസൂലിന്റെ പിന്നാലെ നടക്കാൻ തുടങ്ങുക. അദ്ദേഹത്തെ പിന്തുടരുക. അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുക. നബി(സ)തിരുമേനിയെക്കുറിച്ച് ഇങ്ങനേയും പറഞ്ഞു: നിങ്ങൾ അല്ലാഹുവിന്റെ സ്നേഹം ആഗ്രഹിക്കുന്നെങ്കിൽ നബി(സ)തിരുമേനിയെ പിൻപറ്റേണ്ടത് നിർബന്ധമാണ്. ദൈവത്തിനോടുള്ള സ്നേഹം

തന്നെയാണ് ആത്മീയജീവിതം പ്രാപിക്കാനുള്ള സ്ഥാനം. അതുകൊണ്ട് യഥാർഥ ആത്മീയ ജീവിതത്തിനായി നബി(സ)തിരുമേനിയുടെ വിളിക്ക് ഉത്തരം നല്കേണ്ടത് നിർബന്ധമാണ്. മുസ്‌ലിം എന്ന് പറയുന്ന ഒരുവൻ യഥാർഥ രീതിയിൽ അല്ലാഹു തആലാ നബി(സ)തിരുമേനിയെക്കൊണ്ട് വിളംബരം ചെയ്യിച്ച -**ഫത്തബിഊനീ യുഹ്ബിബ്കുമുല്ലാഹ്** എന്നെ പിൻപറ്റിയാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കും എന്ന കാര്യത്തെ അംഗീകരിക്കാത്തിടത്തോളം യഥാർഥ പിൻഗാമിയും സത്യവിശ്വാസിയുമെന്ന് പറയപ്പെടുകയില്ല. ആ മഹാത്മാവിനെ പിൻപറ്റാൻ ആ മഹാത്മാവിന്റെ മാതൃകയെന്നോണം എഴുതപ്പെട്ടിട്ടുള്ള വിശദീകരണം ഹദ്റത്ത് ആയിശ(റ) പറഞ്ഞതുപോലെ വിശുദ്ധ ഖുർആന്റെ രൂപത്തിൽ നമ്മുടെ മുമ്പിലുണ്ട്. ആ ഖുർആൻ തന്നെയാണ് പറയുന്നത് ഒരു ജനതയുടെ ശത്രുതയും നിങ്ങളെ അനീതികാണിക്കാൻ നിർബന്ധിക്കരുതെന്ന്. വിശുദ്ധ ഖുർആൻതന്നെയാണ് പറയുന്നത് അകാരണമായി രക്തമൊഴുക്കരുതെന്ന്. വിശുദ്ധഖുർആൻ തന്നെയാണ് പറയുന്നത് സൃഷ്ടികളോടുള്ള കടമ നിറവേറ്റുക എന്ന്. വിശുദ്ധ ഖുർആൻ തന്നെയാണ് പറയുന്നത് നബി(സ)തിരുമേനി ലോകത്തിന് കാരുണ്യമാണെന്ന്. മതപരവും ജാതീയവുമായ വ്യത്യാസമൊന്നും കൂടാതെ എല്ലാ ഓരോ മനുഷ്യർക്കും കാരുണ്യമാണ്. അദ്ദേഹം വ്യത്യാസമൊന്നും കല്പിക്കാത്ത ആളായിരിക്കണമെന്ന് അല്ലാഹുവിന്റെ റഹ്മാനിയ്യത്ത് എന്ന ഗുണം ആവശ്യപ്പെടുന്നു. ചുരുക്കംപറഞ്ഞാൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്ത് പോകുന്തോറും അതിൽനിന്ന് എല്ലാ തരത്തിലുള്ള മാർഗ ദർശനങ്ങളും സന്മാർഗവും ലഭിച്ചുകൊണ്ടിരിക്കുന്നു. ഇക്കാലത്തെ മുസ്‌ലീംകളുടെ തെറ്റായ പ്രവർത്തനങ്ങൾ കണ്ടിട്ട് അമുസ്‌ലീംകളും ആക്ഷേപകരും നബി(സ)തിരുമേനിക്കും ഇസ്‌ലാമിനുമെതിരിൽ ഉന്നയിക്കുന്ന എല്ലാ ആക്ഷേപങ്ങളേയും വിശുദ്ധ ഖുർആൻ ഖണ്ഡിക്കുന്നു. എന്നോടാരെങ്കിലും ചോദിച്ചാൽ- പലപ്രാവശ്യവും ആളുകൾ ചോദിക്കാറുമുണ്ട്, അഹ്മദികളോടും ചോദിക്കാറുണ്ട്, അപ്പോൾ നിങ്ങളുടെ ഈ ആക്ഷേപത്തിനുള്ള മറുപടി അല്ലാഹുവും അവന്റെ റസൂലും തുടക്കത്തിൽതന്നെ, 1400 വർഷം മുമ്പേ നല്കിക്കഴിഞ്ഞിട്ടുള്ളതാണെന്ന് ഞാൻ പറയാറുണ്ട്. വിശുദ്ധ ഖുർആനിലെ ജുമുഅ അധ്യായത്തിലെ ഈ വചനത്തിൽ. **ഹുവല്ലദീ ബഅഥ ഫിൽഉമ്മിയ്യീന റസൂലൻമ്മിൻഹും യത്‌ലൂ അലയ്ഹിം ആയാത്തിഹീ വ യുസക്കീഹിം വ യുഅല്ലിമുഹുമുൽകിതാബ വൽഹിക്മത്ത വഇൻകാനൂ മിൻഖബ്‌ലു ലഫീ ളലാലിൻമ്മുബീൻ -വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം വഹുവൽ അസീസുൽ ഹക്കീം.**

അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ അവരിൽനിന്ന് തന്നെയുള്ള ഒരു മഹാനായ ദൂതനെ അയച്ചവൻ. അദ്ദേഹം അവന്റെ വചനങ്ങൾ അവർക്ക് ഓതിക്കേൾപിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു; ഇതിനു മുമ്പേ അവർ സ്പഷ്ടമായ വഴികേടിലായിരുന്നുവെങ്കിലും; അവരോടൊപ്പം ഇതുവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു ജനതയിലും. അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു.

അതുകൊണ്ട് നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ വെളിപ്പെട്ടിരുന്ന അതേ അജ്ഞതയും വഴികേടും ഇക്കാലത്ത് മുസ്‌ലീംകളുടെ കർമങ്ങളിൽനിന്ന് വെളിപ്പെടുന്നുവെങ്കിൽ -അത് അകറ്റുന്നതിനും യഥാർഥ ജീവൻ പ്രദാനം ചെയ്യുന്ന സന്ദേശം നല്കുന്നതിനുമായിട്ടായിരുന്നു അല്ലാഹു നബി(സ)തിരുമേനിയെ അയച്ചത്- നബി(സ)തിരുമേനി കൊണ്ടു വന്നിരുന്ന ആ ജീവൻ പ്രദാനം ചെയ്യുന്ന സന്ദേശം പ്രചരിപ്പിക്കുന്നതിനുവേണ്ടി ഇപ്പോൾ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദി(അ)നെ അയച്ചിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തിട്ട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ആ സന്ദേശം എത്തിച്ചുകൊണ്ടിരിക്കുകയാണ്. എത്തിച്ചുകൊണ്ടിരിക്കുക എന്നത് അവരുടെ ചുമതലയാണ്. താൻ ജീവിതം പ്രദാനം ചെയ്യാനാണ് വന്നിട്ടുള്ളതെന്ന് ആ മഹാത്മാവ് വാദിക്കുകയും അദ്ദേഹത്തെ വിശ്വസിച്ചവർ ജീവിതം പ്രാപിച്ചതും നമ്മൾ കാണുന്നു. അപ്പോൾ ഇദ്ദേഹം ജീവിതം നല്കുന്ന റസൂലാണോ എന്ന ആക്ഷേപം അവസാനിച്ചുപോകുന്നു. കാരണം നബി(സ)തിരുമേനിയും അല്ലാഹുവും ആദ്യമെതന്നെ ഇത്തരം അവസ്ഥകൾ ഉണ്ടാകുമെന്ന് പറഞ്ഞിരുന്നതാണ്. ഈ സന്ദേശം ജീവിതം പ്രദാനം ചെയ്യുന്നതാണ്. ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും. ഈ റസൂൽ ജീവിതം പ്രദാനം ചെയ്യുന്നയാളാണ്. അത് ഖിയാമത്തുനാൾവരെ നിലനില്ക്കുന്നതാണ്. പക്ഷേ അതനുസരിച്ച് പ്രവർത്തിക്കുന്നവരും അതിനെ പിന്തുടർന്നവരും ഉണ്ടാകുകയില്ല. അത്തരം അവസ്ഥകളിൽ അല്ലാഹു ആ ധന്യാത്മാവിന്റെ പൂർണ അനുസരണത്തിലും അനുധാവനത്തിലും മസീഹ് മൗഊദിനെ അഥവാ വാഗ്ദത്ത മസീഹിനെ അയക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിടത്ത് പറയുന്നു: "**വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം** ഈ ആയത്തിന്റെ അർഥം പൂർണമായ വഴികേടിനുശേഷം സന്മാർഗവും യുക്തിജ്ഞാനവും പ്രാപിക്കുന്നവരും നബി(സ)തിരുമേനിയുടെ മുഅ്ജിസത്തുകളും അനുഗ്രഹങ്ങളും കാണുന്നവരും രണ്ടു സംഘക്കാർ മാത്രമാണ് എന്നാകുന്നു. ഒന്നാമത്തേത് നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ. അവർ നബി(സ)തിരുമേനി വെളിപ്പെടുന്നതിനുമുമ്പേ കൂരിരുട്ടിൽ അകപ്പെട്ടിരുന്നു. പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ നബി(സ)തിരുമേനിയുടെ കാലഘട്ടം പ്രാപിച്ചു. മുഅ്ജിസത്തുകൾ തങ്ങളുടെ കണ്ണുകൾ കൊണ്ട് കണ്ടു. പ്രവചനങ്ങൾ

ദർശിച്ചു. ദൃഢവിശ്വാസം അവരിൽ ഒരു വമ്പിച്ച പരിവർത്തനമുണ്ടാക്കി. അങ്ങനെ അവർ ഒരൊറ്റ റൂഹായി ത്തീർന്നു. രണ്ടാമത്തെ സംഘം മുക ളിൽ പറഞ്ഞ ആയത്തിൽ പ്രതിപാ ദിക്കപ്പെട്ടതുപോലെ സ്വഹാബാ ക്കളെ പോലുളളവരാണ്. മസീഹ് മൗഊദിന്റെ സംഘമാണ്. എന്തുകൊ ണ്ടെന്നാൽ ഈ സംഘവും സ്വഹാ ബക്കളെപോലെ നബി(സ)തിരുമേനി യുടെ മുഅ്ജിസത്തുകൾ കാണുന്ന വരാണ്. അന്ധകാരത്തിനും വഴികേ ടിനും ശേഷം ഹിദായത്ത് പ്രാപിക്കു ന്നവരാണ്. ഏതുപോലെ സ്വഹാബാ ക്കൾ(റ) നബി(സ)തിരുമേനിയുടെ മുഅ്ജിസത്തുകൾ കാണുകയും പ്രവചനങ്ങൾ ദർശിക്കുകയും ചെയ്തുവോ അതുപോലെ ഇവരും ദർശിക്കുമെന്നാണ്. ഇടയ്ക്കുളള കാലഘട്ടത്തിന് ഈ അനുഗ്രഹ ത്തിൽനിന്ന് പൂർണമായ നിലയിൽ ഓഹരി ഉണ്ടാകുകയില്ല. ഇപ്പോൾ അങ്ങനെതന്നെയാണ് ഉണ്ടായിരിക്കു ന്നത്. 1300 വർഷത്തിനുശേഷം നബി(സ)തിരുമേനിയുടെ മുഅ്ജിസ ത്തുകളുടെ കവാടം തുറക്കപ്പെ ടുകയും ജനങ്ങൾ തങ്ങളുടെ കണ്ണു കൾകൊണ്ട് ദർശിക്കുകയും ചെയ്തു.

വീണ്ടും ഹദ്റത്ത് മസീഹ് മൗഊ ദ്(അ)പറയുന്നു: പ്ലേഗ് രോഗം വ്യാപി ച്ചതും ഹജ്ജ് തടയപ്പെട്ടതും എല്ലാ വരും നേരിട്ട് ദർശിച്ചതാണ്. രാജ്യത്ത് റയിൽ തയ്യാറായതും ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെട്ടതുമെല്ലാം നബി(സ) തിരുമേനിയുടെ മുഅ്ജിസത്തു കളായിരുന്നു. ഇത് നബി(സ)തിരുമേ നിയുടെ കാലഘട്ടത്തിൽ സ്വഹാബാ ക്കൾ മുഅ്ജിസത്തുകൾ കണ്ടതു പോലെ ഇക്കാലത്തും കാണപ്പെട്ടു. ഇക്കാരണത്താൽ പ്രതാപവാനായ അല്ലാഹു ഈ അവസാന സംഘ ത്തിന് **മിൻഹും** എന്ന പദംകൊണ്ട് വിളിച്ചു; മുഅ്ജിസത്തുകൾ കാണു ന്നതിൽ ഇവരും സ്വഹാബാക്കളുടെ വർണത്തിലാണുളളതെന്ന് സൂചിപ്പി ക്കാൻവേണ്ടി. മിൻഹാജുന്നുബുവ്വ ത്തിന്റെ അത്തരം കാലഘട്ടം ഇപ്പോൾ മറ്റാരാണ് പ്രാപിച്ചിട്ടുളള തെന്ന് ചിന്തിച്ചു നോക്കുക. നമ്മുടെ ജമാഅത്ത് സൃഷ്ടിക്കപ്പെട്ട ഇക്കാല ഘട്ടത്തിൽ പല കാരണങ്ങളാലും ഈ ജമാഅത്തിന് സ്വഹാബാക്കളോ ട്(റ)സാദൃശ്യമുണ്ട്. സ്വഹാബാക്കൾ കണ്ടതുപോലെ ഇവർ മുഅ്ജിസത്തു കളും ദൃഷ്ടാന്തങ്ങളും കാണുന്നു. സ്വഹാബാക്കൾ പ്രാപിച്ചതുപോലെ ഇവരും അല്ലാഹുവിന്റെ അടയാള ങ്ങളും നവംനവങ്ങളായ സഹായങ്ങ ളുംകൊണ്ട് പ്രകാശവും ദൃഢജ്ഞാ നവും പ്രാപിക്കുന്നു. സ്വഹാബാ ക്കൾ സഹിച്ചിരുന്നതുപോലെ ഇവരും പല രീതിയിലുളള അവഹേ ളനവും പരിഹാസവും കുത്തുവാ ക്കുകളും പല വിധത്തിലുളള കരള ലിയിക്കുന്ന കാര്യങ്ങളും ചീത്തവി ളികളും നിർദയമായ പെരുമാറ്റവും ദൈവവഴിയിൽ വഹിച്ചുകൊണ്ടിരി ക്കുന്നു. സ്വഹാബാക്കൾ കരസ്ഥമാ ക്കിയിരുന്നതുപോലെ ഇവരും അല്ലാ ഹുവിന്റെ വ്യക്തമായ അടയാള ങ്ങളും ദൈവികമായ സഹായങ്ങളും യുക്തിപരമായ അറിവുകളുംകൊണ്ട് പരിശുദ്ധമായ ജീവിതം കരസ്ഥ മാക്കിക്കൊണ്ട് പോകുന്നു. സ്വഹാബാക്കൾ (റ)കരഞ്ഞിരുന്നതു പോലെ നമസ്കാരങ്ങളിൽ വിലപി ക്കുന്നവരും സുജൂദിന്റെ സ്ഥലം കണ്ണീർകൊണ്ട് നനക്കുന്നവരുമായ ഒരുപാടാളുകൾ ഇവരിലുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ, താൻ ലോകത്തിന് ജീവൻ പ്രദാനം ചെയ്യാൻ വന്നിരിക്കുന്നു എന്ന വാദം വളരെ പ്രൗഢിയോടെ പുലരുകയുണ്ടായി. പുലർന്നുകൊ ണ്ടിരിക്കുകയും ചെയ്യുന്നു. നബി (സ)തിരുമേനിയുടെ അനുധാവന ത്തിൽ, അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ)മുഖേനയും ലോക ത്തിന് ജീവൻ പ്രദാനം ചെയ്തുകൊ ണ്ടിരിക്കുന്നു. ഇപ്പോൾ അല്ലാഹു വിന്റെ ഗ്രന്ഥത്തെ മനസ്സിലാക്കുക എന്നത് ആ മഹാത്മാവ് മുഖേനയെ സാധ്യമാകൂ. അതുകൂടാതെ അസം ഭാവ്യമാണ്. വിശുദ്ധഖുർആനിന്റെ ജ്ഞാനങ്ങളും യാഥാർഥ്യങ്ങളും പറ യുക എന്നത് ആ മഹാത്മാ വിന്റെതന്നെ ജോലിയാണ്. ജന ങ്ങൾക്ക് ആത്മീയജീവിതം ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നത് ആ മഹാ ത്മാവ് മുഖേനതന്നെയാണ്; കിട്ടാൻ സാധ്യതയുളളതും. 1400 വർഷ ങ്ങൾക്കുശേഷം നബി(സ)തിരുമേ നിയെ പൂർണമായും പിൻപറ്റുകയും ആ മഹാത്മാവിനോടുളള സ്നേഹ ത്തിൽ അലിഞ്ഞു ചേർന്നുകൊണ്ട് കർമപരമായ സമ്പൂർണ മാതൃക ആ മഹാത്മാവാണ് സമർപിച്ചത്. അതു കൊണ്ട് ഈ കർമപരവും ധാർമിക വുമായ ജീവിതം പ്രദാനം ചെയ്യുന്ന അനുഗ്രഹം ഇന്നും നടന്നു വരുന്നു. അതിനാൽ ഇസ്‌ലാമിന്റെ അധ്യാപന ത്തിലും നബി(സ)തിരുമേനിയുടെ മാതൃകയിലും ഒരു കുറവും വന്നിട്ടി ല്ല. പ്രത്യുത ഒരു സമ്പൂർണവും തിക വുറ്റതുമായ മാതൃകയും പാഠവുമു ണ്ട്.

ദോഷമുണ്ടെങ്കിൽ തെറ്റായപാത യിലൂടെ നയിക്കുന്ന ഉലമാക്കളിലും ആളുകളിലുമാണ്. തെറ്റായ രീതി യിൽ ആ ഉലമാക്കളുടെ പിന്നാലെ നടക്കുന്നവരിലാണ്. പ്രവാചകന്മാർ ജീവൻ പ്രദാനം ചെയ്യുന്നു എന്ന കാര്യമില്ലായിരുന്നെങ്കിൽ-അത് എല്ലാ പ്രവാചകന്മാരുടേയും വാദ മാണ്-അല്ലാഹുവിന്റെ സത്തയിലു ളള വിശ്വാസവും നിലനില്ക്കുകയി ല്ല. വാദം മാത്രം ഉന്നയിക്കുന്ന മത ങ്ങൾ മരിച്ചവയാണ്. ജീവൻ പ്രദാനം ചെയ്യുന്ന ഒരു കാര്യവും അവരിൽ അവശേഷിച്ചിട്ടില്ല. അതുകൊണ്ടാണ് ആ മതങ്ങളെ ജനങ്ങൾ ഉപേക്ഷിച്ചു കൊണ്ടിരിക്കുന്നത്. ആ മതങ്ങൾക്ക് ആചാരപരമായ ബന്ധമുണ്ടെന്നത് ശരി. പക്ഷേ, അനുഭവജ്ഞാനംകൊ ണ്ടുളള ദൃഢവിശ്വാസത്തിന്റെ അവ സ്ഥയില്ല. അല്ലാഹു ഇക്കാലത്തും തന്റെ ദൂതനെ അയച്ചുകൊണ്ട് നമ്മൾ ആത്മീയജീവിതം കരസ്ഥമാ ക്കിക്കൊണ്ടു പോകുന്നതിനായി തന്റെ അധ്യാപനത്തെ പുതുക്കി നമ്മുടെ മുമ്പിൽ സമർപിച്ചുവെന്നത് മുസ്‌ലീംകളുടെമേലുളള അല്ലാഹു വിന്റെ വലിയ ഉപകാരമാണ്. ഒരു കാര്യം ഇവിടെ ഇങ്ങനേയും ഓർമ വയ്ക്കേണ്ടതാണ്. അതായത് അല്ലാഹു നിയോഗിച്ച വ്യക്തിയെ വിശ്വസിക്കുന്നവർക്കും ജീവിതം കര സ്ഥമാക്കുന്നവർക്കും ജീവിതം നല്കുന്നവർക്കും ആത്മസമർപണം

ചെയ്യേണ്ടതായി വരുന്നു. ദൈവനിയോഗിതനോടൊപ്പം ചേരുന്നവർ എല്ലാ തരത്തിലുള്ള ബലികൾക്കും തയ്യാറാകുന്നു. അവരുടെ ബലിദാനങ്ങൾ പാഴായിപ്പോകുകയില്ല. ത്യാഗങ്ങളുടെ പ്രാധാന്യം അവർ അറിയുന്നവരാണ്. അതുകൊണ്ട് ചില ഘട്ടങ്ങളിൽ അവർ അവരുടെ ഈ ഭൗതികജീവിതത്തെ ആത്മീയ ജീവിതത്തിനുവേണ്ടി ബലിയർപിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും അങ്ങനെ ഉണ്ടായിരുന്നു. അവർ തങ്ങളുടെ കുടുംബങ്ങളേയും ബന്ധുക്കളേയും മുതലുകളേയും തൊഴിലുകളേയും എത്രത്തോളമെന്നാൽ ജീവൻതന്നെയും ബലിയർപിച്ചു. വിശ്വാസികൾക്ക് വികാരങ്ങളേയും ബന്ധുക്കളേയും മുതലുകളേയും അധികവും ബലിയർപിക്കേണ്ടതായി വരുന്നു. ജീവൻ ബലിദാനം ചെയ്യുന്നവരുമുണ്ട്. ഇവയെല്ലാം ബലിയർപിച്ചവരായിരുന്നു അവർ. പക്ഷേ, അവർ തങ്ങളുടെ ആത്മീയജീവിതത്തിനുമേൽ മരണം വരാൻ അനുവദിച്ചില്ല. ഇന്നും ബലികൾ സമർപിച്ചുകൊണ്ടിരിക്കുന്ന നൂറുക്കണക്കിന് ആയിരക്കണക്കിനാളുകളുണ്ട്; വികാരങ്ങൾ ബലിയർപിച്ചവർ, സ്വത്തും മുതലും ബലിയർപിച്ചവർ. ബന്ധുമിത്രാദികളെ ബലിയർപിച്ചവർ. ഈ എല്ലാ ബലികളും സന്തോഷത്തോടെ സമർപിച്ചുകൊണ്ടിരിക്കുകയും ചില സ്ഥലങ്ങളിൽ ജീവൻതന്നെ ബലിയർപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ചിലയാളുകളുണ്ട്. അവർ അഹ്മദിയ്യത്ത് സ്വീകരിക്കുന്നു. ഇസ്‌ലാമിന്റെ ജീവൻ പ്രദാനം ചെയ്യുന്ന സന്ദേശത്തെ സ്വീകരിക്കുന്നു. അതോടെ അവർക്ക് പ്രയാസങ്ങളുടേയും വിഷമങ്ങളുടേയും കാലഘട്ടവും ആരംഭിക്കുകയായി. പക്ഷേ, അവർ അതൊന്നും വകവെക്കാറില്ല. എന്നല്ല ആത്മീയ ജീവിതത്തിന് ഭൗതിക ജീവിതത്തിനുമേൽ മുൻഗണന നല്കുന്നു.

ഹിസാമുദ്ദീൻ സാഹിബ് എന്ന ഒരു അറബി ഉണ്ടായിരുന്നു. അദ്ദേഹം ഒരിക്കൽ ഒരു സന്ദേശം അയച്ചു. അതായത് കുറച്ചുകാലം മുമ്പേ ഞാൻ ബയ്അത്ത് ചെയ്തതാണ്. ഇപ്പോൾ വലിയ പ്രയാസങ്ങൾ നേരിടേണ്ടതായി വരുന്നു. മൗലവിമാരുടെ വാക്കുകേട്ട് എന്റെ ഭാര്യ 'അൽ അസ്ഹറിൽ'നിന്ന് എനിക്കെതിരെ കുഫ്ർ ഫത്‌വയും വാങ്ങി. അങ്ങനെ അവർ വേർപെട്ടുപോയി. തുടർന്ന് പറയുന്നു, ജമാഅത്ത് ഉപേക്ഷിക്കാൻ വീട്ടുകാർ വലിയ സമ്മർദം ചെലുത്തി. പക്ഷേ, ഞാൻ ആരേയും വകവെച്ചില്ല. ആ ഭാര്യയിൽ എനിക്കു നാലു മക്കളുണ്ട്. പക്ഷേ, ഇതെല്ലാം ഉപേക്ഷിക്കേണ്ടിവന്നിട്ടും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈമാനിൽ നിലകൊള്ളുന്നു. ബയ്അത്ത് ചെയ്തതിനുശേഷം എനിക്ക് അപരിചിതത്വം എന്താണെന്ന് മനസ്സിലായി. ഇസ്‌ലാം അപരിചിതത്വത്തിൽ ആരംഭിച്ചുവെന്നും അപരിചിതത്വത്തിലായിരിക്കും അതിന്റെ അവസാനമെന്നും അതുകൊണ്ട് അപരിചിതത്വത്തിൽ കഴിയുന്നവർക്ക് ആശംസകൾ നേരുന്നുവെന്നും നബി(സ)തിരുമേനി പറഞ്ഞിട്ടുള്ളതും എനിക്കു മനസ്സിലായി.

ഇപ്രകാരം തൻസാനിയായിലെ നമ്മുടെ അമീർ സാഹിബ് എഴുതുന്നു: അവിടെ ഒരു തബ്‌ലീഗ് പ്രോഗ്രാമിന് അവസരം കിട്ടി. പല സ്ഥലങ്ങളിൽനിന്നും പുതിയ ബയ്അത്തുകൾ വന്നു. അവയിൽ ഒരു ഗ്രാമമാണ് 'സോങ്കാമിലെ'. അവിടെ അനഹ്മദികളുടെ പള്ളിയുമുണ്ട്. ആ പള്ളിയിൽ നമസ്കരിക്കുന്നവരിൽ ഏകദേശം 90% മുസ്‌ലീംകൾ അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നു. തൻസാനിയായിലെ അനഹ്മദികളുടെ സംഘടനയാണ് 'ബക്‌വാട്ടാ.' അവർ കഠിനമായ എതിർപ്പു തുടങ്ങി. ആദ്യം അവർ അഹ്മദികളെ ഭയപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും അഹ്മദികൾ തങ്ങളുടെ പള്ളികൾക്ക് തീവെക്കാൻ വന്നുവെന്നും അതുകൊണ്ട് തങ്ങൾ വേറെ പള്ളി നിർമിക്കുകയാണെന്നും വിഭാഗീയത ഉണ്ടാക്കുന്നുവെന്നും തങ്ങളുടെ ശാന്തിയും സമാധാനവും കെടുത്തുന്നുവെന്നും തുടങ്ങി വിവിധരീതിയിലുള്ള ആക്ഷേപങ്ങൾ ഉന്നയിക്കുകയും ചെയ്തു. അവർ സ്വയം ചെയ്യുന്ന കാര്യങ്ങൾ അഹ്മദികളുടെമേൽ ആരോപിച്ചു. പക്ഷേ, അല്ലാഹു അനുഗ്രഹിച്ചു. ഈ എല്ലാ ആളുകളും തങ്ങളുടെ ഈമാനിൽ ഉറച്ചു നിന്നു. അതൊന്നും അവർ വകവെച്ചില്ല. ഇവർക്ക് ഏറെ പ്രയാസങ്ങളിലൂടെ കടക്കേണ്ടി വന്നു.

ഇനി മൂന്നാമതൊരു ഉദാഹരണം നല്കുകയാണ്. ആദ്യത്തേത് ഈസ്റ്റ് ആഫ്രിക്കയായിരുന്നു. ഇത് വെസ്റ്റ് ആഫ്രിക്കയാണ്. ബുർക്കിനാ ഫാസോ(Burkina Faso) ഫ്രെഞ്ച് പ്രദേശമാണ്. ഇവിടെ 'ഗുൻസാർഗൊ' എന്നൊരു സ്ഥലമുണ്ട്. ഇത് കഴിഞ്ഞ വർഷം നടന്ന സംഭവമാണ്. അവിടെ 500 ബയ്അത്തുകൾ നടന്നിരുന്നു. ഗ്രാമത്തിലെ ചീഫും ഇമാമും ഈ ബയ്അത്തിൽ പങ്കെടുത്ത് അഹ്മദികളായി. അവസാനം മറ്റു ഗ്രാമങ്ങളിലുള്ള അവരുടെ അടുത്ത ബന്ധുക്കൾ എതിർപ്പ് തുടങ്ങി. പന്തിവിരോധമുണ്ടായി. സലാം ചൊല്ലുക, കൊടുക്കൽ വാങ്ങൽ നടത്തുക തുടങ്ങിയവയെല്ലാം നിലച്ചു. ഈ പ്രദേശത്ത് നമസ്കരിക്കാൻ ഒരു ചെറിയ സ്ഥലമുണ്ടായിരുന്നു. അവിടെ നമസ്കരിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തി. എതിർപ്പ് കൂടിക്കൊണ്ടേയിരുന്നു. പക്ഷേ, ഇങ്ങനെയൊക്കെയായിട്ടും അല്ലാഹുവിന്റെ അനുഗ്രഹത്താൽ -ഇവർ ദൂരസ്ഥലത്ത് വസിക്കുന്നവരാണ്, ബാഹ്യത്തിൽ നോക്കുമ്പോൾ നിരക്ഷരരെന്നാണ് പറയുന്നത്- അവർ ഒരു എതിർപ്പും വകവെച്ചില്ല. തങ്ങളുടെ ഈമാനിനെ സുരക്ഷിതമാക്കിവച്ചു. അതിൽ നിലകൊണ്ടു. അല്ലാഹു ഇപ്പോൾ അവസ്ഥകൾ നന്നാക്കി തീർത്തിട്ടുണ്ട്. അല്ലാഹുവിന്റെ സഹായങ്ങൾ തന്നെയാണ് ആത്മസമർപണം ചെയ്യാൻ തയ്യാറാക്കുന്നത്. സ്ഥൈര്യം(ഇസ്തിഖാമത്) പ്രദാനം ചെയ്യുന്നത്. അതുകൊണ്ട് അനശ്വരമായ ആത്മീയ ജീവിതത്തിനായി ത്യാഗങ്ങളും ഒപ്പത്തിനൊപ്പം നടന്നു വരുന്നു. പക്ഷേ, അല്ലാഹു ചില സന്ദർഭങ്ങളിൽ എല്ലാ ത്യാഗങ്ങൾക്കും തയ്യാറാകുന്നവർക്ക് ത്യാഗമൊന്നും കൂടാതെയും എത്രത്തോളം നല്കുന്നുവെന്നാൽ,

മനുഷ്യൻ അദ്ഭുതപ്പെട്ടുപോകുന്നു. മനുഷ്യന്റെ ത്യാഗത്തെ കുറിച്ചും അതിനു കിട്ടുന്ന സമ്മാനത്തെ കുറിച്ചുമുള്ള ഒരു ഭൗതികമായ ഉദാഹരണം നല്കാം. ഒരുപാടാളുകൾ ഇത് കേട്ടിട്ടുണ്ടാകും. ഇറാനിലെ ഒരു രാജാവ് ഉണ്ടായിരുന്നു. തന്റെ മന്ത്രിയോടൊപ്പം ചെടികൾ നട്ടുകൊണ്ടിരുന്ന ഒരു കർഷകന്റെ അടുത്തൂടെ പോകുകയായിരുന്നു. അയാളുടെ പ്രായം നോക്കുമ്പോൾ ആ ചെടിവളർന്ന് അതിൽനിന്ന് ഫലം ആസ്വദിക്കാൻ അദ്ദേഹത്തിന് ഒരിക്കലും അവസരമുണ്ടാകാനിടയില്ല. രാജാവ് അയാളോടു ചോദിച്ചു: ഈ മരം നടുന്നതുകൊണ്ട് നിനക്ക് എന്ത് ഫലം കിട്ടാനാണ്? അയാൾ പറഞ്ഞു: 'മുൻഗാമികൾ നട്ടതും ത്യാഗങ്ങൾ ചെയ്തതുമാണല്ലോ നമ്മൾ തിന്നുകൊണ്ടിരിക്കുന്നത്. നമ്മൾ നടുന്നത് നമ്മുടെ വരും തലമുറ തിന്നും.' രാജാവിന്റെ ഒരു സമ്പ്രദായമുണ്ടായിരുന്നു. എന്തെങ്കിലും കാര്യം നല്ലതായി കണ്ടാൽ സന്തോഷംകൊണ്ട് 'വാഹ്' എന്നു പറയും. ആ നല്ല കാര്യം ചെയ്യുകയോ പറയുകയോ ചെയ്ത ആൾക്ക് സമ്മാനംകൊടുക്കാൻ മന്ത്രിക്കുള്ള സൂചനയാണത്. കർഷകന്റെ ഈ മറുപടികേട്ട് രാജാവ് സന്തോഷിച്ചു. രാജാവ് 'വാഹ്' എന്നു പറഞ്ഞു. മന്ത്രി അയാൾക്ക് ഒരു പണക്കിഴി നല്കി. ആ പണക്കിഴി വാങ്ങിക്കൊണ്ട് കർഷകൻ പറഞ്ഞു: 'നട്ട ഉടനെ തന്നെ ഈ മരം ഫലം തന്നിരിക്കുന്നു. ഇനി പറഞ്ഞിട്ടെന്തുകാര്യം, അത് വിളവ് തരാൻ തുടങ്ങിക്കഴിഞ്ഞു.' ഇതുകേട്ടപ്പൾ രാജാവിന് സന്തോഷമായി. അദ്ദേഹം പറഞ്ഞു, 'വാഹ്'. മന്ത്രി വീണ്ടും ഒരു പണക്കിഴി നല്കി. അപ്പോൾ അയാൾ പറഞ്ഞു, 'മരം വളരാൻ വർഷങ്ങൾ എടുക്കാറുണ്ട്. ഒരിക്കൽ മാത്രമേ ഫലം നല്കാറുമുള്ളു. എന്റെ മരം നട്ടുടനെ രണ്ടു വിള നല്കിയിരിക്കുന്നു. അതുകേട്ട് രാജാവ് പിന്നേയും 'വാഹ്'എന്നു പറഞ്ഞു. എന്നിട്ട് പറഞ്ഞു, 'ഇവിടെന്ന് പെട്ടെന്ന് സ്ഥലം വിടുക. ഇല്ലെങ്കിൽ ഈ വൃദ്ധൻ നമ്മെ കൊള്ളയടിച്ചു കളയും.' ഇതാണ് ഭൗതിക രാജാക്കന്മാരുടെ അവസ്ഥ. അവർ സമ്മാനങ്ങൾ കൊടുക്കുമ്പോൾ ഖജനാവ് തീർന്നുപോകുമോ എന്ന് ഭയക്കുകയും ചെയ്യുന്നു. എന്നാൽ, നമ്മുടെ അല്ലാഹു സമ്മാനം കൊടുക്കുകയും കൊടുത്തുകൊണ്ടേയിരിക്കുകയും ചെയ്യുന്നവനാണ്. അതൊരിക്കലും അവസാനിക്കുകയില്ല. ആത്മീയ ജീവിതം നല്കിയതിനു ശേഷം അനശ്വരമായ ജീവിതവും നല്കുന്നു. അതിലും ഈ പരലോക ജീവിതത്തിലും സമ്മാനം നല്കിക്കൊണ്ടേപോകുന്നു. അത് വർധിപ്പിച്ചുകൊണ്ടേ പോകുന്നു. ക്രിസ്ത്യാനികൾ മലകളിലെ ഗുഹകളിൽ ഒളിച്ചിരുന്ന് തങ്ങളുടെ ഈമാൻ കാത്തുസൂക്ഷിച്ചു. തങ്ങളുടെ ആത്മീയ ജീവിതത്തെ രക്ഷിക്കുന്നതിനു വേണ്ടി വൻപാറകൾക്ക് പിന്നിലേക്ക് മാറിപ്പോയി. കാരണം അവർക്കറിയാമായിരുന്നു ഒരുനാൾ അവർ സ്വതന്ത്രരാകുമെന്ന്. അതേ പ്രകാരം ഇന്ന് മുഹമ്മദീ മസീഹിന്റെ ദാസർക്ക് നമ്മുടെ വിജയം ഇൻശാഅല്ലാഹ് ഉണ്ടാകുകതന്നെ ചെയ്യുമെന്ന് അവരെക്കാൾ കൂടുതൽ ദൃഢവിശ്വാസമുണ്ട്. അതിനാൽ എവിടെയൊക്കെ പ്രയാസങ്ങൾ ഉണ്ടോ അവിടെയെല്ലാം നമ്മുടെ ഈമാനെ കാത്തുസൂക്ഷിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മെ കുടിപ്പിച്ച ജീവിതത്തിന്റെ ജലത്തിൽനിന്ന് അനുഗ്രഹം പറ്റിക്കൊണ്ടു പോകേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തനിക്കുണ്ടാകുന്ന വിജയങ്ങളെ സംബന്ധിച്ച് പല സ്ഥലങ്ങളിലും പറഞ്ഞിട്ടുണ്ട്. ഒരിടത്ത് ആ മഹാത്മാവ് പറയുന്നു: ''അല്ലയോ ജനങ്ങളേ കേട്ടുകൊള്ളുവിൻ! ആകാശവും ഭൂമിയും സൃഷ്ടിച്ച അല്ലാഹുവിന്റെ പ്രവചനമാണിത്. അവൻ തന്റെ ഈ ജമാഅത്തിനെ എല്ലാ രാജ്യങ്ങളിലും വ്യാപിപ്പിക്കും.(അല്ലാഹുവിന്റെ അനുഗ്രഹത്താൽ വ്യാപിച്ചുകൊണ്ടിരിക്കുന്നു). ന്യായപൂർത്തിയുടേയും പ്രമാണത്തിന്റേയും അടിസ്ഥാനത്തിൽ എല്ലാത്തിനുംമേൽ അതിനു വിജയം നല്കും. ആ നാൾ വരുന്നു. അല്ല അടുത്തെത്തിയിരിക്കുന്നു. ലോകത്ത് ആദരവോടെ സ്മരിക്കപ്പെടുന്ന മതം ഇതൊന്ന് മാത്രമായിരിക്കും. അല്ലാഹു ഈ മതത്തിന്റേയും ജമാഅത്തിന്റേയുംമേൽ അസാധാരണമായ അനുഗ്രഹങ്ങൾ വർഷിക്കുന്നതായിരിക്കും. ഇതിനെ നശിപ്പിക്കാൻ ചിന്തിച്ചു നടക്കുന്ന ഓരോരുത്തരേയും പരാജയപ്പെടുത്തുന്നതായിരിക്കും. ഈ വിജയം ഖിയാമത്തുന്നാൾവരെ അനശ്വരമായിരിക്കും. ഇപ്പോൾ എന്നെ പരിഹസിക്കുന്നെങ്കിൽ ആ പരിഹാസംകൊണ്ട് എനിക്കെന്ത് നഷ്ടം? കാരണം പരിഹസിക്കപ്പെടാത്ത ഒരു പ്രവാചകനും വന്നിട്ടില്ല. അപ്പോൾ വാഗ്ദത്ത മസീഹും പരിഹസിക്കപ്പെടേണ്ടത് അനിവാര്യമാണ്. അല്ലാഹു പറഞ്ഞതുപോലെ:

**യാ ഹസ്റത്തൻ അലൽ ഇബാദ് മാ യഅ്തീഹിം മിർറസൂൽ ഇല്ലാ കാനൂ ബിഹി യസ്തഹ്സിഊൻ (36:31)**

അതുകൊണ്ട് എല്ലാ നബിമാരേയും ശത്രുക്കൾ പരിഹസിച്ചിരുന്നുവെന്നത് അല്ലാഹുവിൽനിന്നുള്ള അടയാളമാണ്. അങ്ങനെയുള്ള മനുഷ്യൻ എല്ലാവരും കാൺകെ ആകാശത്തിൽനിന്നിറങ്ങുക(അനഹ്മദികളുടെ വീക്ഷണമാണിത്)അതായത് അങ്ങനെയുള്ള മനുഷ്യൻ എല്ലാവരും കാൺകെ ആകാശത്തിൽനിന്നിറങ്ങുക(ഹദ്റത്ത് ഈസായെ കുറിച്ച് അവർ പറയുന്നതാണിത്, ആകാശത്ത് നിന്നിറങ്ങുകയില്ലെന്നത് വേറെകാര്യം)അദ്ദേഹത്തോടൊപ്പം മലക്കുകളും ഉണ്ടാകും അങ്ങനെയുള്ള വ്യക്തിയെ ആരാണ് പരിഹസിക്കുക. അതിനാൽ ഈ തെളിവ് മുഖേനയും ബുദ്ധിമാന് മനസ്സിലാക്കാൻ കഴിയും വാഗ്ദത്ത മസീഹിന്റെ ആകാശത്തുനിന്നുള്ള ഇറക്കം വെറും ഒരു വ്യാമോഹം മാത്രമാണെന്ന്. ആകാശത്തുനിന്നു ആരും തന്നെ ഇറങ്ങിവരുന്നതല്ലെന്ന് നല്ലവണ്ണം ഓർത്തുകൊള്ളുവിൻ. ഇന്നു ജീവിച്ചിരിക്കുന്ന എന്റെ എതിരാളികളെല്ലാം മരിച്ചൊടുങ്ങും. എന്നാൽ അവർക്ക് ആകാശത്തുനിന്ന് ഇബ്നു

ശേഷം പേജ് 24 ൽ

# അദൃശ്യലോകവും ദൈവവിശ്വാസവും

അദൃശ്യത്തിൽ വിശ്വസിക്കുക എന്നാൽ നമുക്ക് ഒരിക്കലും അനുഭവവേദ്യമാകാത്ത അസ്തിത്വങ്ങളിൽ അന്ധമായി വിശ്വസിക്കുക എന്നല്ല. നമ്മുടെ ഇന്ദ്രിയങ്ങളുടെ പരിമിതി കൊണ്ട് നമുക്ക് ഗ്രഹിക്കാൻ കഴിയാത്ത അസ്തിത്വങ്ങളുമുണ്ട് എന്ന യാഥാർഥ്യത്തിലേക്കാണ് ഖുർആന്റെ ഈ പ്രയോഗം വിരൽ ചൂണ്ടുന്നത്. അദൃശ്യ മണ്ഡലം അപ്രാപ്യമായി തുടരണമെന്നില്ല. നമ്മുടെ ഇന്ദ്രിയങ്ങളുടെ സംവേദന ശക്തി വർധിപ്പിക്കുകയാണെങ്കിൽ അജ്ഞാത ലോകം ജ്ഞാതമായി വരും. ഭൗതിക ലോകത്ത് ഈ സത്യം നമുക്ക് നിത്യാനുഭവമാണ്.

ഹ്ദറത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

***അദൃശ്യങ്ങളിൽ വിശ്വസിക്കുന്ന സത്യാത്മാക്കൾക്ക് (ഇതൊരു) മാർഗദർശകമാകുന്നു. (2:3-4)*** മുകളിൽ ഉദ്ധരിച്ച ഖുർആനിക വചനങ്ങളിൽ അദൃശ്യങ്ങളിൽ വിശ്വസിക്കുക എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന കാര്യങ്ങളിൽപ്പെട്ടതാണ്. കഴിഞ്ഞ അധ്യായത്തിൽ വ്യക്തമാക്കിയത് പോലെ മനുഷ്യന്റെ ആശയങ്ങളെ പരിവർത്തിപ്പിക്കാൻ ശക്തിയും ഭീഷണിയും ഉപയോഗിക്കുന്നതിനെ ഖുർആൻ അതിശക്തമായി അപലപിക്കുന്നു. അതിനാൽ അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുക എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഖുർആൻ അന്ധമായുള്ള വിശ്വാസത്തെ പ്രോത്സാഹിപ്പിക്കുന്നു എന്ന് ഇതിനെ വ്യാഖ്യാനിക്കുന്നത് ഖുർആൻ ശക്തമായി ഊന്നിപ്പറഞ്ഞ കാര്യങ്ങളുടെ നിഷേധമാണ്. മറിച്ച് തെളിവുകളുടെ പിൻബലമോ വസ്തുതാപരമായ ന്യായീകരണമോ ഇല്ലാതെ വ്യാജവിശ്വാസം വെച്ചു പുലർത്തുന്നവർ അവിശ്വാസികളാണെന്നാണ് ഖുർആൻ ആരോപിക്കുന്നത്. മൃഗീയമായ ഹീനമാർഗങ്ങളുപയോഗിച്ച് മതവിശ്വാസികളുടെ വിശ്വാസം മാറ്റിയെടുക്കാൻ ശ്രമിക്കുന്നവരെ ഖുർആൻ ആക്ഷേപിക്കുകയും ചെയ്യുന്നു. അങ്ങനെയാണെങ്കിൽ അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുക എന്ന ശൈലിയുടെ വിവക്ഷിതം എന്താണ്?. വിശദമായി വിശദീകരിക്കപ്പെടേണ്ട ഒരു സുപ്രധാന ചോദ്യമാണിത്.

ഖുർആൻ ഉപയോഗിച്ച ഒരു സവിശേഷ ശൈലി എന്ന നിലക്ക് ഈ അദൃശ്യകാര്യങ്ങൾ എന്ന പ്രയോഗത്തെക്കുറിച്ച് ആഴത്തിൽ പഠിക്കേണ്ടതുണ്ട്. ഇതിന്റെ യഥാർഥ അർഥവും നിർവചനവും മനസ്സിലാക്കുന്നതിലുണ്ടാവുന്ന വീഴ്ചകൾ മധ്യകാലഘട്ടത്തിലെ വിവിധ മുസ്‌ലിം ചിന്താ പ്രസ്ഥാനത്തിൽപെട്ട പണ്ഡിതൻമാർക്കിടയിൽ ഉണ്ടായിരുന്ന വാദപ്രതിവാദങ്ങളിൽ സംഭവിച്ചത് പോലെ ഗുരുതരമായ പ്രത്യാഘാതങ്ങളായിരിക്കും സൃഷ്ടിക്കുക. യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത കടുംപിടിത്തക്കാരായ മുസ്‌ലിം പണ്ഡിതൻമാർ വിശ്വാസ കാര്യത്തിൽ ഒരിക്കലും യുക്തി പ്രയോഗിക്കുവാൻ അനുവദിച്ചില്ല. അവരുടെ അഭിപ്രായത്തിൽ വെളിപാടു സത്യങ്ങൾ സ്വയം പര്യാപ്തമായിരിക്കെ, യുക്തിപരമായ പരിശോധനകളൊന്നും കൂടാതെ തന്നെ അത് സ്വീകരിക്കപ്പെടേണ്ടതാണ്. ഈ വീക്ഷണത്തെ എതിർക്കുന്നവർ എപ്പോഴും യുക്തിയുടെ അധീശത്വത്തിനനുസൃതമായി പ്രവർത്തിക്കണമെന്ന ഖുർആൻ ആയത്തുകൾ ഉദ്ധരിക്കുന്നു. തീരുമാനമെടുക്കുന്നതിന്റെ ഓരോ ഘട്ടത്തിലും വിശ്വാസത്തിനുമേൽ യുക്തിക്ക് പ്രാമുഖ്യം നൽകണമെന്ന് അവർ വാദിക്കുന്നു.

വിശ്വാസം എന്നാൽ എന്താണ്? ഒരാളുടെ അന്വേഷണ ബുദ്ധിയെ തൃപ്തിപ്പെടുത്താതെ ഒരാൾക്ക് എങ്ങനെ വിശ്വസിക്കാനാവും? എല്ലാ മതങ്ങളിലും ഉൾപ്പെട്ട സാമാന്യ ജനങ്ങളിൽ ഭൂരിഭാഗവും, അവർ വിശ്വസിക്കുന്നതിന്റെ അർഥം ഗ്രഹിക്കാതെയാണ് വിശ്വസിക്കുന്നത് എന്നത് ഒരു യാഥാർഥ്യമാണല്ലോ. അവർ എങ്ങനെയോ വിശ്വസിക്കാനിടയായി. അതുകൊണ്ട് മാത്രമാണ് അവർ വിശ്വാസികളായിരിക്കുന്നത്.

ഒരാൾക്ക് വിശ്വാസവും യുക്തിയും തമ്മിൽ താരതമ്യം ചെയ്ത് നോക്കേണ്ടതിന്റെ ആവശ്യകത അനിവാര്യമായി വരുന്ന ഒരു പ്രതിസന്ധിഘട്ടമാണിത്.യുക്തിയും വിശ്വാസവും തമ്മിലുള്ള പരസ്പര ബന്ധം ഏത് തരത്തിലുള്ളതാണെന്ന് നിർണയിക്കേണ്ടത് ഇവിടെ ആവശ്യമായി വരുന്നു. യൂറോപ്യൻ തത്ത്വശാസ്ത്രം എന്ന അധ്യായത്തിൽ ഈ വിഷയം വേണ്ടത് പോലെ ചർച്ച ചെയ്തിട്ടുണ്ട്. അതുകൊണ്ട് വീണ്ടും അതിനെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യാൻ നാം മുതിരു

ന്നില്ല. അതുകൊണ്ട് അദൃശ്യം എന്ന പ്രയോഗത്തെക്കുറിച്ച് കൂടുതൽ വിശദമായി ഒരു ധാരണ നാം നേടേണ്ടിയിരിക്കുന്നു.

ഒരു കാര്യം ആദ്യമേ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഒരു വസ്തുവിനെക്കുറിച്ച് നാം അറിയുന്നില്ലെങ്കിൽ ആ വസ്തുവിന് അസ്തിത്വം തന്നെയില്ല എന്ന് അർഥമില്ല. അതിന് അസ്തിത്വമുണ്ടായേക്കാം; പക്ഷേ, അത് നമ്മുടെ അജ്ഞതയുടെ തിരശ്ശീലക്ക് പിന്നിൽ മറഞ്ഞിരിക്കുന്നുണ്ടാവാം. പിന്നീട്, മനുഷ്യ ഗവേഷണങ്ങൾ മൂലമോ ദിവ്യ വെളിപാടുകൾ മുഖേനയോ അദൃശ്യത്തിൽ നിന്ന് അവ ദൃശ്യ മണ്ഡലത്തിലേക്ക് കടന്നു വരുന്നു.അദൃശ്യം എന്ന പദം വിപുലമായ അർഥത്തിൽ ദൃശ്യമല്ലാത്തതും കേൾക്കാൻ സാധ്യമല്ലാത്തതുമായ സകലതിനേയും സൂചിപ്പിക്കുന്ന ഒന്നാണ്. മനുഷ്യന്റെ ഇന്ദ്രിയങ്ങളിലൂടെ ഗ്രഹിക്കാൻ സാധിക്കാത്ത സകലതിനേയും സൂചിപ്പിക്കുന്ന പദമാണത്. ഈയർഥത്തിൽ മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങൾക്ക് പ്രാപിക്കാൻ കഴിയാത്ത മണ്ഡലത്തിലുള്ള എല്ലാവിധ അസ്തിത്വങ്ങളേയും അദൃശ്യം എന്ന് പറയുന്നു. അദൃശ്യ മണ്ഡലം എപ്പോഴും അപ്രാപ്യമായിത്തന്നെ തുടരണമെന്നില്ല. ഒരു പ്രത്യേക കാലഘട്ടത്തിൽ അവ അപ്രാപ്യമാണെന്നേ അർഥമുള്ളൂ.

ഭൂതം, വർത്തമാനം, ഭാവി എന്നീ കാലഘട്ടങ്ങളുമായി ബന്ധപ്പെട്ട ഗോചരീയ വസ്തുക്കളെക്കുറിച്ചുള്ള എല്ലാ മറഞ്ഞു നിൽക്കുന്ന ജ്ഞാനങ്ങളും ഈ ഗണത്തിൽപ്പെട്ടവയാണ്. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ അസ്തിത്വത്തിലുള്ള ഒരു വസ്തുവിനെപ്പറ്റി ഒരു നിശ്ചിത കാലഘട്ടത്തിൽ നാം അറിയുന്നില്ല. മറ്റൊരു കാലഘട്ടത്തിൽ നമുക്കത് അറിയുവാനും സാധിക്കുന്നു. അതുകൊണ്ട് നാം അത്തരത്തിലുള്ള വസ്തുവിലും വിശ്വസിക്കേണ്ടത് ആവശ്യമായി വരുന്നു. ഈ വിശ്വാസത്തെ നമുക്ക് അന്ധവിശ്വാസം എന്ന് പറയുവാൻ സാധിക്കില്ല. അനിഷേധ്യമായ തെളിവുകളുടെ പിൻബലമില്ലാത്ത യാതൊന്നിലും വിശ്വസിക്കുവാൻ ഖുർആൻ വിശ്വാസികളോട് ആവശ്യപ്പെടുന്നില്ല. അതിനാൽ യുക്തി വിചിന്തനത്തിലൂടെയും കാര്യകാരണ ചിന്തകളിലൂടെയും താർക്കിക നിഗമനങ്ങളിലൂടെയും കണ്ടെത്താവുന്ന കാര്യങ്ങൾ മാത്രമാണ് 'അദൃശ്യം' എന്നത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്ക് നേരിട്ട് അറിയാൻ കഴിയാത്തതും എന്നാൽ, അവയുടെ അസ്തിത്വത്തെ സംബന്ധിച്ച് യാഥാർഥ്യമാണെന്ന് സ്ഥിരീകരിക്കാൻ സാധിക്കുന്നതുമായ അസ്തിത്വത്തെയാണ് അദൃശ്യം എന്ന് നിർവചിക്കപ്പെട്ടിരിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. അദൃശ്യങ്ങളിൽ വിശ്വസിക്കുക എന്ന ഈ ഖുർആനിക ഉത്തരവിനാധാരമായ അടിസ്ഥാന തത്ത്വങ്ങൾ പൂർണമായും മനുഷ്യന്റെ അനുഭവജ്ഞാനം കൊണ്ട് ശക്തമാക്കപ്പെട്ടവ തന്നെയാണ്.

പദാർഥത്തിന്റെ രൂപത്തിലുള്ള വസ്തുക്കളിൽ നല്ലൊരു ഭാഗം നേരിട്ടു പരിശോധിച്ചു തിട്ടപ്പെടുത്തുവാൻ സാധിക്കാത്തവയാണ്. അവയുടെ അസ്തിത്വത്തെക്കുറിച്ചും ഭൗതിക ഗുണങ്ങളെക്കുറിച്ചുമുള്ള ജ്ഞാനം യുക്തിപരമായ നിഗമനങ്ങളിലൂടെയും അതിസങ്കീർണമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെയും മാത്രമേ നമുക്ക് പരോക്ഷമായി അറിയാൻ സാധിക്കൂ. ന്യൂട്രിനോകളും (Neutrino)* ആന്റീ ന്യൂട്രിനോ(Anti-Neutrino)* കളും എന്താണ്? ദ്രവ്യവും(Matter) പ്രതിദ്രവ്യവും (Anti-Matter) * എന്താണ്? ബോസോണും (Boson)* ആന്റിബോസോണും എന്താണ്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം നേരിട്ടുള്ള പരിശോധനയിലൂടെ ലഭ്യമല്ല. എങ്കിലും അവയുടെ അസ്തിത്വത്തിന്റെ അദൃശ്യലോകം സാർവത്രികമായി അംഗീകരിക്കപ്പെട്ട ഒരു യാഥാർഥ്യമാണ്. മനുഷ്യന്റെ ഇന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അറിവുകൾ സ്വീകരിക്കുകയും അത് മനുഷ്യ മസ്തിഷ്ക്കമാകുന്ന കമ്പ്യൂട്ടറിലൂടെ കണക്ക് കൂട്ടുകയും ചെയ്യുന്നു. ജീവിതത്തിന്റെ പരമമായ സത്തയാണ് മനസ്സ് എന്ന കാര്യം നാമോർക്കേണ്ടതുണ്ട്. മനസ്സ് എന്നത് മസ്തിഷ്ക്കത്തിന്റെ മറ്റൊരു പേരല്ല. അത് മസ്തിഷ്ക്കത്തിനതീതവും മസ്തിഷ്ക്ക പ്രവർത്തനങ്ങളെ സ്വാധീനിക്കുന്നതുമാണ്.

ബോധത്തിന്റെ (പ്രജ്ഞ) ആത്യന്തിക സ്ഥാനമാണ് മനസ്സ്. യുക്ത്യാധിഷ്ഠിതമായ നിഗമനം മനസ്സിന്റെ അദ്ഭുതകരമായ കഴിവാണ്. മനസ്സിലേക്ക് വസ്തുതകളൊന്നും നൽകപ്പെടുന്നില്ലെങ്കിലും മനസ്സിന് സാങ്കല്പിക വസ്തുതകളെ അടിസ്ഥാനമാക്കി പ്രവർത്തനം തുടരാൻ സാധിക്കും. മുമ്പേ ശേഖരിക്കപ്പെട്ട വിവരങ്ങൾ അയവിറക്കിക്കൊണ്ട് പ്രവർത്തിക്കാനുള്ള കഴിവും മനസ്സിനുണ്ട്. തീരുമാനങ്ങൾ കൈക്കൊള്ളുന്നത് മാനസിക തലത്തിലാണ്. മസ്തിഷ്ക്കം ഒരു ഹാർഡ്വെയർ ആണ്. ഓർമകളുടെ വെറും ഒരു സംഭരണശാല. എന്നാൽ, മനസ്സിന് അനന്തത, അനശ്വരത തുടങ്ങിയ സാങ്കൽപികവും അതിഭൗതികവുമായ കാര്യങ്ങളെക്കുറിച്ചും ചിന്തി

---

* **ന്യൂട്രിനോ(Neutrino)**: ഒരു പ്രാഥമിക മൗലിക കണം. ദുർബല അന്യോന്യ ക്രിയകളിൽ മാത്രം പങ്കെടുക്കുന്നു. സൂക്ഷ്മങ്ങളിൽ വെച്ച് അതിസൂക്ഷ്മമായ ന്യൂട്രിനോയുടെ ദ്രവ്യമാനം പൂജ്യമാണെന്ന് കരുതപ്പെടുന്നു. അതിനാൽ ന്യൂട്രിനോ പ്രകാശവേഗത്തിൽ സഞ്ചരിക്കുന്നതായി ശാസ്ത്ര സമൂഹം വിചാരിക്കുന്നു. (വിവ:)

***ആന്റീ ന്യൂട്രിനോ (Antin Neutrino)**: ന്യൂട്രിനോയുടെ പ്രതിദ്രവ്യം (വിവ:)

* **ബോസോൺ**: പദാർഥങ്ങൾ നിർമിക്കപ്പെട്ട സൂക്ഷ്മമായ ഒരു പ്രാഥമിക കണം. ( വിവ:)

* **പ്രതിദ്രവ്യം(Antimatter)**: സാധാരണ ദ്രവ്യത്തിൽ നിന്നു വിപരീതമായ ഘടനയും ഗുണവിശേഷങ്ങളും ഉള്ളവയായി വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന ദ്രവ്യം. അണുകേന്ദ്രം പ്രോട്ടോൺ ന്യൂട്രോൺ എന്നിവക്ക് പകരം ആന്റി പ്രോട്ടോൺ, പോസിട്രോൺ, ആന്റിന്യൂട്രോൺ എന്നിവ യാണ് പ്രതിദ്രവ്യത്തിന്റെ ഘടകങ്ങൾ. അമേരിക്കയിലെ നാസയുടെ കീഴിലുള്ള ക്രോംപ്ടൺ ഗാമാറെ ഓബ്സർമേറ്ററി(GRO) 1977ൽ നമ്മുടെ ഗാലക്സിയിൽ പ്രതിദ്രവ്യത്തിന്റെ ഒരു മേഘം(Antimatter Cloud) കണ്ടെത്തുകയുണ്ടായി. പ്രതിദ്രവ്യം നമ്മുടെ ദ്രവ്യവുമായി കൂട്ടിമുട്ടുകയാ ണെങ്കിൽ ഗാമാരശ്മികൾ ഉൽസർജിച്ച് കൊണ്ട് അവ രണ്ടും അപ്രത്യക്ഷമാവും. അത്തരത്തിലുള്ള ഗാമാ രശ്മികളായിരുന്നു GRO കണ്ടെത്തിയത് (വിവ:)

ക്കുവാനുള്ള കഴിവുണ്ട്. അറ്റമില്ലാതെ നീണ്ടു പോകുന്ന കാര്യകാരണ പരമ്പരകളുടെ ദുർജ്ഞേയത പരിഹരിക്കാൻ മനസ്സ് ശ്രമിക്കുന്നു. ഒരു പ്രത്യേക വസ്തു എവിടെ നിന്നാരംഭിച്ചു? എല്ലാ തുടക്കങ്ങൾക്കുമപ്പുറത്തെന്ത്? സകല കാരണങ്ങൾക്കും മുമ്പേ ഒരു ആദികാരണമുണ്ടായിരുന്നുവോ? ഉണ്ടായിരുന്നെങ്കിൽ ആ ആദികാരണം സജീവവും സചേതനവുമായിരുന്നുവോ? അതല്ല അത് നിർജീവവും ബോധശൂന്യവുമായിരുന്നോ? ആദികാരണം ബോധശൂന്യവും നിർജീവവുമായിരിക്കാൻ സാധ്യതയില്ലെന്ന യുക്തിസഹമായ തീരുമാനത്തിലാണ് മനസ്സ് ചെന്നെത്തുന്നത്.

വീണ്ടുമുണ്ടാകുന്ന ചോദ്യങ്ങൾ ഇവയൊക്കെയാണ്. അതായത് മരണത്തിന് ജീവൻ സംജാതമാക്കുവാൻ സാധിക്കുമോ? അബോധാവസ്ഥ സുബോധാവസ്ഥക്ക് ജന്മം നൽകുകയും ചെയ്യുമോ? കേവല മസ്തിഷ്ക്ക പിണ്ഡം കൊ ണ്ടല്ലാതെ മനസ്സ് കൊണ്ട് മാത്രം ഉത്തരം കണ്ടെത്തേണ്ട വിഷയങ്ങളാണിവ. മനസ്സ് ചിലപ്പോൾ സൈദ്ധാന്തികാഭ്യാസങ്ങളിലൂടെയും മറ്റു ചിലപ്പോൾ വസ്തുതാപരമായ അടിസ്ഥാന വിവരങ്ങൾ സൂക്ഷ്മ പരിശോധന നടത്തിയും നെല്ലും പതിരും വേർതിരിച്ച് യുക്തിയുക്തമായ തീരുമാനം കൈക്കൊള്ളുന്നു. നമുക്ക് ചുറ്റുമുള്ള എല്ലാവിധ വികിരണ തരംഗങ്ങളും(Radiation) ദൃശ്യവത്ക്കരിക്കാൻ നമുക്ക് സാധിക്കും. പക്ഷേ, മനുഷ്യന് ആ വികിരണ തരംഗങ്ങളുടെ സാന്നിദ്ധ്യം അവന്റെ കാഴ്ച, കേൾവി, രുചി, ഗന്ധം അതുമല്ലെങ്കിൽ സ്പർശം എന്നീ ജ്ഞാനേന്ദ്രിയങ്ങളിലൂടെ മനസ്സിലാക്കുവാൻ ഒരിക്കലും സാധ്യമല്ല. അവയെ റേഡിയോവിലൂടെയും ടെലിവിഷനിലൂടെയും ദൃശ്യ ശ്രാവ്യ യോഗ്യമായ കമ്പന സിഗ്നലുകളാക്കി മാറ്റിയാൽ മാത്രമേ നമുക്കവയെ കാണുവാനും കേൾക്കുവാനും സാധിക്കുകയുള്ളൂ. എങ്കിൽ പോലും മനസ്സിന്റെ കഴിവു കൊണ്ടാണ് അന്തിമമായി ഈ വൈദ്യുത കമ്പനങ്ങൾ വിശകലനം ചെയ്ത് ശബ്ദങ്ങളും ചിത്രങ്ങളും ചലച്ചിത്രങ്ങളുമാക്കി മാറ്റുന്നത്. ടെലിവിഷൻ സ്ക്രീനിലെ പരന്ന പ്രതലത്തിൽ നാം കണ്ണുകൊണ്ട് കാണുന്ന ചിത്രരൂപങ്ങൾ മാത്രമല്ല മനുഷ്യമനസ്സ് കാണുന്നത്. കണ്ണ് കാണുന്നതിനേക്കാൾ കൂടുതലായി മനസ്സ് കാണുന്നു. അദൃശ്യമായ പല അർഥങ്ങളും ദൃശ്യരൂപത്തിലേക്ക് മനസ്സ് കൂട്ടി ചേർക്കുന്നു. ആ കാഴ്ച അർഥപൂർണമായ ഒരു ദൃശ്യമായി ആവിഷ്ക്കരിക്കപ്പെടുന്നതിന് മുമ്പേതന്നെ മനസ്സാണ് അതിനെ അർഥപൂർണമാക്കി മാറ്റുന്നത്.

ഇതുവരെ വിവരിക്കപ്പെട്ട ഉപാധികൾക്ക് പുറമെ അദൃശ്യ മണ്ഡലത്തിൽ ഒളിഞ്ഞ് കിടക്കുന്ന ജ്ഞാനങ്ങൾ വെളിപാട് മുഖേനയും പ്രാപ്യമാകുന്നതാണ്. സകല അറിവുകളുടേയും സ്വീകരണ തലമായ മനസ്സിലേക്ക് പഞ്ചേന്ദ്രിയങ്ങളിലൂടേയും വെളിപാടുകൾ എന്ന പ്രതിഭാസത്തിലൂടേയും വിവരങ്ങൾ വിനിമയം ചെയ്യപ്പെടാവുന്നതാണ്. ഇവ രണ്ടും സംയുക്തമായും സ്വതന്ത്രമായും ഒന്ന് മറ്റൊന്നിന് സഹായകമായും വർത്തിക്കുന്നു. ഉദാഹരണമായി നമുക്ക് പഞ്ചേന്ദ്രിയ ജ്ഞാനങ്ങളിലൂടെ ലഭിക്കുന്ന അറിവുകളെ കൂടുതൽ ഉന്നതമായ രീതിയിൽ ഗ്രഹിക്കാൻ വെളിപാടുകൾ സഹായിക്കുന്നു. മനുഷ്യന്റെ എല്ലാ കഴിവുകളേയും പ്രകാശിപ്പിച്ചു കൊണ്ട് കൂടുതൽ ഉന്നതവും സംസ്കൃതവുമായ ഒരു സംവേദനം വെളിപാടുകൾ സാധ്യമാക്കുന്നു. പഞ്ചേന്ദ്രിയങ്ങളിൽ നിന്ന് ലഭിക്കുന്ന സന്ദേശങ്ങളിലെ ദുരൂഹതകളുടെ കുരുക്കഴിക്കാൻ വെളിപാടുകൾക്ക് സാധ്യമാവുന്നു. അത്രയും വ്യക്തമായും സൂക്ഷ്മമായും മറ്റൊരുപാധിയിലൂടെയും അത്തരം സന്ദേശങ്ങളിലെ കുരുക്കഴിക്കാൻ സാധ്യമല്ല. അപ്രകാരം തന്നെ വെളിപാടുകൾ ലഭിക്കുന്ന വ്യക്തിയുടെ പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന സന്ദേശങ്ങൾ നല്ല പോലെ ഗ്രഹിക്കാൻ വെളിപാടുകൾ സ്വീകർത്താവിനെ സഹായിക്കുന്നു. പഞ്ചേന്ദ്രിയങ്ങൾ തിരിച്ച് ഓർമകളുടെ ശേഖരത്തിൽ നിന്ന് വിവരങ്ങൾ നൽകി വെളിപാടുകൾ മനസ്സിലാക്കാൻ അത് ലഭിക്കുന്നയാളെ സഹായിക്കുന്നു.പഞ്ചേന്ദ്രിയ ജ്ഞാനത്തെ ആശ്രയിക്കാതെ അർഥപൂർണമായി വെളിപാടുകളെ മനസ്സിലാക്കാൻ സാധ്യമല്ല. എങ്കിലും വെളിപാടുകളിൽ നിന്ന് നേരിട്ടുള്ള സഹായമില്ലാതെ തന്റെ ഭൗതികമായ പരിമിതികൾക്കപ്പുറം പ്രാപിക്കുക എന്നത് മനുഷ്യനെ സംബന്ധിച്ചിടത്തോളം തീരെ അസാധ്യമോ അസംഭാവ്യമോ ആയ കാര്യമല്ല. പക്ഷേ, മനുഷ്യ മനസ്സിന് അതിന്റേതായ പരിമിതികളുണ്ട്. ദൈവിക ജ്ഞാനമണ്ഡലത്തിന് സ്ഥലകാലങ്ങളെ അതിജീവിക്കാനുള്ള കഴിവുണ്ട്. പക്ഷേ മനുഷ്യ ജ്ഞാനത്തിന് അതിന് സാധ്യമല്ല. അതിനാൽ മനുഷ്യ ശക്തിക്കതീതമായ അത്തരം ജ്ഞാനങ്ങൾ ദൈവമിച്ഛിക്കുന്നവരിൽ മാത്രം വർഷിക്കപ്പെടുന്ന ദിവ്യ വെളിപാടുകൾ മുഖേന മാത്രമേ ലഭ്യമാവുകയുള്ളൂ. ഖുർആൻ പറയുന്നു.

***'അവന്റെ ഗോപ്യമായ അറിവ് ആർക്കും വെളിപ്പെടുത്തിക്കൊടുക്കുന്നതല്ല; അവൻ തൃപ്തിപ്പെടുന്ന ദൂതന്മാരൊഴികെ.' ( 72: 27-28)***

പ്രവാചകൻമാരല്ലാത്തവർക്ക് ദിവ്യ സ്വപ്നങ്ങളിലൂടെയും ദർശന രൂപേണയും ശബ്ദരൂപേണയുമുള്ള വെളിപാടുകളിലൂടെ അദൃശ്യ ജ്ഞാനം ലഭിക്കുവാനുള്ള സാധ്യത മേൽ വചനങ്ങളിലെ രണ്ടാം സൂക്തം ഒരിക്കലും തള്ളിക്കളയുന്നില്ല എന്ന് നാം മനസ്സിലാക്കണം. ദൈവദൂതൻമാരല്ലാത്ത ആളുകൾക്ക് ലഭിക്കുന്ന ദൈവജ്ഞാനം ദൈവദൂതൻമാർക്ക് ലഭിക്കുന്ന ജ്ഞാനത്തേക്കാൾ ഉന്നതമായിരിക്കാനുള്ള സാധ്യത മാത്രമാണ് ഇവിടെ നിഷേധിക്കപ്പെട്ടിട്ടുള്ളത്. പ്രവാചകൻമാരല്ലാത്തവർക്ക് നൽകപ്പെടുന്ന ജ്ഞാനത്തിന് വെളിപാടുകളിലൂടെയുള്ളതാണെങ്കിൽ പോലും ദൈവദൂതൻമാർക്ക് നൽകപ്പെടുന്ന വെളിപാടുകളുടെയത്ര വ്യക്തതയും സുനിശ്ചിതത്വവും, പൂർണതയും ഉണ്ടാവില്ല.

പ്രവാചകൻമാർക്ക് നൽകപ്പെടുന്ന ഈ ദിവ്യജ്ഞാനം മിക്കവാറും ആത്മീയ ജ്ഞാനമായിരിക്കും. അതുപോലെ മരണാനന്തര ജീവിതത്തെക്കുറിച്ചുള്ളതുമായിരിക്കും. ദൈവിക വെളിപാടുകളിൽ ലൗകിക ജ്ഞാനപരമായ ധാരാളം വിഷയങ്ങളും അടങ്ങിയിരിക്കും. ഇത്തരം ഭൗതിക ജ്ഞാന പ്രതിപാദനങ്ങൾ പ്രവാചകൻമാരുടെ സത്യസാക്ഷ്യത്തിലും വിശ്വാസികൾക്കുള്ള വിശ്വാസം ദൃഢീകരിക്കുന്നതിന് വേണ്ടി മാത്രം സന്ദർഭവശാൽ ഉൾപ്പെടുത്തപ്പെടുന്ന

ശേഷം പേജ് 24 ൽ

# സ്വർഗത്തിലേക്കുള്ള പാലം

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)

**പൊ**തുവിൽ നമ്മുടെ രാജ്യത്ത് പറയുന്ന ഒരു കാര്യമുണ്ട്, അന്ത്യനാളിൽ ജനങ്ങൾ ഒരുമിച്ച് കൂട്ടപ്പെടുന്നതാണ്. അല്ലാഹുവിന്റെ പക്കൽ എത്തുമ്പോൾ കണക്കെടുപ്പ് നടത്തുകയും പ്രത്യക്ഷത്തിൽ മുസ്‌ലിമാണെന്ന് അവകാശപ്പെടുന്നവർക്ക് സ്വർഗത്തിലേക്കുള്ള വഴി പറഞ്ഞു കൊടുക്കുകയും ചെയ്യുന്നതായിരിക്കും. അങ്ങോട്ട് പോകുമ്പോൾ അവർക്ക് നരകത്തിലേക്കുള്ള വഴിയിലൂടെ കടന്നായിരിക്കും പോകേണ്ടിവരിക. നരകത്തിന് മുകളിലൂടെ ഒരു പാലമുണ്ടായിരിക്കും. അത് വാളിനേക്കാളും മൂർച്ചയുള്ളതായിരിക്കും. ഭയഭക്തരും നിയമലംഘനം നടത്താത്തവരും അല്ലാഹുവിന്റെ പക്കൽ മാന്യരും പ്രിയരുമായവർ പ്രസ്തുത പാലത്തിലൂടെ വൈദ്യുതിയെ പോലെ കടന്നു പോകുന്നതാണ്. അവരേക്കാൾ പദവിൽ താഴ്ന്നവർ എന്നാൽ അല്ലാഹുവിന് പ്രിയരുമായവർ വായുവിനെ പോലെ പാലത്തിലൂടെ കടന്നു പോകുന്നതാണ്. അവരെക്കാളും അല്പം പദവിയിൽ താഴെയുള്ളവർ പായുന്ന കുതിരയിലെ യാത്രക്കാരനെ പോലെയും, അതിന് അല്പം താഴെയുള്ളവർ വേഗത്തിൽ ഓടുന്ന മനുഷ്യരെ പോലെയും, അതിൽ താഴെയുള്ളവർ നടന്നു പോകുന്ന മനുഷ്യരെ പോലെയും, അതിലും താഴ്ന്ന നിലയിലുള്ളവർ ആടിയുലഞ്ഞും പാലത്തിലൂടെ കടന്നു പോകുന്നതാണ്. ചിലർ മുട്ടിലിഴഞ്ഞ് അതിലൂടെ കടന്നു പോകുന്നതാണ്. അവസാന നിലയിലുള്ളവർ അതായത് അല്പം പോലും വിശ്വാസം ഇല്ലാത്തവരും അല്ലാഹുവിന്റെ പ്രിയരാകുന്നതിന് പകരം അവനാൽ വിരട്ടപ്പെട്ടവരായവരും പാലത്തിലേക്ക് കയറുമ്പോൾ തന്നെ മുറിഞ്ഞ് നരകത്തിലേക്ക് പതിക്കുന്നതാണ്.

ഈ സംഭവത്തെ പ്രാസംഗികരും ഉപദേശകരും തങ്ങളുടെ പ്രസംഗത്തിൽ ഉൾപ്പെടുത്തി കൊണ്ട് പ്രകൃതത്തിൽ ആർദ്രതയും സൗമ്യതയും സംജാതമാക്കാറുണ്ട്. അക്കാരണത്താൽ ജനങ്ങൾ ഉപദേശം സ്വീകരിക്കാറുമുണ്ട്. പ്രത്യക്ഷത്തിൽ വളരെ നിസാരമായ ഒരു സംഭവമാണിത്. മതവുമായി യാതൊരു ബന്ധവുമില്ലാത്ത വിദ്യാസമ്പന്നരായവർ ഇതിനെ മൗലവിമാരുടെ കണ്ടുപിടുത്തവും കെട്ടുകഥയുമായിട്ടാണ് വിശേഷിപ്പിക്കാറുള്ളത്. മതവുമായി അല്പമെങ്കിലും ബന്ധമുള്ളവർ എന്നാൽ ഭൗതികതയിൽ പ്രാഭാവിതരായവർ പറയാറുള്ളത് ഇത് പരലോകത്തെ കാര്യമാണ്, ഇതിനെ കുറിച്ച് അന്വേഷിക്കുകയും ചിന്തിക്കുകയും ചെയ്യേണ്ട ആവശ്യമില്ല എന്നാണ്. ഇതിനു വിരുദ്ധമായി അങ്ങേയറ്റം യാഥാസ്ഥിതികരും പ്രത്യക്ഷവാക്കുകളിൽ നിന്ന് അല്പം പോലും അങ്ങോട്ടോ ഇങ്ങോട്ടോ മാറുന്നത് ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്നവരുടെ അഭിപ്രായം ഇങ്ങനെ കടന്നു പോകേണ്ടതായ പാലം ഒരു യാഥാർഥ്യം തന്നെയാണെന്നാണ്.

എന്നാൽ എന്റെ അഭിപ്രായത്തിൽ ആരും തന്നെ ഈ നിവേദനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ചിന്തിച്ചിട്ടില്ല. ഇതൊരു കെട്ടുകഥയുമല്ല, വിഷയത്തിനായുള്ള കഥയുമല്ല. എല്ലാ പ്രധാനപ്പെട്ട മതങ്ങളിലും ഇതിനെ സംബന്ധിച്ചുള്ള പരാമർശമുണ്ട് എന്നത് തന്നെ ഇതിന്റെ പ്രാധാന്യത്തെ വെളിപ്പെടുത്തുന്നു. ദൈവത്തിൽ നിന്നും അകന്ന കാരണത്താൽ ചിലർ നിഷേധിക്കുന്നതൊഴിച്ച് ബാക്കി എല്ലാ മതങ്ങളും ദൈവാസ്തികൃത്തിൽ ഏകാഭിപ്രായക്കാരാണെന്നത് പോലെ, മിക്കവാറും എല്ലാ മതങ്ങളിലും മലക്കുകളുടെ അസ്തിത്വം കാണപ്പെടുന്നത് പോലെ, മരണാനന്തര ജീവിതത്തെ കുറിച്ച് മിക്കവാറും മതങ്ങളുടെ വിശ്വാസം ഏറെക്കുറേ ഒരു പോലെയാണെന്നത് പോലെ, ഈ പാലത്തെ കുറിച്ചും ഏകദേശം സാമ്യമുള്ള വിശ്വാസം മിക്കവാറും എല്ലാ മതങ്ങളിലും കാണപ്പെടുന്നു. അതിനാൽ അതിൽ ചില യാഥാർഥ്യം ഉണ്ട് എന്ന് മനസിലാകുന്നു.

ഇസ്‌ലാമിന്റെ മതഗ്രന്ഥത്തിൽ അതിനെ കുറിച്ചുള്ള പരാമർശമുണ്ട്. യഹൂദികളുടെ ഗ്രന്ഥത്തിലും പരാമർശമുണ്ട്. അപ്പോൾ അതിലുള്ള തത്ത്വമെന്താണ്? അതിൽ വിശ്വസിക്കുന്നതും മറ്റ് അദൃശ്യകാര്യങ്ങളിലുള്ള വിശ്വാസത്തെ പോലെ അനിവാര്യവും പ്രാധാനപ്പെട്ടതും ആണോ? മതവിശ്വാസികൾ ഇതിനെ സംബന്ധിച്ച് ചിന്തിച്ചിരുന്നെങ്കിൽ അവർക്ക് യാഥാർഥ്യം ബോധ്യമാകുമായിരുന്നു. തൽഫലമായി അന്ധകാര താഴ്‌വരകളിൽ അലഞ്ഞു നടക്കുന്നവർക്ക് നേർമാർഗം ലഭ്യമായേനെ. ദൈവത്തിൽ നിന്ന് അശ്രദ്ധരായ അനേകർക്ക് ദൈവത്തിനെ മനസിലാക്കാൻ സാധിച്ചേനെ.

എന്നാൽ പഴമക്കാർ ഇതിനെ പാലത്തിനപ്പുറത്തേക്ക് പോകാൻ സമ്മതിച്ചില്ല എന്നത് കഷ്ടം തന്നെ. കാരണം അന്നാളുകളിൽ യാഥാസ്തികതയ്ക്കായിരുന്നു മേൽക്കോ

യ്മ. ഭൗതീകതയുടെ കാലമായ ഇന്ന് ഇതിനെ ഒരു കഥയായി കണ്ടു കൊണ്ട് നിരാകരിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഇത് സത്യമാണെന്നാണ് ഞാൻ പറയുന്നത്. സ്വർഗത്തിലേക്കുള്ള പാലം യഥാർഥമാണ്. എന്നാൽ ആളുകൾ പറയുന്ന രൂപത്തിലല്ല. നിശ്ചയമായും അത് പരലോകത്തിന്റെ അടയാളമാണ്.

ഹദ്റത്ത് സാഹിബ് ഇത് സംബന്ധമായി വിവരിച്ചിട്ടുണ്ട്. അതായത് അന്ത്യനാളിൽ വിശ്വാസികൾക്ക് പഴങ്ങൾ ലഭിക്കുമ്പോൾ അവർ പറയും ഇത്പോലുള്ളത് ഞങ്ങൾക്ക് മുമ്പും ലഭിച്ചിട്ടുണ്ട്. ആ പഴങ്ങൾ സാമ്യമുള്ളതായിരിക്കും, എന്നാൽ അത് ഇന്ന് നാം അങ്ങാടിയിൽ നിന്ന് വാങ്ങിക്കഴിക്കുന്ന പഴങ്ങളായിരിക്കുമോ? പരലോകത്തെ വസ്തുക്കളും ഇഹലോകത്തെ വസ്തുക്കളുമായുള്ള താരതമ്യം അസാധ്യമാണെന്ന് ഹദീസുകളിൽ വന്നിട്ടുണ്ട്. ഹദീസിൽ പറയുന്നു, **ലാ ഐനുൻ റഅത് വലാ ഉസ്നുൻ സമിഅത്**. അതായത് അതിനെ ഒരു കണ്ണും കണ്ടിട്ടുണ്ടാവില്ല, ഒരു കാതും കേട്ടിട്ടുണ്ടാവില്ല. അപ്പോൾ പരലോകത്തെ പഴങ്ങൾ ഇഹലോകത്തെ പഴങ്ങളെ പോലെയായിരിക്കും എന്നെങ്ങനെ പറയാൻ സാധിക്കും? ഹദ്റത്ത് സാഹിബ് പറയുന്നു, പ്രസ്തുത പഴങ്ങൾ നാം ഇവിടെ തിന്നുന്നത് പോലെയായിരിക്കും. ഈ പഴങ്ങളും ആ പഴങ്ങളും തമ്മിൽ ആകാശ ഭൂമികളുടെ അന്തരമുണ്ട്. അതായത് അവിടുത്തെ പഴങ്ങൾ ഇവിടുത്തെ ആത്മീയ അനുഭൂതിക്ക് സമാനമായിരിക്കും.

ഒരു വിശ്വാസിക്ക് നമസ്കാരത്തിലൂടെയോ നോമ്പിലൂടെയോ ഹജ്ജിലൂടെയോ അല്ലെങ്കിൽ ഏതെങ്കിലും സാധുവിനെ സഹായിച്ചതിലൂടെയോ ലഭിക്കുന്ന ആനന്ദമായിരിക്കും പരലോകത്തുള്ള പഴങ്ങളിലൂടെ ലഭിക്കുന്നത്. അത്പോലെ ഇവിടെ ദൈവാരാധനയിലൂടെ ഹൃദയത്തിന് ലഭിക്കുന്ന അനുഭൂതിയായിരിക്കും അവിടെ അവർക്ക് ലഭിക്കുക. അപ്പോൾ ഒരു വിശ്വാസിക്ക് ഇഹലോകത്ത് ദൈവാരാധനയിലൂടെയോ ലഭിക്കുന്ന ആനന്ദത്തിന് സമാനമായ ആനന്ദമായിരിക്കും പരലോകത്ത് കിട്ടുന്ന പഴങ്ങളിൽ നിന്ന് ലഭിക്കുന്നത്. നമസ്കാരത്തിലൂടെയോ അല്ലെങ്കിൽ നോമ്പിലൂടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആരാധനയിലൂടെ ലഭിക്കുന്ന അനുഭൂതിയായിരിക്കും പരലോകത്തെ മുന്തിരിയിലോ മാതളനാരങ്ങയിലോ പഴത്തിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ഫലത്തിലോ ഉണ്ടാകുന്നത്. ഒരു വിശ്വാസിക്ക് പ്രസ്തുത പഴങ്ങൾ ലഭിക്കുമ്പോൾ ആ പഴം തനിക്ക് ഇന്ന ആരാധനയുടെ അല്ലെങ്കിൽ സേവനത്തിന്റെ പ്രതിഫലമായാണ് ലഭിച്ചത് എന്ന് മനസിലാകുന്നതാണ്. അതേപോലെ തന്നെയാണ് പാലത്തിന്റെ അവസ്ഥയും എന്നാണ് ഞാൻ മനസിലാക്കുന്നത്.

ഹദ്റത്ത് സാഹിബിന്റെ വ്യാഖാനവും വിശദീകരണവും അർഥമാക്കുന്നത് പരലോകത്ത് പഴങ്ങൾ ഉണ്ടാകില്ല എന്നല്ല. പഴങ്ങൾ ഉണ്ടായിരിക്കും. എന്നാൽ കോയിട്ടയിൽ ലഭിക്കുന്ന പഴങ്ങളെ പോലെയുള്ളവ ആയിരിക്കില്ല. മറിച്ച് അവയിൽ ദൈവാരാധനയുടെ ഒരു ആനന്ദം ഉണ്ടായിരിക്കും, നമസ്കാരത്തിന്റെ ഒരു ആനന്ദമുണ്ടായിരിക്കും. ഈ അനുഭൂതികൾ മുന്തിരിയുടെയൊ മാതളനാരങ്ങയുടെയൊ അല്ലെങ്കിൽ പഴങ്ങളുടെയൊ രൂപത്തിലായിരിക്കും. അവയ്ക്ക് ഭൗതീക ലോകത്തുള്ള മുന്തിരിയുടേയോ മാതളനാരങ്ങയുടേയോ പഴത്തിന്റെയോ രുചിയായിരിക്കില്ല. മറിച്ച് അവ ആത്മീയ പഴങ്ങളായതിനാൽ അവയുടെ രുചിയും ഭൗതീക പഴങ്ങളിൽ നിന്ന് വ്യത്യസ്തമായിരിക്കും. ഭൗതീകലോകത്തെ പഴങ്ങളിലൂടെ ലഭിക്കുന്ന ആനന്ദം പരലോകത്തെ പഴങ്ങളിൽ നിന്ന് ലഭിക്കുന്ന ആനന്ദത്തിന് മുന്നിൽ തുലോം തുച്ഛവും നിസാരവുമാകുന്നു. അല്ലാതെ ഇഹലോകത്തെ പഴങ്ങൾ തന്നെ സ്വർഗത്തിൽ ലഭിക്കുകയാണെങ്കിൽ പിന്നെന്ത് ലഭിച്ചു? എന്തുകൊണ്ടെന്നാൽ, ഉദാഹരണമായി ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം അവന്റെ സന്തോഷം കളിക്കുവാനായി സമയം ലഭിക്കുന്നതിലോ അല്ലെങ്കിൽ എന്തെങ്കിലും നിസാരമായത് തിന്നാൻ ലഭിക്കുന്നതിലോ ആയിരിക്കും. എന്നാൽ അതേ കുട്ടി വളർന്ന് വലുതാകുമ്പോൾ പ്രസ്തുത വസ്തുക്കൾ അവനെ സന്തോഷിപ്പിക്കുന്നതല്ല. ചെറിയ കുട്ടികൾ കളിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നു. എന്നാൽ ഒരു വ്യക്തിയോട് നല്ലതുപോലെ പഠിച്ചാൽ കളിക്കാൻ സമയം ലഭിക്കും എന്ന് പറഞ്ഞാൽ അയാൾ പഠിക്കാൻ തയ്യാറാകില്ല. വിദ്യാസമ്പന്നനായ ഒരു വ്യക്തിയുടെ മുന്നിൽ ഒരു ജിലേബി വച്ചിട്ട് ഇതാണ് നിന്റെ ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയതിന്റെ പ്രതിഫലം എന്ന് പറഞ്ഞാൽ താൻ വെറുതെ സമയം പാഴാക്കി എന്നയാൾ കരുതുന്നതാണ്.

ഇനി ചിന്തിക്കുക, കുട്ടിക്കാലത്ത് കൂടുതൽ കളിക്കാനായി സമയം കിട്ടുന്നതിനെയോ മിഠായിയേയോ തന്റെ പ്രതീക്ഷയുടെ പരമസീമയായി കണക്കാക്കുന്നു. അതിൽ സന്തോഷം കണ്ടെത്തുന്നു. എന്നാൽ അതേ കുട്ടി പഠിച്ച് യുവാവാകുമ്പോൾ അവന്റെ മുന്നിൽ അവന്റെ പ്രയത്നത്തിന് പ്രതിഫലമായി മിഠായി വെക്കുകയോ അല്ലെങ്കിൽ ഇനി നീ കളിച്ചു കൊള്ളുക എന്ന് പറയുകയോ ചെയ്താൽ അവനൊരിക്കലും സന്തോഷവാനാകുന്നതല്ല. പ്രത്യുത, വിദ്യ കസ്ഥമാക്കുന്നതിൽ താൻ സമയം പാഴാക്കി എന്നാണ് അവൻ കരുതുക. അതെന്തുകൊണ്ട്? അതിനു കാരണം വ്യക്തമാണ്, കുട്ടിക്കാലത്തെ അപേക്ഷിച്ച് യുവത്വത്തിൽ മനുഷ്യന്റെ ബുദ്ധിപരവും മാനസികവുമായ കഴിവുകൾ ഉന്നതമായ നിലയിലേക്കെത്തുന്നു. അതുകൊണ്ടാണ് കുട്ടിക്കാലത്ത് സന്തോഷത്തിന് നിദാനമായ വസ്തുക്കൾ അവന് നിസാരവും തുച്ഛവുമായി കാണപ്പെടുന്നത്. അതിനാൽ എം.എ പാസായ ഒരാളുടെ അല്ലെങ്കിൽ ശാസ്ത്ര പണ്ഡിതന്റെ മുന്നിൽ അയാളുടെ പഠനത്തിന് പ്രതിഫലമായി ഒരു പൊതി മിഠായി വെക്കുക എന്നത് അയാളെ അപമാനിക്കലാകുന്നു.

അതേപോലെ ആത്മീയലോകത്ത് ആത്മീയോന്നതി കൈവരിച്ച

ഒരാളുടെ മുന്നിൽ ഇഹലോകത്തെ ഭൗതീക മുന്തിരിയോ ഉറുമാൻപഴമോ പോലുള്ള പഴങ്ങൾ വെക്കുക എന്നത് അയാളെ അപമാനിക്കലാകുന്നു. ഇഹലോകത്ത് ഉന്നതമായ പരീക്ഷ പാസായ ഒരു വിദ്യാർഥിക്ക് സമ്മാനമായി ഏതെങ്കിലും അമൂല്യ സാഹിത്യ ഗ്രന്ഥമോ, ഇനി ഏതെങ്കിലും ഡോക്ടറാണെങ്കിൽ സ്വയം അയാൾക്ക് അറിവ് കരസ്ഥമാക്കാൻ കഴിയാതിരുന്നതും, അടുത്ത കാലത്ത് പ്രസിദ്ധീകരിച്ച കാരണത്താൽ അധികം പ്രസിദ്ധിയാർജിക്കാത്തതും എന്നാൽ അദ്ധ്യാപകന് അറിയുന്നതുമായ വൈദ്യശാസ്ത്രത്തിലെ ഏറ്റവും വിലപിടിപ്പുള്ള ഗ്രന്ഥം നൽകുന്നതും ഏറ്റവും അനുയോജ്യമാകുന്നു. അതേപോലെ അല്ലാഹുവിന്റെ മാർഗത്തിൽ ധനത്തെയും ജീവനെയും അന്തസിനെയും സ്വന്തക്കാരെയും ബന്ധുക്കാരെയും എല്ലാം ത്യജിക്കുന്ന ഒരാൾക്ക് ഇഹലോകത്തെ ഏതെങ്കിലും ഭൗതീക പഴം പരലോകത്ത് നൽകുകയാണെങ്കിൽ അത് അയാളെ അപമാനിക്കലായിരിക്കും. അതിനാൽ അയാൾക്ക് ലഭിക്കുന്നതും ഏറ്റവും ഉന്നതമായിരിക്കും. അതിന്റെ രൂപം ആ പഴങ്ങളെ പോലെയായിരിക്കും. ശത്രുക്കൾ ആ ദൈവദാസനെ ഏതെല്ലാം അനുഗ്രഹങ്ങളിൽ നിന്നും അകറ്റി നിർത്തിയിരുന്നുവോ അതിനേക്കാൾ ഉത്തമവും ഉന്നതവുമായത് അവർക്ക് ലഭിക്കുന്നു എന്ന് ശത്രുക്കൾക്ക് അല്ലാഹു കാണിച്ചു കൊടുക്കുക എന്നതാണ് അതിന്റെ ഉദ്ദേശ്യം. ആ അനുഗ്രഹങ്ങൾ അവർക്ക് ലഭിക്കുന്നതാണ്, അതിൽ നിന്ന് അവർ ആനന്ദം കരസ്ഥമാക്കുകയും ചെയ്യുന്നതാണ്. അതിലൂടെ അവരുടെ ദൈവീക ജ്ഞാനം കൂടുതൽ ഉന്നതി പ്രാപിക്കുന്നു, ആവേശം വർധിക്കുന്നു. ഈ ആനന്ദങ്ങളെല്ലാം തന്നെ മതപ്രചരണത്തിലൂടെയൊ അല്ലെങ്കിൽ ദൈവസ്മരണയിലൂടെയൊ അല്ലെങ്കിൽ ദരിദ്രരെ സഹായിച്ചതിലൂടെയൊ അവർക്ക് ലഭിച്ചിരുന്നതായിരിക്കും.

ഇതേ അവസ്ഥ തന്നെയാണ് പാലത്തിന്റെയും. പ്രസ്തുത പാലം യഥാർഥത്തിൽ വാളിനേക്കാളും മൂർച്ചയുള്ളതായിരിക്കും. അതിലൂടെ ആളുകൾ അവരവരുടെ മതസ്ഥിരതയ്ക്കനുസരിച്ച് കടന്നു പോകുന്നതാണ്. ചിലർ വൈദ്യുതിയേ പോലെ, ചിലർ വായുവിനെ പോലെ, ചിലർ കുതിരയാത്രക്കാരനെ പോലെ, ചിലർ നടന്നും ചിലർ ഇരുന്നും ചിലർ ഇഴഞ്ഞും കടന്നു പോകും. ചിലർ മുറിഞ്ഞ് നരകത്തിലേക്ക് പതിക്കും. എന്നാൽ ഇതൊരു തമാശപോലെ ആയിരിക്കില്ല. മറിച്ച് അതിന് ഒരു പ്രത്യേക അവസ്ഥയായിരിക്കും.

പ്രസ്തുത പാലത്തെ മറികടക്കുന്നതിനായി ഇഹലോകത്തും അല്ലാഹു ഒരു പാലം ഉണ്ടാക്കിയിട്ടുണ്ട്. ഇവിടെ ദൈവത്തിനായി അനുഗ്രഹങ്ങളെ ഉപേക്ഷിക്കുന്നവർക്കായി അവിടെ അനുഗ്രഹങ്ങൾ ഉള്ളതു പോലെ ഇവിടെയും ഒരു പാലമുണ്ട്. ഈ പാലത്തിലൂടെ കടന്നു പോകുന്നവർക്ക് പരലോകത്തെ പാലത്തിലൂടെയും കടന്നു പോകാൻ സാധിക്കുന്നതാണ്. ഇഹലോകത്തുള്ള പാലത്തെ മറികടന്നതുപോലെ പരലോകത്തുള്ള പാലത്തെയും മറികടക്കുന്നതാണ്. ഇവിടെ വൈദ്യുതിയുടെ വേഗത്തിലാണെങ്കിൽ അവിടെയും അതേ വേഗത്തിൽ, ഇവിടെ വായുവിന്റെ വേഗത്തിലാണെങ്കിൽ അവിടെയും അതേ വേഗത്തിൽ മറികടക്കുന്നതാണ്. എന്നാൽ ഇവിടുത്തെ പാലത്തിലൂടെ മുറിവേറ്റ് വിഴുകയാണെങ്കിൽ ആ പാലം മറികടക്കുമ്പോഴും മുറിഞ്ഞ് നരകത്തിലേക്ക് പതിക്കുന്നതാണ്.

ഇഹലോകത്ത് കടന്നുപോകേണ്ട പാലം ഏതാണ്? മതനിയമങ്ങളെ അനുസരിക്കലും സത്യമതത്തെ അനുധാവനം ചെയ്യലുമാണത്. അതിലൂടെ കടന്നു പോകുന്നവരിൽ ചിലർ സ്വഭാവ സവിശേഷതകളിൽ നിഷ്കർഷത പാലിക്കാത്ത കാരണത്താൽ മുറിവേറ്റ് താഴേക്ക് പതിക്കുന്നു. ചിലർ അസൂയയും വിദ്വേഷവും ഈർഷ്യയും കാരണത്താൽ വീണു പോകുന്നു. ചിലർക്ക് മതനിയമങ്ങളിലെ മറ്റ് കല്പനകൾ പാലിക്കാത്ത കാരണത്താൽ പാലം മറികടക്കാൻ സാധിക്കാതെ വരുന്നു. എന്നാൽ ഉന്നത ധാർമിക ഗുണങ്ങൾ സ്വായത്തമാക്കിയിട്ടുള്ളവർ, മതത്തെ അനുധാവനം ചെയ്യുന്നതിൽ പരിപൂർണരായിട്ടുള്ളവർ, അല്ലാഹുവിന്റെ കല്പനകളെ ആവേശത്തോടുകൂടി പാലിക്കുന്നവർ ആ പാലത്തിലൂടെ വൈദ്യുതിയെ പോലെ കടന്നു പോകുന്നു. ഇഹലോകത്തെ പാലത്തിലൂടെ ആടിയുലഞ്ഞ് കടന്നു പോയവർ പരലോകത്തെ പാലത്തെ എളുപ്പത്തിൽ മറികടക്കും എന്നത് അസാധ്യമാകുന്നു. ഇഹലോകത്ത് പാലത്തിലൂടെ ഓടികടക്കാത്തവർ പിശാചിന്റെ ആക്രമണത്തിൽ നിന്ന് സുരക്ഷിതരല്ല.

ഇഹലോകത്തുള്ള പാലം പരലോകത്തെ പാലത്തിലൂടെ കടന്നു പോകുന്നതിനുള്ള പരിശീലത്തിനായുള്ളതാണ്. ഇഹലോകത്തെ പാലത്തിലൂടെ കടന്നുപോകുന്നതിനായി പരിശീലനം ചെയ്യുന്നവർ, അതായത് കഴിവിന്റെ പരമാവധി മത നിയമങ്ങളെ പാലിക്കുന്നവർ അവർ പരലോകത്തെ പാലത്തിലൂടെ കടന്ന് പോകുന്നതാണ്. എന്നാൽ ഇവിടെ പരിശീലിക്കാത്തവർക്ക് ആ പാലത്തിലൂടെയും കടന്ന് പോകാൻ സാധിക്കില്ല. കാരണം ആത്മീയ കാര്യങ്ങൾക്കാണെങ്കിലും ഭൗതീക കാര്യങ്ങൾക്കാണെങ്കിലും പരിശീലനം അനിവാര്യമാണ്. അഭ്യാസികൾ എങ്ങനെയാണ് കയറിലൂടെ നടക്കുന്നതെന്ന് നോക്കുക. അതിന് കാരണം പരിശീലനമാണ്. ഒന്നോ രണ്ടോ ദിവസം കൊണ്ട് അവർ കയറിലൂടെ നടക്കാൻ തുടങ്ങുന്നില്ല. കാലങ്ങളോളം പരിശീലിക്കുമ്പോഴാണ് അവർക്കത് സാധ്യമാകുന്നത്. അതുപോലെ ഉദാഹരണമായി, ഡോക്ടർമാർ എത്ര സങ്കീർണവും ആപൽകരവുമായ ഓപറേഷനുകളാണ് ചെയ്യുന്നത്. ഒരാൾ നിത്യവും ഓപറേഷൻ ചെയ്യുന്നതായി ഡോക്ടറിനെ കാണുന്നുണ്ടെങ്കിൽ തന്നെയും പരിശീലനമില്ലാതെ അയാൾക്ക് വിജയകരമായ ഓപറേഷൻ നടത്താൻ സാധ്യമല്ല. കണ്ണ് ഓപറേഷൻ ചെയ്യുമ്പോൾ ഒരു പാട മുറിച്ച് അകത്ത് നിന്ന് ഒരു മണി പുറത്തെടുക്കുന്നു.

വിദഗ്ധനും പരിചിതനുമായ ഡോക്ടർ എത്ര സൂക്ഷ്മതയോടു കൂടിയാണ് അത് കൈകാര്യം ചെയ്യുന്നത്. എന്നാൽ മറ്റൊരാൾ കയ്യിട്ടാൽ തീർച്ചയായും കണ്ണ് നഷ്ടപ്പെട്ടത് തന്നെ.

ചുരുക്കത്തിൽ പരിശീലനം പ്രയോജനം ചെയ്യുന്നതാണ്. ഇവിടെ അല്ലാഹു മതനിയമത്തെ അനുസരിക്കുക എന്ന രൂപത്തിൽ നിങ്ങളുടെ മുന്നിൽ വെച്ചിട്ടുള്ള ആ പാലത്തിലൂടെ കടന്ന് പോകുന്നതിനുള്ള പരിശീലനം ചെയ്യാതെ പരലോകത്തെ പാലത്തെ മറികടക്കുന്നതാണെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നുവെങ്കിൽ അത് വ്യർഥമായ ചിന്തയാകുന്നു. ഇഹലോകത്തെ പാലത്തിലൂടെ കടന്നുപോകുന്നതിനായി പരിശീലനം നേടാത്തവർ പരലോകത്തെ പാലത്തെ മറികടക്കുന്നതല്ല. അവർ സ്വർഗത്തിൽ എത്തുന്നതിന് മുമ്പു തന്നെ നരകത്തിലേക്ക് പതിക്കുന്നതാണ്. ഇവിടെ ഒരു സ്ഥലത്ത് പോകുന്നതിനായി തീരുമാനിക്കുകയും എന്നാൽ വഴി ദുർഘടമായതിനാൽ യാത്ര ഉപേക്ഷിക്കുയും ചെയ്യുന്നതു പോലെ അവിടെയും പാലത്തിലൂടെയുള്ള യാത്ര ഉപേക്ഷിക്കാം എന്നാരെങ്കിലും കരുതുന്നുണ്ടെങ്കിൽ അതും നിരർഥകമാണ്. അവർക്ക് ആ വഴി അവലംബിക്കേണ്ടി വരുന്നത് തന്നെയാണ്. പ്രസ്തുത പാലത്തിലൂടെ നിർബന്ധമായും കടന്നുപോകേണ്ടി വരുന്നതാണ്. അതിനാൽ ഒന്നുകിൽ മുറിഞ്ഞ് നരകത്തിലേക്ക് പതിക്കും; അല്ലെങ്കിൽ തന്റെ പരിശീലനത്തിനനുസരിച്ച് വേഗത്തിൽ മറികടന്ന് സ്വർഗത്തിലേക്കെത്തുന്നതാണ്. ഇവിടെ ഭീരുവാകാം. ഒരു സ്ഥലത്തേക്കുള്ള തീരുമാനം മാറ്റിവെക്കാം. എന്നാൽ അവിടെ അത് സാധ്യമല്ല.

ചുരുക്കത്തിൽ പ്രസ്തുത പാലത്തിന്റെ യാഥാർഥ്യത്തിൽ വിശ്വസിക്കുക. അതിനെ വിസ്മരിക്കരുത്. ഇവിടെ നിങ്ങൾക്കായി തയ്യാറാക്കപ്പെട്ടിട്ടുള്ള പാലത്തെ സഫലമായി മറികടക്കുന്നതിനായി ശ്രമിക്കുക. അതിനെ മറുകടക്കുന്നതിൽ അശ്രദ്ധയും അലസതയും കാണിക്കുകയാണെങ്കിൽ നിരാശയും നാശവുമല്ലാതെ ഒന്നും കരസ്ഥമാകുന്നതല്ല.


ഇനി ഇക്കാര്യത്തെ നിങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുക. എന്നിട്ട് നിങ്ങൾക്കായി ഈ ലോകത്ത് സജ്ജമാക്കപ്പെട്ട ദൈവീക പാലത്തിലൂടെ കടന്ന് പോകുന്നതിനുള്ള പരീശീലനം ഉണ്ടോ ഇല്ലേ എന്ന് നോക്കുക. ഉണ്ടെങ്കിൽ വളരെ നല്ല കാര്യം. അഥവാ ഇല്ലെങ്കിൽ പരിശീലിക്കുക. പരിശീലിച്ചില്ലെങ്കിൽ ലജ്ജിതനാകേണ്ടി വരുന്നതിനോടൊപ്പം പരലോകത്ത് അപമാനിതനാകേണ്ടി വരുകയും ചെയ്യുന്നതാണ്.

(അൽ ഫദ്ൽ, 24.10.1921)

(വിവ. ടി.എം. അബ്ദുൽ മുജീബ് തമ്മനം, മുബല്ലിഗ് ചെന്നൈ)


mta INTERNATIONAL

Reaching the corners of the Earth



Every Friday live at 13.00 GMT on MTA International

**Live Translations:**
English, French, Arabic, German, Bengali

**Translations on repeat**
Russian, Turkish, Swahili, Tamil, Malayalam

## ജുമുഅ ഖുത്വ്ബ

എല്ലാ വെള്ളിയാഴ്ചകളിലും പള്ളികളിൽ പ്രാർഥനയ്ക്കായ് ഒരുമിച്ചു കൂടാൻ മുസ്‌ലിംകൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഈ വെള്ളിയാഴ്ച പ്രാർഥനയിലൂടെ വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യമായ പരിഹാരങ്ങൾ തേടാനും മുസ്‌ലിംകൾക്ക് അവസരം കൈവരുന്നു.

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആഴ്ചതോറും നിർവഹിച്ചു വരുന്ന ജുമുഅ പ്രഭാഷണം **മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ** (MTA)യിലൂടെ ലോകം മുഴുവൻ വിവിധ ഭാഷകളിലുള്ള തർജമ സഹിതം സംപ്രേഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ അഹ്മദിയ്യാ ഇമാം, പള്ളിയിൽ ഒരുമിച്ചു കൂടിയവരെ മാത്രമല്ല മറിച്ച് മുഴുലോകത്തേയുമാണ് അഭിസംബോധന ചെയ്യുന്നത്. ഈ സംവിധാനം മുഖേന കാലത്തിന്റെ ഇമാമിന് ആഗോള മുസ്‌ലിം സമുദായത്തെ ഉപദേശിക്കാനും അവരെ അലട്ടിക്കൊണ്ടിരിക്കുന്ന കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൃത്യസമയത്തുതന്നെ നിർദേശിക്കാനും ഔദാര്യവാനായ അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു.

www.mta.tv

# ജൂതജനതയും ആധുനികകാലവും

ചരിത്രത്തിലുടനീളം പീഡനം നിഴൽ പോലെ പിന്തുടർന്ന ഒരു ജനസമൂഹമാണ് യഹൂദ ജനത. ഫലസ്തീൻ ഭൂമിയിൽ അവർക്കുള്ള അവകാശം എന്നത് ഒരു മിഥ്യാവാദവും ചരിത്ര വസ്തുതകൾക്ക് നിരക്കാത്തതുമാണ്. യഹൂദ ജനതക്ക് മസീഹായി വന്ന ഈസാനബി (അ) യ്ക്ക് ശേഷം മുതൽ ആധുനിക കാലംവരെയുള്ള യഹൂദ ചരിത്രത്തിന്റെ ഗതി പരിണാമങ്ങളിലേക്ക് ഒരു അവലോകനം

എ. എം. മുഹമ്മദ് സലീം

**'സത്യമനുസരിച്ച് വഴികാട്ടുകയും അതു മുഖേന നീതി പാലിക്കുകയും ചെയ്യുന്ന ഒരു സമുദായം മൂസായുടെ ജനങ്ങളി (യഹൂദർ) ലുണ്ട്.' (7:160). 'അവർ എല്ലാവരും ഒരുപോലെയല്ല. ഗ്രന്ഥാനുസാരികളുടെ (ക്രിസ്ത്യാനികളിലും യഹൂദരിലും പെട്ടവർ) കൂട്ടത്തിൽ അവരുടെ കരാറുകളിൽ അടിയുറച്ച് നിൽക്കുന്നവരുമുണ്ട്. അവർ നിശാവേളകളിൽ അല്ലാഹുവിന്റെ വചനങ്ങൾ ഓതുകയും അവന്റെ മുമ്പിൽ പ്രണാമം അർപ്പിക്കുകയും ചെയ്യുന്നു. അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽക്കാര്യങ്ങൾ ഉപദേശിക്കുകയും നിഷിദ്ധകാര്യങ്ങൾ വിലക്കുകയും സൽക്കർമങ്ങളിൽ അഹമഹമികയാ മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവർ സദ്‌വൃത്തരിൽ പെട്ടവരാകുന്നു. അവർ ചെയ്യുന്ന നന്മകൾക്കനുസൃതമായ പ്രതിഫലം അവർക്ക് നിഷേധിക്കപ്പെടുന്നതല്ല. ആരാണ് തിന്മക്കെതിരെ സൂക്ഷ്മത പാലിക്കുന്നതെന്ന് അല്ലാഹു അറിയുന്നു.' (3:14–16) 'അവർ (യഹൂദർ) എവിടെ കാണപ്പെട്ടാലും അവരുടെ മേൽ ഹീനത്വം മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു. അല്ലാഹുവിൽ നിന്നോ**




റോമൻ പടയാളികളായ വെസ്പേഷ്യനും ടൈറ്റസും യഹൂദരെ ജെറുസലേമിൽ വെച്ച് യുദ്ധത്തിൽ പരാജയപ്പെടുത്തിയതിന്റെ സ്മാരകമായി എ ഡി 81 ൽ റോമിൽ പണിതുയർത്തിയ കമാന ഗോപുരം. ***'ആർക്ക് ഓഫ് ടൈറ്റസ്'*** എന്നാണ് ഇത് അറിയപ്പെടുന്നത്.

**മനുഷ്യനിൽനിന്നോ ഉള്ള (സംരക്ഷണ) ഉടമ്പടി മുഖേനയല്ലാതെ അവർ ഈ ഹീനത്വത്തിൽ നിന്നും സുരക്ഷിതരല്ല. അല്ലാഹുവിൽ നിന്നുള്ള കോപവുംകൊണ്ട് അവർ തിരിച്ചിരിക്കുന്നു. പരാധീനത അവരുടെ മേൽ മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിക്കുകയും പ്രവാചകരെ അന്യായമായ നിലയിൽ കൊല്ലാൻ ശ്രമിക്കുകയും ചെയ്യുന്നവരായിരുന്നുവെന്നതാണ് അതിന് കാരണം. ഇത് അവർ ധിക്കരിക്കുകയും അതിക്രമം പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്തത് കൊണ്ടാകുന്നു.' (3:113) 'തീർച്ചയായും പുനരുത്ഥാന നാൾവരേക്കും അവരുടെമേൽ കഠിന മർദനങ്ങൾ ഏൽപ്പിക്കുന്നവരെ താൻ എഴുന്നേൽപ്പിക്കുന്നതാണെന്ന് നിന്റെ നാഥൻ പ്രഖ്യാപിച്ച സന്ദർഭം. തീർച്ചയായും നിന്റെ നാഥൻ ശിക്ഷ നൽകുന്നതിൽ വേഗതയുള്ളവനാണ്. നിശ്ചയം അവൻ സർവഥാ പൊറുക്കുന്നവനും കരുണാമയനുമത്രെ. നാം അവരെ ഭൂമിയിൽ വിവിധ ജനങ്ങളായി പിരിച്ചു വ്യാപിപ്പിച്ചു. അവരിൽ സൽക്കർമകാരികളുണ്ട്. അതല്ലാത്തവരുമുണ്ട്.' (7:168,169) 'അതിന് ശേഷം ഇസ്റായേല്യരോട് നാം പറഞ്ഞു: 'നിങ്ങൾ ആ നാട്ടിൽ വസിച്ചു കൊള്ളുക. പിന്നീട് ഒടുവിലത്തെ വാഗ്ദാനം പൂർത്തിയാവുന്ന സമയമായാൽ നാം നിങ്ങളെ ഒരുമിച്ചു കൂട്ടികൊണ്ടു വരുന്നതാണ്.' (17:145)**

ലോകത്തിലെ ഏറ്റവും പുരാതനമായൊരു ജനവർഗമാണ് യഹൂദ ജനത. പ്രവാചകകേന്ദ്രിതവും സംഭവബഹുലവുമായ അവരുടെ ഭൂതവും ഭാവിയും നന്മയും തിന്മയും വിശുദ്ധ ഖുർആൻ സുദീർഘമായി പ്രതിപാദിക്കുന്നു. അത്കൊണ്ട് തന്നെ യഹൂദികളുടെ ചരിത്രം ഇസ്ലാമിക സാഹിത്യത്തിലെ വളരെ പ്രധാന്യമേറിയ ഒരു പഠനവിഷയമാണ്. ഇസ്ലാമിന്റെ പ്രമാണ ഗ്രന്ഥമായ വിശുദ്ധ ഖുർആനിലെ യഹൂദരെ സബന്ധിക്കുന്ന ചില വചനങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. നൂറ്റാണ്ടുകളായി വമ്പിച്ച പീഡനങ്ങൾക്കും മർദനങ്ങൾക്കും ഉന്മൂലനങ്ങൾക്കും വിധേയമായൊരു ജനതയാണ് യഹൂദർ. അവരിപ്പോൾ ശക്തന്മാരായി തിരിച്ചു വന്നിരിക്കുന്നു. വൻശക്തികളെപോലും വെല്ലുവിളിക്കുന്ന കരുത്തന്മാരായി ലോകത്തെ വമ്പിച്ച തോതിൽ സ്വാധീനിക്കുകയും നിരപരാധികളായ ജനതകളുടെമേൽ പീഡന മേൽപ്പിച്ചു കൊണ്ടിരിക്കുകയുമാണ്. യഹൂദ ജനതയുടെ ചരിത്രം ഭൗതിക ചരിത്ര നിയമങ്ങൾക്ക് വിശദീകരിക്കാൻ കഴിയാത്ത ഒരു പ്രഹേളികയാണ്. അവരുടെ ചരിത്രം അവർ അനുവർത്തിച്ചു വന്ന ധർമാധർമങ്ങളുടെ പ്രതിഫലനമാണെന്നാണ് ഖുർആൻ പറയുന്നത്. യഹൂദ ജനതയുടെ ഭാവിയെ സംബന്ധിച്ചും ഖുർആൻ സൂചന നൽകുന്നു. പ്രവാചകന്മാരോടും സഹജീവികളോടും വ്യവസ്ഥാപിത നിയമങ്ങളോടും അവർ കാണിച്ച കടുത്തധിക്കാരങ്ങളെയും ലംഘനങ്ങളെയും കുറിച്ച് ഖുർആൻ വിവരിക്കുന്നു. തങ്ങൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട പ്രവരജനവിഭാഗമാണെന്ന മിഥ്യാഭിമാനം പുലർത്തലും ഗൂഢാലോചനകളും അവരുടെ ഗോത്രീയ ജീവിതത്തിന്റെ ഭാഗമായിരുന്നുവെന്ന് വേദഗ്രന്ഥങ്ങളും ചരിത്രവും ഒരുപോലെ സാക്ഷ്യം വഹിക്കുന്നു. പുരാതന കാലത്തും മദ്ധ്യകാലഘട്ടത്തിലും ചരിത്രത്തിലുടനീളം കാണപ്പെട്ട അവർണനീയമായ യഹൂദപീഡനങ്ങൾ ഖുർആന്റെ ധാർമികബദ്ധമായ ചരിത്ര നിയമത്തിന്റെ സാധൂകരണമാണ്.

യേശുവിന്റെ കാലഘട്ടത്തിന് ശേഷം മദ്ധ്യകാലഘട്ടത്തിലെ പീഡന പർവം, ആധുനിക കാലഘട്ടത്തിലെ യൂറോപ്യൻ നവോത്ഥാനം, ഫ്രഞ്ച് വിപ്ലവം, രാഷ്ട്രീയ സയണിസത്തിന്റെ ആവിർഭാവം, ഇസ്രയേൽ രൂപീകരണം, ഗൾഫ് യുദ്ധം, ഇറാഖ് ആക്രമണം മുതലായ സംഭവങ്ങൾ യഹൂദ ചരിത്രത്തിലെ ഗതിവ്യതിയാനങ്ങളെ സൂചിപ്പിക്കുന്നു. യഹൂദ ചരിത്രത്തിലെ ആധുനിക കാലത്തെ ദിശാമാറ്റങ്ങളെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ സൂചനകളുണ്ട്. യേശുവിന്റെ കാലം മുതൽ സമകാലീന ലോകത്ത് യഹൂദരുടെ ഇടപെടൽ വരെയുള്ള സംഭവബഹുലമായ ജൂത ചരിത്രത്തിന്റെ ഒരു രേഖാചിത്രമാണ് ഇവിടെ അവതരിപ്പിക്കുന്നത്.

യഹൂദന്മാർ ക്രിസ്തുവിന് മുമ്പ്തന്നെ യൂറോപ്പിൽ കുടിയേറിപ്പാർത്തിരുന്നു. പുരാതന റോമിന്റെ കോളനിയായിരുന്നു ഫലസ്തീൻ. റോമുമായുള്ള ഈ ബന്ധം കാരണമായിരുന്നു യഹൂദികൾ റോമിൽ എത്തിച്ചേർന്നത്. കച്ചവടവും പലിശ വ്യാപാരവും ചെയ്തു വന്ന ജൂതന്മാർ കുടിയേറ്റ പ്രവണതയുള്ള ജനസമൂഹമായിരുന്നു. റോമാ സാമ്രാജ്യത്തിൽ 150 സ്ഥലങ്ങളിൽ യഹൂദർ പാർപ്പുറപ്പിച്ചതായി ചരിത്രകാരന്മാർ പറയുന്നു.

### യേശുവിന്റെ കാലത്തെ യഹൂദർ

റോമിന്റെ കോളനിയായിരുന്ന ഫലസ്തീനിൽ യഹൂദഗോത്രത്തിൽ യേശു ജനിക്കുമ്പോൾ അഗസ്റ്റസ് സീസർ എന്ന പേരിലറിയപ്പെടുന്ന ഒക്ടോവിയൻ ആയിരുന്നു റോം ഭരിച്ചിരുന്നത് (ബി.സി. 29 മുതൽ എ.ഡി.14 വരെ). അഗസ്റ്റസ് സീസറിന് ശേഷം ടൈബെരിയാസ് (എ.ഡി 14-37) റോം ഭരിച്ചു. ബൈബിളിലെ ഗലീലി കടലിന് തിബെര്യാസ് തടാകം എന്ന പേര് വന്നത് ഈ റോമൻ ചക്രവർത്തിയോടുള്ള ആദരസൂചകമായിട്ടാണ്. ഇദ്ദേഹത്തിന്റെ കാലത്തായിരുന്നു യേശുവിന്റെ കുരിശു സംഭവം. പിലാത്തോസിനെ യഹൂദ്യയിലെ പ്രൊക്യുറേറ്ററായി നിശ്ചയിച്ചതും തിബര്യാസ് ചക്രവർത്തിയായിരുന്നു. പിന്നീട് കയൂസ് (എ. ഡി 37-41) ഭരിച്ചു. കലിഗുള എന്നപേരിലറിയപ്പെട്ടിരുന്ന ഈ രാജാവ് ഈജിപ്തിലെ ഫറോവമാരുടെ ആരാധകനായിരുന്നു. താൻ അതുപോലെ ആരാധി ക്കപ്പെടണമെന്ന മോഹത്താൽ ഫലസ്തീനിൽ തന്റെ വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കാൻ അദ്ദേഹം പ്രത്യേകം താൽപ

ര്യമെടുത്തു. ഇതിനെതിരെ യഹൂദികൾ കലാപത്തിനൊരു ങ്ങിയപ്പോൾ കൂട്ടക്കൊല അരങ്ങേറുകയുണ്ടായി. ഫലസ്തീനിൽ പ്രൊക്യുറേറ്റർ ഭരണം അവസാനിപ്പിച്ച് കലിഗുള ഹെരോദോ രാജാവിന്റെ പൗത്രനായ അഗ്രിപ്പയെ രാജാവാക്കി വാഴിച്ചു. അഗ്രിപ്പയാണ് ഒരു രാജ്യമായി ഫലസ്തീനെ ഏകീകരിച്ചത്. കലിഗുളക്ക് ശേഷം റോമിൽ രാജാവായത് ക്ലോഡിയസ്(എ. ഡി 41-54) ആയിരുന്നു. ഇദ്ദേഹത്തെ സ്വന്തം ഭാര്യ വിഷം കൊടുത്തു കൊല്ലുകയാണുണ്ടായത്.

അതിന് ശേഷം വന്ന രാജാവാണ് നീറോ (എ. ഡി 54-68) ക്രൂരനും ചിത്തരോഗിയുമായ നീറോ സ്വന്തം മാതാവടക്കം അനേകം പേരുടെ ഘാതകൻ കൂടിയാണ്. നീറോ ഭരിക്കുമ്പോഴായിരുന്നു പിൽക്കാലത്ത് യേശുവിന്റെ ശിഷ്യനായ പൗലോസ് റോമിലെത്തിയത്. അന്ന് ജൂതമതത്തിന്റെ ഒരു അവാന്തര വിഭാഗമായിട്ടായിരുന്നു ആദിമ ക്രിസ്ത്യാനികൾ അറിയപ്പെട്ടിരുന്ന്. റോമിൽ യഹൂദരെയും ക്രിസ്ത്യാനികളെ വമ്പിച്ച തോതിൽ പീഡിപ്പിച്ച നീറോ അവസാനം റോമാ നഗരത്തിന് തീവെച്ചു ആത്മഹത്യ ചെയ്യുകയുണ്ടായി. ഈ നാല് റോമൻ ചക്രവർത്തിമാരും അഗസ്റ്റസ് സീസറുടെ ബന്ധുക്കളും യഹൂദന്മാരുടെയും ക്രിസ്ത്യാനികളുടെയും പീഡകരുമായിരുന്നു. ജൂദിയായിലെ റോമൻ പ്രൊക്യുറേറ്റർമാരും രാജാക്കന്മാരും റോമൻ ചക്രവർത്തിമാരുടെ ഹിതാനുവർത്തികളുമായിരുന്നു. സ്വയം ആരാധിക്കപ്പെടാൻ ആഗ്രഹിച്ചിരുന്ന അവരുടെ ഇംഗിതങ്ങൾക്ക് വഴങ്ങുക എന്നത് ഫലസ്തീനിലെ യഹൂദ ജനതക്ക് അത്യധികം അസഹനീയമായിരുന്നു.1

യഹൂദികൾ അന്ന് ഫലസ്തീനിൽ പരീശർ, സെദൂക്യർ, എസ്സീനികൾ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായിട്ടാണ് വിഭജിക്കപ്പെട്ടിരുന്നത്. തനത് പാരമ്പര്യത്തിലും സംസ്കാരത്തിലും അഹങ്കരിച്ചിരുന്ന യഹൂദികൾക്ക് റോമൻ സംസ്കാരത്തിന്റെ അടിമത്തവും മതപരമായ കടന്നുകയറ്റവും ഏറ്റവും അരോചകമായിരുന്നു. ദുർവഹമായ നികുതിയായിരുന്നു റോമൻ ഭരണാധികാരികൾ ചുമത്തിയിരുന്നത്. കൂടാതെ സോളമൻ ക്ഷേത്രത്തിലേക്കുള്ള മതപരമായ ഐച്ഛിക നികുതികളും യഹൂദർ കൊടുക്കേണ്ടതുണ്ടായിരുന്നു. ദാവീദിന്റെ പാരമ്പര്യത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് വന്ന് തങ്ങൾക്ക് സ്വന്തമായ ഒരു ഭരണം സമ്മാനിക്കുമെന്ന മധുര പ്രതീക്ഷകൾ ഹൃദയത്തിൽ താലോലിക്കുമ്പോൾതന്നെ സ്വന്തം നാട്ടിൽ അടിമകളായി കഴിയേണ്ടി വന്നത് യഹൂദി കളുടെ സാമൂഹ്യമനസ്സിനെ അത്യന്തം പ്രക്ഷുബ്ധമാക്കി. ഭരണ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ മതമൗലിക വാദികളുടെ നേതൃത്വത്തിൽ ഇടക്കിടെ ഉണ്ടാകാറുള്ള യഹൂദ കലാപങ്ങൾ ഫലസ്തീനിൽ സാധാരണയായിരുന്നു. ഭരണ കൂടത്തിലധിഷ്ഠിതമായ മതമൗലിക വാദത്തിനും വിപ്ലവങ്ങൾക്കും തികച്ചും വിരുദ്ധമായ അദ്ധ്യാപനങ്ങളാണ് യേശു നൽകിയത് ***'വാളെടുത്തവൻ വാളാൽ നശിക്കും' (മത്താ. 26:52)*** എന്നും ***'സീസറിനുള്ളത് സീസറിനും ദൈവത്തിന്റേത് ദൈവത്തിനും കൊടുക്കുക '(മത്താ. 22:22) 'എന്റെ രാജ്യം ഐഹികമല്ല. എന്റെ രാജ്യം ഐഹികമായിരുന്നുവെങ്കിൽ യഹൂദർക്ക് എന്നെ ഏൽപ്പിച്ചു കൊടുക്കാതിരിക്കാൻ എന്റെ ഭൃത്യർ പോരാടുമായിരുന്നു.'(യോഹ: 18:36)*** എന്നുള്ള ഉപദേശങ്ങളും പ്രസ്താവനകളും ഉപമാരുപത്തിലുള്ള നിരവധി വിവരണങ്ങളും യഹൂദികളുടെ കലാപ കലുഷിതമായ അധികാര ദുരക്ക് യേശു എതിരായിരുന്നു എന്ന് തെളിയിക്കുന്നു. ദൈവനിയുക്തനും അങ്ങേയറ്റം സമാധാന വാദിയുമായിരുന്ന യേശുവിന്റെ ഈ രാഷ്ട്രീയ വിമുഖതയായിരുന്നു അദ്ദേഹം നിരാകരിക്കപ്പെടാനുള്ള മുഖ്യകാരണം.

യേശു ജനിക്കുന്നതിന് ഒന്നര നൂറ്റാണ്ട് മുമ്പ് ഗ്രീക്കുകാരുടെ അടിമത്തത്തിലായിരുന്നപ്പോൾ ഫലസ്തീനിലെ യഹൂദർ കടുത്ത യവനവത്ക്കരണത്തിന് വിധേയരായിരുന്നു. നിർബന്ധിത മതപരിവർത്തനങ്ങളും യവന ദേവന്മാർക്ക് ബലിയർപ്പിക്കലും അവർക്ക് സഹിക്കവയ്യാതായി. അലക്സാണ്ടർ ചക്രവർത്തിക്ക് ശേഷം സെലുക്കാസ് രാജാവായ അന്തിയോക്കിസ് എപ്പിഫനാസ് ഏറ്റവും കിരാതമായ രീതിയിലായിരുന്നു ജൂതന്മാരെ പീഡിപിച്ചിരുന്നത് ഇതിനെതിരെ യൂദാസ് മക്കാബി എന്ന പുരോഹിത പുത്രന്റെ നേതൃത്വത്തിൽ ബി. സി 165 ൽ നടത്തിയ വിപ്ലവം വിജയിക്കുകയും റോമൻ ആധിപത്യകാലം വരെ ജൂത ഭരണം യഹൂദ്യയിൽ സ്ഥാപിതമാവുകയും ചെയ്തു. ബൈബിൾ പഴയ നിയമത്തിൽ മക്കബായർ എന്ന അദ്ധ്യായം ഈ ചരിത്രം വിവരിക്കുന്നു. മക്കാബിയൻ വിപ്ലവത്തിന്റെ സ്മരണകളും യേശുവിന്റെ കാലത്തെ യഹൂദ യുവാക്കളിൽ മതമൗലിക വാദ ചിന്ത ആളിക്കത്തിച്ചിരുന്നു.

ദാവീദും സോളമനുമായിരുന്നു യഹൂദ ചരിത്രത്തിൽ ഏറ്റവും പ്രതാപികളായ രാജാക്കന്മാർ. യേശു വരുന്ന കാലത്ത് യഹൂദികളിൽ ദാവീദിന്റെ ഭരണ സംവിധാനം പുനസ്ഥാപിക്കാനുള്ള ചിന്ത രൂഢമൂലമായിരുന്നു. അതിനായി അവർ മസീഹിനെ പ്രതീക്ഷിച്ചിരുന്നു. റോമാക്കാരുടെ ദുർവഹമായ നികുതിയും അടിച്ചമർത്തൽ നയവും യഹൂദികളിലെ വിപ്ലവ ചിന്തക്ക് ആക്കം കൂട്ടി. അപ്പോസ്തലനായ പോൾ തന്നെയും അദ്ദേഹത്തിന്റെ റോമൻ പ്രീണന നയത്തിന് മുമ്പ് ഒരു വിപ്ലവകാരിയായിരുന്നു . ഒന്നാം നൂറ്റാണ്ടിലെ യഹൂദ ചരിത്രകാരനായ ജോസഫസ് ഇത്തരം നിരവധി കലാപങ്ങളെപ്പറ്റി സൂചിപ്പിക്കുന്നു. അതിനിടെ നീറോയുടെ ഭരണ കാലത്ത് ഹെറോദാ അഗ്രിപ്പാ രണ്ടാമൻ രാജാവിന്റെ അഗമ്യഗമനങ്ങളുടെ പേരിൽ ഒരു പുതിയ കലാപം ഉയർന്നു വന്നു. നീറോ നിലവിലുള്ള

ഗവർണറെ മാറ്റി. അൽബിനുസിനെ ഗവർണ റാക്കി (എ.ഡി 62). കലാപം രൂക്ഷമായി. അൽബിനുസ് കലാപം അമർച്ച ചെയ്തു. ആയിരക്കണക്കിന് യഹൂദികൾ കൊല്ലപ്പെട്ടു. നീറോ ചക്രവർത്തി യഹൂദ്യയിലെ ജൂത ന്മാരല്ലാത്തവർക്ക് അത്യുന്നതമായ സിവിൽ അധികാരങ്ങൾ നൽകുകയായിരുന്നു. ഈ അധികാര മുപയോഗിച്ചു അവർ സിനഗോഗുകൾക്ക് മുമ്പിൽ കച്ചവടസ്ഥാപനങ്ങൾ നിർമിച്ചു. ഭണാധികാരികളും ഇതിന് വേണ്ട സഹായം ചെയ്തു കൊടുത്തു. ഇത് സംഘർഷങ്ങൾ പൊട്ടിപുറപ്പെടാൻ കാരണമായി. ഈ യഹൂദലഹളകളെ ഫ്ലോറസ് എന്ന പട്ടാള നായകൻ നിഷ്ക്കരുണം അടിച്ചമർത്തി. മുഖ്യയഹൂദ പുരോഹിതനും പരീശികളും മതമൗലിക വാദികളായ വിപ്ലവകാരികളും കൂടി യോഗം ചേർന്നു നയപരമായി പ്രശ്നം തീർക്കാൻ ശ്രമിച്ചെങ്കിലും വിപ്ലവകാരികൾ വഴങ്ങിയില്ല. അഗ്രിപ്പരാജാവ് 2000 പേരടങ്ങുന്ന സൈന്യത്തെ അയച്ച് കലാപം അടിച്ചമർത്തി വിപ്ലവകാരികളെ തുരത്തി. യഹൂദ വിപ്ലവകാരികൾ സർക്കാരിന്റെ പ്രധാന ഓഫീസുകളും നികുതി കാര്യാലയങ്ങളും ചുട്ടു ചാമ്പലാക്കി. ഇങ്ങനെ കലാപങ്ങളും വിപ്ലവങ്ങളും യഹൂദികൾക്കിടയിൽ വർധിച്ചു വന്നു.

എ.ഡി. 68 ൽ ജെറുസലേമിൽ ആഭ്യന്തര യുദ്ധം പൊട്ടിപുറപ്പെട്ടു. റോമൻ പട്ടാള കമാണ്ടറായി ഫലസ്തീനിൽ വന്ന വെസ്പേഷ്യൻ യഹൂദ സങ്കേതങ്ങളിൽ കടന്നു ചെല്ലുകയും ശമറിയ ജെറിക്കോ പെരിയ, മെക്കാറുഡ്, കുമ്രാൻ എന്നീ പട്ടണങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. ഇതിനിടെ നീറോ ചക്രവർത്തിയുടെ ആത്മഹത്യക്ക് ശേഷം റോമിൽ അരക്ഷിതാവസ്ഥ സംജാതമായി. വെസ്പേഷ്യൻ റോമിലേക്ക് മടങ്ങി. നാലു സൈനിക മേധാവികളായിരുന്നു പിന്നീട് റോമിന്റെ ഭരണാധികാരികൾ, അതിൽ ഒരാളായിരുന്നു വെസ്പേഷ്യൻ. അസാമാന്യമായ നിശ്ചയ ദാർഢ്യമുള്ളയാളും ശക്തനുമായിരുന്ന വെസ്പേഷ്യൻ റോമൻ സിംഹാസനത്തിന് വേണ്ടി മത്സരിച്ച നാലു പേരിൽ ഒടുവിൽ ജേതാവായി. റോമൻ സിംഹാസനത്തിന്റെ ഭരണാധികാരിയായി. ജെറുസലേമിൽ യഹൂദവിപ്ലവം അടിച്ചമർത്താൻ തുടങ്ങുമ്പോഴായിരുന്നു അദ്ദേഹം റോമിന്റെ വിളിക്കുത്തരം നൽകിയത്. താൻ തുടങ്ങിവച്ച ദൗത്യം പൂർത്തിയാക്കാൻ ഈജിപ്തിൽ സൈനിക സേവനം അനുഷ്ഠിച്ചിരുന്ന മകൻ ടൈറ്റസിനെ വിളിച്ചു വരുത്തി ഫലസ്തീനിലേക്കയച്ചു. എ. ഡി. 70 ൽ ടൈറ്റസിന്റെ നേതൃത്വത്തിൽ വെട്ടുകിളികളെ പോലെ റോമൻ പട്ടാളം ജെറുസലേമിലേക്ക് ഇരമ്പിക്കയറി. യേശുവിനോട് യഹൂദ ജനത ചെയ്ത അപരാധങ്ങൾക്കുള്ള ദൈവിക ശിക്ഷയായി ടൈറ്റസിന്റെ ആക്രമണം വിലയിരുത്തപ്പെടുന്നു. എൺപതിനായിരം പട്ടാളക്കാരുമായാണ് ടൈറ്റസ് ജെറുസലേം വളഞ്ഞത്. 3 ദിവസത്തെ പട്ടാള ഘോഷയാത്രകൾക്ക് ശേഷം രണ്ടാഴ്ച്ചയോളം മൺഭിത്തി കൊണ്ട് ചുറ്റുമതിലുള്ള ജെറുസലേം നഗരം ഉപരോധിച്ചു. ഒരോ ദിവസവും അഞ്ഞൂറോളം യഹൂദരെ കൊന്ന് മൃതദേഹം മൺഭിത്തിക്ക് മീതെ അകത്തുള്ളവർ കാണുമാറ് എറിയുമായിരുന്നു. ടൈറ്റസിന്റെ സേനയെ പ്രതിരോധിക്കാൻ 23,400 യഹൂദ പോരാളികൾ മാത്രമാണുണ്ടായിരുന്നത്. ആറ് ലക്ഷം യഹൂദർ ആ റോമൻ നരമേധത്തിൽ കൊല്ലപ്പെട്ടു. സോളമൻ ക്ഷേത്രം അഗ്നിക്കിരയാക്കി. ആ അഗ്നിയിലേക്ക് യഹൂദ കുഞ്ഞുങ്ങളെ വലിച്ചെറിഞ്ഞു. സ്ത്രീകളെ ബലാൽസംഗം ചെയ്തു കൊന്നൊടുക്കി. പുരോഹിതന്മാർ കൂട്ടത്തോടെ വധിക്കപ്പെട്ടു. ജെറുസലേം ജനശൂന്യമായിപ്പോയി. പിടിക്കപ്പെട്ട യഹൂദരെ റോമിലെ വിജയ ഘോഷയാത്രയിൽ പ്രദർശിപ്പിക്കാൻ അടിമകളാക്കി കൊണ്ടു പോയി. റോമൻ ഭരണാധികാരികൾ വമ്പിച്ച പ്രാധാന്യം നൽകിയ ഈ യുദ്ധത്തിന്റെ സ്മരണക്കായി 'ദ ആർക്ക് ഓഫ് ടൈറ്റസ്' എന്ന പേരിൽ ഒരു കമാനം വിജയസ്തംഭമായി പണിയുകയുണ്ടായി. റോമിൽ അത് ഇന്നും കാണാം. യുദ്ധസ്മാരകമായി പ്രത്യേകനാണയവും അടിച്ചിറക്കി. (2)

യേശുവിന് ശേഷം റോമാസാമ്രാജ്യം യഹൂദികളോടും ക്രിസ്ത്യാനികളോടും ഒരുപോലെ മർദന നയമായിരുന്നു സ്വീകരിച്ചിരുന്നതെങ്കിലും അവർ റോമൻ മർദകർക്കെതിരെ ഒരിക്കലും ഐക്യപ്പെട്ടിരുന്നില്ല. ജെറുസലേമിൽ അവശേഷിച്ച യഹൂദരുടെ അടുത്ത തലമുറ എ.ഡി 132 ൽ സൈമൺ ബെൻ കൊസേബ എന്ന അശ്വാരൂഢനായ സൈനികന്റെ നേതൃത്വത്തിൽ താനാണ് യഹൂദർക്ക് വാഗ്ദാനം ചെയ്യപ്പെട്ട ദാവൂദിന്റെ സന്താന പരമ്പരയിൽപ്പെട്ട മസീഹ് എന്ന് പറഞ്ഞ് രംഗ പ്രവേശനം ചെയ്തു. ബാർ കൊച്ച്ബ Bar Kochba- നക്ഷത്ര പുത്രൻ) എന്ന പേരിൽ അറിയപ്പെട്ട ഈ സൈനിക മസീഹിനെ പിന്തുണക്കാൻ മഹാപണ്ഡിതനായ യഹുദ മുഖ്യപുരോഹിതൻ റബ്ബി അകിബ ഉണ്ടായിരുന്നു. യഹുദികളുടെ പ്രഭാവം നശിച്ച ജെറുസലേമിൽ ക്രിസ്ത്യാനികളും റോമൻ. ഭരണാധികാരികളാൽ പീഡിതരായിരുന്നു. ബാർ കൊച്ച്ബയുടെ നേതൃത്വത്തിൽ റോമൻ ഭരണത്തിനെതിരെ കലാപം സംഘടിപ്പിച്ച യഹൂദരുമായി കൂട്ടുചേരാൻ മർദിതരായ ക്രിസ്ത്യാനികൾ തയ്യാറായിരുന്നില്ല. സത്യമസീഹിനെ സ്വീകരിച്ച ക്രിസ്ത്യാനികൾ യഹൂദരുടെ പേരിൽ വന്ന വ്യാജ സൈനിക മിശിഹാ ആയ ബാർ കൊച്ച്ബയോട് അടുക്കാൻ പോലും ഇഷ്ടപ്പെട്ടില്ല. റോമൻ ചക്രവർത്തിയായിരുന്ന ഹർദിയാൻ, അന്ന് ബ്രിട്ടന്റെ സൈനിക മേഖലയിൽ യുദ്ധം നയിച്ചിരുന്ന സെവറിയുസ് എന്ന പട്ടാള മേധാവിയെ വിളിപ്പിച്ച് ജെറുസലേമിലേക്കയച്ച് യഹൂദ കലാപത്തെ മുച്ചൂടും നശിപ്പിച്ചു. ജൂതന്മാരെ ഉന്മൂലനാശം വരുത്തുകയും ബാർ കൊച്ച്ബ എന്ന അവരുടെ വ്യാജമസീഹിനെ വധിക്കുകയുംചെയ്തു. (3)

യഹൂദന്മാർക്ക് പിന്നീട് എ. ഡി 212 ൽ റോമിൽ പൗരത്വം നൽകപ്പെടുകയുണ്ടായി. ക്രിസ്തുവിന്റെ തൊട്ടടു

ത്തുള്ള നൂറ്റാണ്ടുകളിൽ വമ്പിച്ച ത്യാഗങ്ങൾ സഹിച്ചാണ് ക്രിസ്ത്യാനികൾ റോമാ സാമ്രാജ്യത്തിൽ ജീവിച്ചത്. പാവനമായ യേശുവിന്റെ അദ്ധ്യാപനങ്ങൾ ജീവിതത്തിൽ പാലിക്കാൻ ആദിമ ക്രിസ്ത്യാനികൾ സഹിച്ച ത്യാഗം നിസ്തുലമാണ്. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ ക്രിസ്തു മത സ്വീകരണത്തോടെയാണ് ക്രിസ്തീയ പീഡനങ്ങൾക്ക് ശമനമുണ്ടായത്. മൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷം റോമിൽ ക്രിസ്ത്യാനികൾക്ക് മേൽകൈ ലഭിച്ചപ്പോൾ അവർ ചരിത്രം കണ്ടതിൽ വെച്ച് ഏറ്റവും വലിയ യഹൂദ പീഡകരായി മാറുകയായിരുന്നു. പിന്നീടുള്ള യഹൂദരുടെ ചരിത്രം നിർദയരായ ക്രിസ്ത്യാനികളാൽ അവർ പീഡിപ്പിക്കപ്പെട്ട യഹൂദരുടെ ചരിത്രം കൂടിയാണ്.

**മത പരമായ കാരണങ്ങൾ**

**'ക്രിസ്ത്യാനികൾക്ക് യാതൊരു പ്രമാണവുമില്ലെന്ന് യഹൂദികൾ പറയുന്നു. യഹൂദികൾക്ക് യാതൊരുപ്രമാണവുമില്ലെന്ന് ക്രിസ് ത്യാനികളും പറയുന്നു.'** (വി.ഖുർ ആൻ: 2:114)

യൂറോപ്പിൽ നടന്ന യഹൂദ വേട്ടയുടെ മതപരമായ കാരണമെന്താണെന്ന് നമുക്ക് നോക്കാം. ആന്റി സെമിറ്റിസം പോഗ്രാം, ഇങ്കിസിഷൻ എന്നീപേരുകളിൽ ചരിത്രത്തെ യഹൂദരക്തം കൊണ്ട് ശോണിമമാക്കിയ ക്രിസ്തീയ ഭരണകൂടങ്ങൾ യഹൂദരുടെ എക്കാലത്തേയും വലിയ മർദകരായിരുന്നു. യഹൂദർക്ക് അവരുടെ ന്യായ പ്രമാണം നിവർത്തിക്കാൻ വേണ്ടി വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ ആയിരുന്നു യേശു. പക്ഷേ അദ്ദേഹത്തെ ബഹുഭൂരിപക്ഷം വരുന്ന യഹൂദികൾ സ്വീകരിച്ചില്ലെന്ന് മാത്രമല്ല അതിക്രൂരമായി കുരിശിലേറ്റുകയുമുണ്ടായി. ഇതിന്റെ വർണനകൾ നാലു സുവിശേഷങ്ങളിലും കാണാം. യേശുവിന്റെ മുഖ്യ പ്രതിയോഗികളും പീഡകരും യഹൂദ പുരോഹി തന്മാരായിരുന്നു. മതപുരോഹിതന്മാരുടെ ദൂഷിത വലയത്തിൽ നിന്നും യഹൂദ ജനതയെ മോചിപ്പിക്കുകയായിരുന്നു യേശുവിന്റെ മുഖ്യദൗത്യം. അവർക്കെതിരെയുള്ള ഭത്സനങ്ങൾ സുവിശേഷങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. യഹൂദ മത നേതാക്കന്മാരും കപട നാട്യക്കാരുമായ പരീശരേയും ശാസ്ത്രി മാരേയും യേശു ശകാരിക്കുന്നത് നോക്കൂ. *'വേദജ്ഞരും ഫിസേയരും മോശേയുടെ പീഠത്തിൽ ഇരിക്കുന്നു ...അവർ ചെയ്യുന്നത് നിങ്ങൾ പ്രമാണിക്കരുത് കാരണം അവർ പ്രസംഗിക്കുന്നത് അവർ ചെയ്യുന്നില്ല. അവർ ദുർവഹമായ നികുതി ചുമടുകൾ കെട്ടുന്നു. അവ മനുഷ്യരുടെ ചുമലുകളിൽ വെക്കുന്നു. എന്നാൽ തങ്ങളുടെ വിരൽ കൊണ്ട് സഹായിക്കാൻ പോലും അവർ ഒരുക്കമില്ല. അവർ ചെയ്യുന്നതെല്ലാം മനുഷ്യരെ കാണിക്കാൻ വേണ്ടിയാണ്. അവർ തിരുവചനങ്ങൾ എഴുതിയ നെറ്റിപ്പട്ടങ്ങൾക്ക് വീതി കൂട്ടുന്നു. മേലങ്കിയിലെ തൊങ്ങലുകൾക്ക് നീളം കൂടുന്നു. അവർ വിരുന്നുകളിൽ മുഖ്യ സ്ഥാനവും സിനഗോഗുകളിൽ ഏറ്റവും മികച്ച ഇരിപ്പിടവും ചന്ത സ്ഥലങ്ങളിൽ അഭിവാദനവും മനുഷ്യരിൽ നിന്ന് ഗുരോ എന്ന അഭിസംബോധനയും മോഹിക്കുന്നു.'(മത്തായി: 23: 27)* യേശു ഒരിക്കൽ പറഞ്ഞു: *'ഞാൻ ദൈവത്തിൽ നിന്ന് വന്നവനാണ്. സ്വമേധയാ വന്നവനല്ല. അവൻ എന്നെ അയച്ചതാണ്. എന്തു കൊണ്ടാണ് ഞാൻ പറയുന്നത് നിങ്ങൾ മനസ്സിലാക്കാത്തത്. എന്റെ വാക്ക് കേൾക്കാൻ നിങ്ങൾക്ക് കഴിയാത്തതു കൊണ്ട് തന്നെ. നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽ നിന്നുള്ളവരാണ്. നിങ്ങൾ നിങ്ങളുടെ പിതാവിന്റെ ആഗ്രഹങ്ങൾ നിറവേറ്റാനാണ് ഇച്ഛിക്കുന്നത്. അവൻ ആദി മുതൽക്ക് തന്നെ കൊലയാളിയായിരുന്നു. കാരണം അവന് സത്യം ഇല്ല. നുണ പറയുമ്പോൾ അവൻ സ്വന്തം പ്രകൃതിയനുസരിച്ച് സംസാരിക്കുന്നു. അവൻ നുണയും നുണയുടെ പിതാവുമാണ്.' (യോഹ: 42-45)* ബൈബിളിൽ ജൂതന്മാരെ പറ്റിയുള്ള യേശുവിന്റെ രൂക്ഷമായ പരാമർശങ്ങൾ യോഹാന്നാനിലാണുള്ളത്. അതുകൊണ്ട് സുവിശേഷകാരനായ യോഹാന്നാനെ ക്രിസ്ത്യാനികളുടെ യഹൂദ വിരോധത്തിന്റെ (ആന്റി സെമിറ്റിസത്തിന്റെ) ആചാര്യനായി ചിലർ വിശേഷിപ്പിക്കുന്നുണ്ട്.(4)' യോഹന്നാൻ സുവിശേഷത്തിൽ ഒരു വചനം നോക്കൂ. ***'യഹൂദന്മാർ അവനെ കൊല്ലുവാവൻ അന്വേഷിച്ച തിനാൽ യഹൂദ്യയിൽ സഞ്ചരിപ്പാൻ അവന്ന് മനസ്സിലായിരുന്നു.' (യോഹ: 7:1)***

അപ്പോസ്തലനായ സെന്റ് പോളിന്റെ നിലപാടുകളും യഹൂദ വിരോധത്തിന് കാരണമായി തീർന്നു. യേശു ന്യായ പ്രമാണം പാലിക്കുകയും യഹൂദർ അത് പാലിക്കണമെന്ന് പറയുകയുമാണ് ചെയ്തത്. (മത്തായി 5: 117) എന്നാൽ സ്വന്തം യഹൂദ പാരമ്പര്യം നിഷേധിച്ചു കൊണ്ട് ശൗൽ എന്ന യഹൂദ നാമം മാറ്റി, പൗലുസ്(പോൾ) എന്ന റോമൻ പേരും റോമൻ പൗരത്വവും സ്വീകരിച്ചയാളാണ് സെന്റ് പോൾ. സെന്റ് പോൾ യഹൂദരുടെ ന്യായ പ്രമാണം തള്ളിപ്പറയുകയാണുണ്ടായത്. (2 കൊറിന്ത്യ: 3:12-15) യഹൂദ പാരമ്പര്യത്തിൽ നിന്നും ക്രിസ്തു മതത്തെ യഹൂദ വിരോധത്തിന്റെ പന്തിയിലേ ക്ക് നയിച്ചതിൽ പോളിന്റെ പങ്കും ചെറുതല്ല. സുവിശേഷ പ്രചാരണത്തിനിറങ്ങിയ പൗലോസിനെ കൊല്ലുമെന്ന് 40 യഹൂദർ ശപഥം ചെയ്തതായി ബൈബിൾ പറയുന്നു. ആ സന്ദർഭത്തിൽ ഈ റോമൻ പൗരത്വമാണ് അദ്ദേഹത്തെ തൽക്കാലം തുണച്ചതെന്ന് ബൈബിൾ സാക്ഷിക്കുന്നു.

യേശുവിനെ ക്രൂശിച്ചുകൊല്ലണമെന്ന് മുറവിളി കൂട്ടിയ യഹൂദ ജനതയുടെ മുമ്പിൽ വെച്ച് ഈ പാപത്തിൽ തനിക്ക് പങ്കില്ലെന്ന് വരുത്തുവാൻ പീലാത്തോസ് കൈകഴുകിയപ്പോൾ യഹൂദികൾ വിളിച്ചു പറഞ്ഞ വചനങ്ങൾ ഏതൊരു ക്രിസ്ത്യാനിയുടെ ഹൃദയ ത്തിലും യഹൂദികളോടുള്ള തീരാപ്പക സൃഷ്ടിക്കാൻ പോന്നതായിരുന്നു. ***'പീലാത്തോസ് കുറ്റാരോപിതനായ യേശു***

***വിന്റെ വിചാരണ പൂർത്തിയാക്കി ജനക്കൂട്ടത്തിന്റെ മുമ്പിൽ വന്ന് കൈ കഴുകി പറഞ്ഞു: ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് പങ്കില്ല. നിങ്ങൾ തന്നെ അത് ഏറ്റു വാങ്ങിക്കൊൾക. അപ്പോൾ ജനം ഒന്നിച്ച് ഏറ്റു പറഞ്ഞു: 'അവന്റ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്താനങ്ങളുടെ മേലും ആയിരിക്കട്ടെ' (മത്താ 27: 25)*** എന്നായിരുന്നു യഹൂദികൾ പിലാത്തോസിനോട് വിളിച്ചു പറഞ്ഞത്. യഹൂദന്മാരുടെ മേൽ വീണ രക്ത ശാപം( Blood Curse) എന്നാണ് ഈ സംഭവം അറിയ പ്പെടുന്നത്. മഹാനായ യേശുവിനെ ക്രൂശിച്ചതിൽ പുണ്യം ആഘോഷിക്കുന്ന ബൈബിളിൽ നിന്നുള്ള യഹൂദരുടെ ക്രൂരമായ ഈ നിന്ദാവചനം ചർച്ചുകളിൽ മുഴങ്ങുമ്പോൾ അക്രമാസക്തരായി യഹൂദ വേട്ടക്കിറങ്ങുന്ന ക്രിസ്തീയ കലാപകാരികളുടെ വേലിയേറ്റങ്ങൾ മധ്യകാല യുറോപ്പിലെ സ്ഥിരം പ്രതിഭാസമായിരുന്നു.

യഹൂദ വിരോധത്തിന്റെ മതപരമായ കാരണം ബൈബിൾ പരാമർശങ്ങൾ മാത്രമല്ല.- യഹൂദികളുടെ മത സാഹിത്യങ്ങൾ മിശിഹയായ ക്രിസ്തുവിനെതിരെ എഴുതിയ അങ്ങേയറ്റം ജുഗുപ്സാവഹമായ നിന്ദാവചനങ്ങൾ കൂടിയാണ്. പിതൃരഹിനായ യേശു ജാരസന്താനം (നഊദു ബില്ലാഹ്- ദൈവത്തിൽ ശരണം) എന്നാണ് ചില യഹൂദർ വിശ്വസിക്കുന്നത്. Christianity A Journey from Fact to Fiction എന്ന പുസ്തകത്തിൽ അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) യഹുദരുടെ ഇത്തരം അധമ സാഹിത്യങ്ങളെ പറ്റി ഒരു വിവരണം നൽകുണ്ട്.

യഹൂദ ജനതയുടെ മതപരമായ സകല ജ്ഞാനങ്ങളും വിശ്വാസങ്ങളും വ്യാഖ്യാനിക്കുന്ന ഒരു സൈദ്ധാന്തിക പുസ്തമാണ് തൽമൂദ്. അതിന്റെ അദ്ധ്യാപന പ്രകാരം യേശുവിന്റെ ജനനം ജാരമാർഗത്തിലുള്ളതാണ് എന്ന് മാത്രമല്ല യേശുവിന്റെ മാതാവ് ഋതുമതിയായിരുന്നപ്പോൾ പിശാചുമായുണ്ടായ വേഴ്ച്ചയിലാണ് അദ്ദേഹം ജന്മം കൊണ്ടത് എന്ന് എഴുതുന്നു. വീണ്ടും തൽമൂദ് അക്കാര്യം വിശദീകരിക്കുന്നുണ്ട്. യേശുവിന് ഈസാവു (Esavu) വിന്റെ ആത്മാവാണുണ്ടായിരുന്നത്. അയാൾ ഒരു വിഡ്ഢിയായിരുന്നു. ഒരു ആഭിജാരകൻ. ലൈംഗികമായി വഴിപ്പിഴപ്പിക്കുന്നവനുമായിരുന്നു അയാൾ. അതു കൊണ്ട് അയാളെ ക്രൂശിച്ച് നരകത്തിൽ തള്ളി. അനുയായികളിൽ അയാൾ എക്കാലത്തേയും ഒരു ബിംബമായി. താഴെക്കാണുന്ന ഉദ്ധരണി റവ: ഐ. ബി. പ്രാനൈറ്റിഡ് എഴുതിയ The Thalmud Unmasked (തൽമൂദ് മുഖം മൂടിയില്ലാതെ) എന്ന പുസ്തകത്തിൽ നിന്ന് എടുത്തിട്ടുള്ള താണ്.

(തുടരും)

---

പേജ് 14 ൽ നിന്ന് തുടർച്ച

വയാണ്. ഭൗതിക ജ്ഞാന ഗവേഷണങ്ങളിൽ വെളിപാടുകളുടെ സഹായമില്ലാതെ തന്നെ അദൃശ്യകാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തുവാനുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ട്. ദൈവിക സഹായവും അനുമതിയും കൂടാതെ ദൈവിക ജ്ഞാനത്തിന്റെ ചെറിയൊരംശം പോലും പൂർണമായും ഗ്രഹിക്കാനുള്ള മനുഷ്യന്റെ കഴിവിനെയാണ് ഖുർആൻ സംശയാതീതമായി നിരാകരിക്കുന്നത്. അവന്റെ അറിവിൽ നിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ യാതൊന്നും അവർ പ്രാപിക്കുന്നില്ല.

സന്ദേശം വളരെ വ്യക്തമാണ്. അജ്ഞേയമായ മേഖലയിലെ ജ്ഞാനങ്ങൾ അല്ലാഹു അനുവദിക്കുന്ന അളവിൽ മാത്രമേ മനുഷ്യന് പ്രാപിക്കാൻ സാധ്യമാവൂ. ഭൗതികമാണെന്ന് പറയപ്പെടുന്ന ഗവേഷണങ്ങളും പര്യവേക്ഷണങ്ങളും പൂർണമായും ഭൗതികമല്ല എന്ന സൂചനയും ഇതിലടങ്ങിയിരിക്കുന്നു. ഓരോ കാലഘട്ടത്തിലും ഓരോ വിജ്ഞാന മേഖലകൾ തുറക്കപ്പെടുന്നു. അത് ദൈവികമായ ആസൂത്രണത്തിന്റെയും പരികൽപനയുടെയും ഫലമായിട്ടാണ്.

---

**ഖുത്ബ** പേജ് 7 ൽ നിന്ന് തുടർച്ച

മർയം ഇറങ്ങി വരുന്നതായി കാണാൻ സാധിക്കുന്നതല്ല. അതിനുശേഷം അവരുടെ മക്കളും മർയമിന്റെ പുത്രൻ ഈസാ(അ) ഇറങ്ങുന്നതായി കാണാതെ തന്നെ മരണമടയും. പിന്നെ അവരുടെ മക്കളുടെ മക്കളും ഈസാനബിയെ കാണാതെ നിരാശരായി മരണമടയുന്നതാണ്. അപ്പോൾ അല്ലാഹു ഇവരുടെ ഹൃദയങ്ങളിൽ ഭയവും പരിഭ്രമവും ഉളവാക്കും. കാരണം അന്ന് കുരിശിന്റെ മേധാവിത്വ കാലം കഴിഞ്ഞുപോകുകയും ലോകം ഒരു നവീന ഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടാകും. എന്നാലും മർയമിന്റെ പുത്രൻ ഈസാ അതുവരേയും ഇറങ്ങി വന്നിരിക്കുകയില്ല. തദവസരത്തിൽ ചിന്താശീലർ ഇത്തരം വിശ്വാസത്തെ പാടെ വെറുത്തു തുടങ്ങും. അങ്ങനെ ഇന്നുമുതൽ മൂന്നു നൂറ്റാണ്ടു പൂർത്തിയാകുന്നതിനു മുമ്പേ ഈസായെ കാത്തിരിക്കുന്നവർ മുസ്‌ലീംകളാവട്ടെ ക്രിസ്ത്യാനികളാവട്ടെ എല്ലാവരും അദ്ദേഹത്തിന്റെ വരവിനെക്കുറിച്ച് നിരാശപ്പെടുകയും തീരെ മനം മടുത്ത് ഈ വിശ്വാസത്തെ പരിത്യജിക്കുകയും ചെയ്യും! ലോകത്ത് ഒരേയൊരു മതമായിരിക്കും ഉണ്ടാകുക; ഒരേയൊരു നേതാവും. ഞാനൊരു ബീജാവാപം ചെയ്യാൻ വന്നിരിക്കുന്നു. എന്റെ കൈയാൽ ആ ബീജം നടപ്പെട്ടു. ഇനി അതു വളരും. പുഷ്പിക്കും. അത് തടയാൻ ആർക്കും സാധ്യമല്ല. ഇൻശാഅല്ലാഹ്."

ഈ രീതിയിൽ അല്ലാഹു പുതിയ പുതിയ വഴികൾ തുറക്കുന്നു. ഇക്കാര്യത്തെ കുറിച്ച് ചിന്തിക്കാൻ ജനങ്ങളുടെ മനസ്സുകളിൽ സ്വയം ബോധനം ചെയ്യുന്നു. വളരുകയും പുഷ്പിക്കുകയും ചെയ്യുന്ന മരത്തിന്റെ ഭാഗമായി എപ്പോഴും നില്ക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. ശക്തമായ പാറപോലെ നമ്മുടെ ഈമാൻ നിലനില്ക്കുമാറാകട്ടെ. നമ്മൾ എപ്പോഴും നമ്മുടെ ചുതലകൾ നിറവേറ്റുന്നവരായിത്തീരട്ടെ. (വിവർത്തനം: മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ)

# വിശുദ്ധ ഖുർആന്റെ അദ്ഭുതങ്ങൾ ശാസ്ത്രജ്ഞർ അംഗീകരിക്കുന്നു

വിശ്വപ്രശസ്തരായ നാല് ശാസ്ത്രജ്ഞന്മാർ മുഹമ്മദ് നബി (സ)യെക്കുറിച്ചും വിശുദ്ധഖുർആനെക്കുറിച്ചും പറഞ്ഞ അഭിപ്രായങ്ങൾ ഇംഗ്ലണ്ടിൽ നിന്ന് പുറപ്പെടുന്ന 'Sutton Guardian' എന്ന പത്രം പ്രസിദ്ധീകരിച്ചത്. (2014 ജൂലായ് 12)

മനുഷ്യ ഭ്രൂണത്തിന്റെ വളർ ച്ചയുടെ ഘട്ടങ്ങൾ അതിസങ്കീർ ണമാണ്. അതിന്റെ വികാസ പരിണാമത്തിന്റെ തുടർച്ചയായ പ്രകൃതി തന്നെ വിശുദ്ധ ഖുർആനിലും സുന്നത്തിലും ഉപയോഗിക്കപ്പെട്ടിട്ടുള്ള വിവരണങ്ങളുപയോഗിച്ച് പുതിയ ഒരു വർഗീകരണ രീതി ആവിഷ്ക്കരിക്കാവുന്നതാണ്. ഈ നിർദിഷ്ട രീതി വളരെലളിതവും സമഗ്രവും ആധുനിക ഭ്രൂണശാസ്ത്ര വിജ്ഞാനത്തോട് പൊരുത്തപ്പെടു ന്നതുമാണ്. കഴിഞ്ഞ നാലു വർഷമായി വിശുദ്ധ ഖുർആനിലും ഹദീസിലും നടത്തിയ അഗാധമായ പഠനം വെളിപ്പെടുത്തിയിരിക്കുന്നത് ക്രിസ്തു വർഷം 7-ാം നൂറ്റാണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭ്രൂണങ്ങളുടെ ഈ വർഗീകരണ രീതി അദ്ഭുതാവഹമാണെന്നാണ്. ഭ്രൂണശാസ്ത്ര വിജ്ഞാനത്തിന്റെ ഉപജ്ഞാതാവായ അരിസ്റ്റോട്ടിൽ കോഴിമുട്ടയുടെ പഠനത്തിൽ നിന്ന് കോഴിയുടെ ഭ്രൂണത്തിന്റെ വികാസ ഘട്ടങ്ങൾ മനസ്സിലാക്കിയിരുന്നുവെങ്കിലും ഈ ഘട്ടങ്ങളുടെ വിശദീകരണം നൽകിയിട്ടുണ്ടായിരുന്നില്ല. ഭ്രൂണ ശാസ്ത്രത്തിന്റെ ചരിത്രം പരിശോധിച്ചാൽ മനുഷ്യഭ്രൂണത്തിന്റെ ഘട്ടങ്ങളുടെയും വർഗീകരണത്തെയും കുറിച്ചുള്ള അറിവ് 12-ാം നൂറ്റാണ്ടുവരെ വളരെ പരിമിതമായിരുന്നുവെന്ന് കാണാൻ കഴിയും. ഈ കാരണം കൊണ്ടു തന്നെ വിശുദ്ധ ഖുർആനിലെ മനുഷ്യ ഭ്രൂണത്തെക്കുറിച്ചുള്ള വിവരണം ഏഴാം നൂറ്റാണ്ടിലെ ശാസ്ത്ര വിജ്ഞാനത്തെ അടിസ്ഥാനമാക്കിയുള്ളതാവാൻ തരമില്ലല്ലോ.

**ഡോ.ടി. വി. എൻ പെർസൗദ് (അനാട്ടമി പ്രൊഫസർ, മനിടോബ യൂണിവേഴ്സിറ്റി, കനഡ):** എന്നോട് പറയപ്പെട്ടിരുന്നത് മുഹമ്മദ് സാധാരണക്കാരനാണെന്നായിരുന്നു എന്നാണ്. അദ്ദേഹത്തിന് വായിക്കാനോ എഴുതാനോ സാധിച്ചിരുന്നില്ല. യഥാർഥത്തിൽ അദ്ദേഹം നിരക്ഷരനായിരുന്നു. നമ്മളിപ്പോൾ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പുള്ള കാര്യമാണ് സംസാരിക്കുന്നത്. നിങ്ങളുടെ അടുക്കൽ നിരക്ഷരനായ ഒരാളുണ്ട്. അദ്ദേഹം ചിന്തോദ്ദീപകമായ ചില പ്രഖ്യാപനങ്ങളും പ്രസ്താവനകളും നടത്തുന്നു. ശാസ്ത്ര പ്രകൃതിയുള്ള അത്തരം പ്രസ്താവനകൾ അദ്ഭുതാവഹമാം വിധം കണിശമാണ്. ഇത്തരം ശാസ്ത്രീയ സത്യങ്ങൾ യാദൃച്ഛികമാണെന്ന് പറയാൻ വ്യക്തിപരമായി എനിക്ക് കഴിയുകയില്ല. മുഹമ്മദ് നടത്തിയ ഇത്തരം പ്രസ്താവനകൾ ദൈവിക പ്രചോദനത്താലോ വെളിപാട് കാരണമായോ ആണെന്ന് പറയാൻ എനിക്ക് യാതൊരു പ്രയാസവുമില്ല.

**ഡോ. ഈ മാർഷൽ ജോൺസൺ (പ്രൊഫ: എമിറേറ്റ്സ്, അനാട്ടമി, തോമസ് ജഫേഴ്സൺ യൂണിവേഴ്സിറ്റി, യു എസ് എ):** ബാഹ്യ രൂപത്തിന്റെ വികസനം മാത്രമല്ല ഖുർആൻ വിവരിക്കുന്നത്. ആന്തരിക രൂപാന്തരണങ്ങളിലും ഊന്നൽ നൽകുന്നു. ഭ്രൂണത്തിന്റെ സൃഷ്ടിപ്പിലും ആന്തരിക ഘട്ടങ്ങളിലെ പരിണാമത്തിനും വികസനത്തിലും ഊന്നൽ നൽകുന്നു. അതാകട്ടെ ആനുകാലിക ശാസ്ത്രം അംഗീകരിച്ചതുമാണ്. ഒരു ശാസ്ത്രജ്ഞൻ എന്ന നിലയിൽ വ്യക്തമായി ഞാൻ കാണുന്ന കാര്യങ്ങളിൽ മാത്രമേ ഞാൻ ഇടപഴകാറുള്ളൂ. ഭ്രൂണശാസ്ത്രവും വികസിത ജന്തുശാസ്ത്രവും എനിക്ക് മനസ്സിലാക്കാൻ സാധിക്കും. വിശുദ്ധഖുർആനിൽ നിന്ന് പരിഭാഷപ്പെടുത്തി എനിക്കറിയാൻ കഴിഞ്ഞ വാക്കുകൾ എനിക്ക് മനസിലാക്കാൻ കഴിയും. ഞാൻ മുമ്പൊരിക്കൽ ഉദാഹരണം പറഞ്ഞത് പോലെ ഇപ്പോൾ എനിക്കറിയാവുന്നതും ഞാൻ വിവരിക്കുന്നതുമായ കാര്യങ്ങളോടുകൂടി തന്നെ ആ കാലഘട്ടത്തിലേക്ക് എന്നെ മാറ്റിവെക്കുകയാണെങ്കിൽ ഇപ്പോൾ വിവരിക്കുന്നത് പോലെ എനിക്ക് വിവരിക്കാൻ സാദ്ധ്യമല്ല. ഈ വ്യക്തിയുടെ അതായത് മുഹമ്മദിന്റെ ധാരണയെ ഖണ്ഡിക്കാൻ തെളിവുകളൊന്നും ഞാൻ കാണുന്നില്ല. അദ്ദേഹം എഴുതിയതിൽ ദൈവികമായ കൈകടത്തലുകൾ ഉണ്ടായിരുന്നുവെന്നതിന് എതിരിൽ പറയാൻ എനിക്കൊന്നുമില്ല.

**ഡോ. യോഷിഹി കോസോയ് (പ്രൊഫ. എമിറേറ്റ്സ് ടോക്കിയോ യൂണിവേഴ്സിറ്റി):** വസ്തു നിഷ്ഠമായ ജ്യോതി ശാസ്ത്ര വസ്തുതകൾ ഖുർആനിൽ കണ്ടെത്തിയതിൽ ഞാൻ വളരെ പ്രഭാവിതനാണ്. ആധുനിക ജ്യോതി ശാസ്ത്രജ്ഞരായ ഞങ്ങൾ ടെലസ്കോപ്പിലൂടെ നിരീക്ഷണം നടത്തുന്നു. ഞങ്ങൾക്ക് പ്രപഞ്ചത്തിന്റെ വളരെ ചെറിയ ഭാഗത്തെക്കുറിച്ച് മാത്രമേ അറിയാൻ കഴിയൂ. ഖുർആൻ പാരായണം ചെയ്യുകയും ചോദ്യങ്ങൾക്ക് മറുപടി പറയുകയും ചെയ്താൽ മുഴു പ്രപഞ്ച ത്തെക്കുറിച്ചും ഗവേഷണം നടത്താൻ എനിക്ക് വഴി തുറക്കും. ഇതായിരിക്കും എന്റെ ഭാവിയിലെ വഴിയെന്ന് ഞാൻ കരുതുന്നു.

***വിവ: കെ.വി. ഹസ്സൻ കോയ***

# പരിണാമ പ്രയാണം

എസ്.വി. മുഹമ്മദ് ഫസൽ, പഴയങ്ങാടി

അറബി ക്കടലോരം ചേർന്നേഴുമല, യേലി
വംശ പ്രതാപത്തിൻ സ്മാരക സ്തൂപം, നേർക്കാഴ്ച
അധിനിവേശ പടയോട്ട വഴിത്താരമാ
മ്മാടായിക്കുന്നിൻ പാദഭൂവിലാണെ ന്നോർമകൾ.
പ്രതാപത്തിന്നുത്തുംഗ സ്ഥാനീയരും കേവല
മർത്ത്യ ലക്ഷങ്ങളുമീ വഴി കടന്നെത്ര പോയ്!
സ്വത്വസമീക്ഷ
ബോധാബോധ യുപബോധ മനത്രയങ്ങൾ തൻ
താത്ത്വികാകുലതയോ ജീവല്ലുപാസനയോ,
വിചാര പഥങ്ങൾ തെളിഞ്ഞു മ്മങ്ങിയും പ്രാജ്ഞ
പ്രലാഭിത പഥികാർഥന തൻ ഉത്ഭ്രമമോ

എങ്ങുനി ന്നെന്നുദയം കൊണ്ടാത്മ തേജസ്സെന്നു
മെങ്ങുപോയ് ചേക്കേറുമെന്ന പരമജ്ഞാനമോ
ഇന്ദ്രിയാശ്വ ബന്ധിത രഥത്തിൻ നിയന്ത്രണ
ക്കടിഞ്ഞാൺ കയ്യാളും സാരഥ്യ മുഗ്ദചിന്തയോ
ഏതോ അഗോചര പ്രചോദനത്താലോ, സദാ
സ്വത്വവ്യഥ ബോധത്രയങ്ങളേ സ്പർശിപ്പതു.

ഹൃദയ തന്ത്രികളിൽ ലയമായ് ഗർഭ കാലം
സിരകളിലമൃതാ യുൺമയായ് മാതൃസ്വത്വം
തെളിഞ്ഞുമ്മങ്ങിയും സാന്നിദ്ധ്യമുണർത്തും മൃദു
വിഹ്വലത തൻ ചിറകടി സ്വനമോ സ്വത്വം
ഏറിയിറങ്ങിയും പലയുഗ പ്രവഹിത
സ്വത്വസാഗര സംഗമ, മനന്ത മജ്ഞാതം!
സ്വത്വ പരിണാമം
ഋതുക്കളറിഞ്ഞും ഹൃദയത്തുടിപ്പറിഞ്ഞും
സ്വപ്നലോകങ്ങളുടെ ഉള്ളറകൾ തേടിയും
ഗിരിശിഖരങ്ങളിലും താഴ്വരകളിലും
തപിക്കുമ്മരു ഭുവിലു മതിവൃഷ്ടിയിലും
പ്രകൃതി പ്രഹരമേറ്റ ദുരന്ത ദേശത്തു
മതിജീവനത്തിന്നായടരാടി വന്നവർ
ഒരു യുഗപ്രഭാതത്തിൽ പരിണമിച്ചെന്നോ!
ശിരസ്സുകളുയർന്നു കാലുകൾ നിവർന്നെന്നോ! *
ദശലക്ഷാബ്ദ പ്രയാണേ വാനര പാദങ്ങൾ
വളർന്നും തളർന്നും നരരൂപപ്രാപ്യമെന്നോ!
അലക്ഷ്യ മലയുമൊരു മിഥ്യാ സൃഷ്ടി, ദുര
ന്താതിജിവനയാത്രേ പരിണമിച്ചോ വൃഥാ!

'ലൂസി' നരശാസ്ത്ര സങ്കല്പത്തി 'ന്നാദി മാതൃ'
മനുഷ്യനായ് പിറന്നു മനുഷ്യരെപ്പെറ്റില്ലേ
'ഹോമോസോപ്പിയൻ' കല്പിത പൂർവപിതൃക്കളും

ധർമാധർമ വിവേചക വിചാര കർമങ്ങ
ളതിഗഹന മതി കഠിന സമീക്ഷകൾ
ധ്യാന, കർമ, തപസ്സുകളാ ലാത്മചരണം
വേദാന്തദർശനമുപനിഷത്ചൈതന്യവും
അപൂർണ മസ്തിഷ്ക പരിണാമ പ്രഭാവിത,
ബോധ പ്രചോദിതമെന്നോ നരവംശ ശാസ്ത്രം!

വിവിധ വിജ്ഞാന വിഹായസ്സി ലലഞ്ഞവർ
പ്രപഞ്ച ജ്ഞാനത്തിന്നുറവതേടി നടന്നോർ
പ്രപഞ്ചം കരങ്ങളിലാക്കി, ഇന്നീ പ്രകാശ
വർഷങ്ങളി ലൂടനന്തമുയർന്നു നില്ക്കുവോർ
പടുത്തുയർത്തിയ സുസംസ്കൃത ചിന്താശതം
കാലത്തിൻ താളുകളിലെ ചരിത്രോല്ലേഖനം
നരവംശ പ്രഭൃതിതൻ സംഗമം അപൂർണ
വാനര സ്വത്വത്തിലോ, നരശാസ്ത്രമപൂർണം!

കണമായാത്മാവ് തുടിക്കുമ്മാംസ പിണ്ഡമായ്
മനത്രയല്ലീനമായ്, സർവാംഗ പൂർണനായും
അനേക ലക്ഷ നിമിഷങ്ങൾ, നിശ്ശബ്ദായുസ്സിൻ
പരിണാമ ഗമനാന്ത്യേ യൊരു ജനനവും

ജനന മരണ മുക്തങ്ങളാത്മ പ്രയാണ
പരിണാമശ്രേണീ തുടർ പ്രതിഭാസം മാത്രം.
അപൂർണ-പൂർണ സഞ്ചരണമല്ല; സൃഷ്ടി,
പൂർണത, സമുദ്ഗമം, പിന്നെ പരിപക്വത.**
കർമധർമങ്ങൾ പരിണമിപ്പതിന്നു മെന്നും
ദേഹമല്ല, ദേഹീപരിണാമ മിന്നവശ്യം

പണിതു മുടച്ചും സ്വയമേവ സ്വ തത്ത്വഭേദ്യ
വ്യർഥ വ്യവസ്ഥിതിയോ പ്രപഞ്ചപ്രതിഭാസം!
പ്രപഞ്ചസർവസ്വ പ്രഭവ, കാല, കാരണം
സൃഷ്ടിപരിപാല കാസ്തിത്വ സ്വത്വ നിബന്ധം.
അതിധീഷണ, മതിസൂക്ഷ്മ ഗുപ്ത വിജ്ഞാന
സല്ലിനമാം ജീവാ ജൈവ സൃഷ്ടിസർവസ്വവും
ആദിതൊട്ടനന്തമാം പ്രപഞ്ച സഞ്ചാരവു
മൊരദൃശ്യ പരിണാമ ശൃംഖലാ ബന്ധിതം.***

* ആൾക്കുരങ്ങ് പരിണമിച്ചാണ് ആധുനിക മനുഷ്യൻ ഉദയം കൊണ്ടതെന്നാണ് ഡാർവീനിയൻ സിദ്ധാന്തം. ഏകദേശം 60,000 വർഷങ്ങൾക്ക് മുമ്പാണ് കിഴക്കൻ ആഫ്രിക്കയിൽ ആധുനിക മനുഷ്യന്റെ ഉദയമെന്നാണ് സങ്കല്പം. അൻപത് ലക്ഷം വർഷങ്ങൾക്ക് മുമ്പ് ഉദയം കൊണ്ട അർധ മനുഷ്യ ജാതിയായ ആർഡി പിത്തിക്കസ്സിന്റെ (ആ്യറശ ജശവേലരൗ) സങ്കീർണവും ക്ലേശകരവുമായ യാത്ര, ഹോമോ സോപ്പിയൻസ് എന്ന ആധുനിക മനുഷ്യ ജാതിയിലെത്തിച്ചുവെന്നാണ് നരവംശ ശാസ്ത്ര നിഗമനം. ഡാർവീനിയൻ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള ഈ പരിണാമ നിഗമനങ്ങളെ യുക്തിക്ക് നിരാക്കാത്തതാണെന്ന് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്) സ്ഥാപിച്ചിട്ടുണ്ട്. നില നില്പിന് വേണ്ടിയുള്ള പോരാട്ടം, അതിജീവനം, പ്രകൃതി നിർധാരണം എന്നീ മൂന്ന് അടിസ്ഥാന ഡാർവീനിയൻ പരിണാമ തത്ത്വങ്ങളെ നിർജീവ തത്ത്വങ്ങൾ എന്നാണ് ഹുസൂർ വിശേഷിപ്പിച്ചത്. ( വെളിപാട്, യുക്തി, ജ്ഞാനം, സത്യം )

** സൃഷ്ടിപ്പും അനുയോജ്യവും അനുഗുണവുമായ വ്യവസ്ഥാപരിണാമങ്ങളും രൂപ സമ്പൂർണതയുമാണ് യഥാർഥമായ് സംഭവിച്ച പരിണാമം. സൃഷ്ടി കർത്താവിന്റെ ക്രമാനുഗതവും ധൈഷണികവുമായ ആസൂത്രിത പദ്ധതിയായിരുന്നു ഇത്.

*** ആകസ്മികമെന്നും പ്രകൃതി പ്രേരിതമെന്നും പ്രത്യേകിച്ചൊരു ലക്ഷ്യമൊന്നുമില്ലാത്തതെന്നും വിശേഷിപ്പിച്ച്, ദൈവത്തിന്റെ സൃഷ്ടി പരിപാലന പ്രക്രിയയെ നിസ്സാര വല്കരിക്കുവാനും ആസൂത്രകനെ അവഗണിക്കുവാനുമാണ് ഡാർവീനിയൻ സിദ്ധാന്ത വക്താക്കൾ ശ്രമിക്കുന്നത്.

1. സ്വത്വം– സ്വന്തം സത്ത, 2. ലൂസി– ആഫ്രിക്കയിൽ നിന്ന് കണ്ടെടുത്ത, ദശലക്ഷം വർഷങ്ങൾ പഴക്കമുള്ള ഒരു ഫോസിൽ സ്ത്രീയുടേതാണെന്ന് നിഗമിച്ച ശാസ്ത്രം, ലൂസി എന്ന് നാമകരണം ചെയ്തു. ആർഡി , ലൂസി എന്നീ രണ്ട് ജാതികൾ പരിണാമ ശൃംഖലയിലെ നാഴികക്കല്ലെന്നാണ് നരവംശശാസ്ത്ര സങ്കല്പം.

# ഒരു വൈമാനികന്റെ വിഭജനകാല സ്മരണകൾ

കൂട്ടക്കൊലകളും കലാപങ്ങളും കൊണ്ട് സംഘർഷ ഭരിതമായ ഇന്ത്യാ വിഭജനത്തിന്റെ നാളുകളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ക്രാന്തദർശിയായ ഖലീഫ ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) ഒരു വിമാനം വിലയ്ക്ക് വാങ്ങി ഭയാനകവും അപകടം നിറഞ്ഞതുമായ ആ നാളുകളിൽ ജമാഅത്തിന്റെ അമൂല്യ രേഖകളും മറ്റും സുരക്ഷിതമായ ആസ്ഥാനത്തേക്ക് മാറ്റിയ ഉദ്വേഗജനകമായ കഥ ആ വൈമാനികൻ തന്നെ വിവരിക്കുന്നു. ഹദ്റത്ത് വാഗ്ദത്ത മസീഹി(അ) ന്റെ ഭാര്യാ സഹോദരൻ ഡോ. മീർ മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെ മകനാണ് ലേഖകൻ. 1943 ൽ 18 –ാം വയസ്സിൽ അവിഭക്ത ഇന്ത്യയിൽ ഫ്ളൈറ്റ് കാഡറ്റായി റോയൽ ഇന്ത്യൻ എയർ ഫോഴ്സിൽ ചേർന്ന ലേഖകൻ ഇപ്പോൾ ലാഹോറിൽ വിശ്രമ ജീവിതം നയിക്കുന്നു.

സ്ക്വാഡ്രൻ ലീഡർ മീർ മുഹമ്മദ് അഹ്മദ് സാഹിബ്

**അ**ഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ മുസ്ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ് മൂദ് അഹ്മദ്(റ) വളരെ ബുദ്ധിശാലി യും അതീവ ജാഗ്രതയോടെ കാര്യ ങ്ങൾ നിരീക്ഷിക്കുന്നയാളും ധീരനും പരിശ്രമശാലിയും നിശ്ചയ ദാർഢ്യ മുള്ള ഒരാളുമായിരുന്നു എന്ന കാര്യം സുവിദമാണല്ലോ. എന്നു മാത്രമല്ല അദ്ഭുതകരമാംവിധം ദീർഘദൃഷ്ടിയുള്ള ഒരു നേതാവ് കൂടിയായിരുന്നു അദ്ദേഹം. ഇന്ത്യാ പാക് വിഭജന കാലത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ ആസ്ഥാനമായിരുന്ന പഞ്ചാബിലെ ഖാദിയാന്റെ സുരക്ഷ ഉദ്വേഗജനകമാം വിധം ആശങ്കാ കുലമായ കാലഘട്ടമായിരുന്നു. അരക്ഷിതാവസ്ഥയുണ്ടാവുകയാ ണെങ്കിൽ പുറം ലോകവുമായുള്ള ഖാദിയാനിന്റെ ബന്ധം വിച്ഛേദിക്ക പ്പെടാനും റോഡ്, റെയിൽ, തപാൽ, കമ്പി, ടെലഫോൺ മുതലായ വിനിമ യ ബന്ധങ്ങൾ ദീർഘനാളത്തേക്ക് തടസ്സപ്പെടാനും സാദ്ധ്യതയുള്ളതാ യി ഖലീഫത്തുൽ മസീഹ് സാനി മനസ്സിലാക്കിയിരുന്നു. എങ്ങനെ യെങ്കിലും ആ പ്രതിസന്ധി തരണം ചെയ്യുന്നതിനായി ജമാഅത്തിന് സ്വന്തമായി ചെറിയ ഇനം ഒന്നരണ്ട് വിമാനങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ ഈ ദുരവസ്ഥ ഒരു പുതിയ മാർഗ ത്തിലൂടെ നേരിടുവാൻ തന്റെ ക്രാന്ത ദൃഷ്ടി കൊണ്ട് അദ്ദേഹം വിഭജന ത്തിന് വളരെ മുമ്പേ കണ്ടിരുന്നു.

ഒരു പക്ഷേ ഖലീഫത്തുൽ മസീ ഹിന്റെ സ്മൃതി പഥത്തിൽ തന്റെ പൂർവ ഗാമികൾക്ക് നേരിട്ടനഷ്ട ങ്ങൾ മിന്നി മറഞ്ഞിരിക്കാം. തന്റെ പ്രപിതാമഹനായ (ഉപ്പാപ്പയുടെ ഉപ്പ) മിർസാ അത്താ മുഹമ്മദ് സാഹി ബിന്റെ കാലത്ത് അദ്ദേഹത്തിന്റെ അധീനതയിലുണ്ടായിരുന്ന 85 ഗ്രാമ ങ്ങളിൽ ഖാദിയാൻ ഒഴികെ ചുറ്റു പാടുമുണ്ടായിരുന്ന ഗ്രാമങ്ങളെല്ലാം അക്രമികൾ ആക്രമിച്ച് കീഴ്പ്പെടു ത്തുകയും അന്യാധീനപ്പെട്ടുപോകു കയും ചെയ്തിരുന്നു. അതിന് ശേ ഷം 'റാംഗസ്യാ ' എന്ന സിക്കുകാ രുടെ ഒരു സംഘം കുത്സിത മാർഗ ത്തിലൂടെ ഖാദിയാനിൽ പ്രവേശി ക്കുകയും ഖാദിയാൻ അധീനപ്പെടു ത്തുകയും വമ്പിച്ച നാശനഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തു. പള്ളിക ളും മനോഹരമായ കെട്ടിടങ്ങളും നിലംപരിശാക്കിയതിന് പുറമേ ഖലീഫത്തുൽ മസീഹിന്റെ പൂർവ പിതാക്കളെ ഖാദിയാനിൽ നിന്ന് പുറത്താക്കുകയും ചെയ്തു. അവർ പഞ്ചാബിന്റെ ഏതോ ഒരു ഭാഗത്ത് ദീർഘനാൾ അഭയാർഥികളായി കഴിഞ്ഞു. പിന്നീട് രഞ്ജിത് സിംഗി ന്റെ ഭരണത്തിന്റെ അവസാനകാല ഘട്ടത്തിൽ 85 ഗ്രാമങ്ങൾക്ക് പകര മായി 5 ഗ്രാമങ്ങൾ പൂർവികർക്ക് തിരിച്ചു നൽകുകയുണ്ടായി. സിക്കു

കാരുടെ അധിനിവേശ ഫലമായി ഇപ്പോൾ ദാറുൽ മസീഹ് എന്ന് വിളിക്കുന്ന വാഗ്ദത്ത മസീഹിന്റെ കുടുംബവീടിന് ഗുരുതരമായ നാശനഷ്ടങ്ങൾ പറ്റിയിരുന്നു. ഈ കുടുംബമാളികയുടെ ചുമരുകളും നിലവും മച്ചും ഭാഗികമായി രക്ഷപ്പെട്ടു വെങ്കിലും ബാക്കി വസ്തുക്കളെല്ലാം നശിപ്പിക്കപ്പെടുകയോ കൊള്ളയടിക്കപ്പെടുകയോ ചെയ്തിട്ടുണ്ടായിരുന്നു. ഇതായിരുന്നു ഖാദിയാന്റെ അപ്പോഴത്തെ അവസ്ഥ.

1947 ൽ ഞാൻ ഡൽഹിയിൽ ഇന്ത്യൻ നാഷണൽ എയർ ഫോഴ്സിൽ വൈമാനികനായി ജോലി നോക്കുകയായിരുന്നു. ആ വർഷം ജൂലായിയിൽ എന്റെ വന്ദ്യപിതാവ് ഡോ. പീർ മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെ വിയോഗം കാരണം ഞാൻ ഖാദിയാനിലേക്ക് പുറപ്പെട്ടു. ഖാദിയാനിൽ എത്തിയപ്പോഴാണ് ഖലീഫത്തുൽ മസീഹിന്റെ നിർദേശ പ്രകാരം L5 ഇനത്തിൽപെട്ട രണ്ട് സീറ്റുകളുള്ള വിമാനം ജമാഅത്ത് വിലയ്ക്ക് വാങ്ങിയതായി അറിഞ്ഞത്. ഡപ്യൂട്ടി മുഹമ്മദ് ലത്തീഫ് സാഹി ബാണ് വിമാനംവാങ്ങിക്കൊണ്ട് വന്നത്. കോട്ടി നുസ്റത്തിന്റെ (നുസ്രത്ത് മാളിക) കിഴക്ക് ഭാഗത്തുള്ള ദാറുൽ അൻവാർ മുഹല്ലയുടെ പ്രധാന നിരത്തിലായിരുന്നു വിമാനം ലാന്റ് ചെയ്തത്. ദാറുൽ അൻവാർ മുഹല്ല മുതൽ നുസ്രത്ത് കോട്ടി വരെയുള്ള നിരത്തിൽ വൈദ്യുത പോസ്റ്റുകളും അതിന്റെ മുകളിൽ കമ്പികളുമുണ്ട്. ചെറുതും ഭാരം കുറഞ്ഞതുമായ ഇത്തരം വിമാനമിറക്കാൻ ഇവിടെ നുസ്രത്ത് കോട്ടിയുടെ കിഴക്ക് നിരത്തിൽ എക്സ്റ്റൻഷൻ 250 വാര നീളമുള്ള ടാറിടാത്ത ഭാഗമല്ലാതെ യോജിച്ച മറ്റൊരു സ്ഥലവും ഇല്ല തന്നെ. ചെറിയ ഒരു ഇടവേളക്ക് ശേഷം ഡപ്യൂട്ടി മുഹമ്മദ് ലത്തീഫ് സാഹിബ് ഈ വിമാനം ലാഹോറിലെ വാൾട്ടൻ വിമാനത്താവളത്തിൽ സിവിൽ ഏവിയേഷൻ അതോറിറ്റിയുടെ നിരീക്ഷണത്തിലും ഉത്തര വാദിത്വത്തിലും വിട്ടുകൊണ്ട് ബോംബെയിൽ സ്വന്തം ജോലിയിൽ തിരികെ പ്രവേശിച്ചു

L5 ഇനത്തിൽ പെട്ട ഇത്തരം ചെറിയ വിമാനങ്ങൾ രണ്ടാം ലോക മഹായുദ്ധത്തിന്റെ അവസാന നാളുകളിൽ അമേരിക്കൻ സൈന്യം യുദ്ധമുന്നണിയിൽ പരിക്കേറ്റ ഭടന്മാരെ ഫീൽഡ് മെഡിക്കൽ കേന്ദ്രങ്ങളിൽ പെട്ടെന്ന് എത്തിക്കാനും ആകാശ നിരീക്ഷണം നടത്തുവാനും ഉപയോഗിച്ചിരുന്നു. ഈ കാരണങ്ങളാൽ ഇതിനെ AIR JEEP എന്നും വിളിച്ചിരുന്നു. ഈ വിമാനത്തിന്റെ മുന്നിലുള്ള സീറ്റ് വൈമാനികന് വേണ്ടിയുള്ളതാണെങ്കിലും പുറകിലത്തെ സീറ്റിൽ ഇരുന്നുകൊണ്ടും വിമാനം പറത്താനും നിയന്ത്രിക്കാനും സാധിക്കും മാത്രവുമല്ല പുറകിലത്തെ സീറ്റിലുള്ള ഒരു ലിവർ വലിച്ചുകൊണ്ട് ചാരി ഇരിക്കാനുള്ള ഭാഗം പിറകിലേക്ക് തള്ളിയാൽ അതൊരു സ്ട്രെക്ച്ചർ രൂപത്തിലാവുകയും ചെയ്യും. മുറിവേറ്റ ഭടനെ ഇതിൽ കയറ്റാനും സാധിക്കും.

രണ്ടാം ലോക മഹായുദ്ധകാലത്ത് ഈ വിമാനം വലിയൊരു വിജയമായിരുന്നു. അതു കാരണം ഇതിന്റെ പരിഷ്ക്കരിച്ച പതിപ്പായ L19 ന്റെ മോഡൽ സൈന്യം ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്. ആ കാലത്തെ L5 ഇനത്തിൽപ്പെട്ട വിമാനങ്ങളിൽ രാത്രികാലങ്ങളിൽ ദിക്ക് മനസ്സിലാക്കാനുള്ള യാതൊരു വിധത്തിലുള്ള ഇലക്ട്രോണിക്ക് സംവിധാനങ്ങളും ലഭ്യമായിരുന്നില്ല. സ്വാഭാവികമായും ജമാഅത്ത് വാങ്ങിച്ച വിമാനത്തിലും ആ സംവിധാനങ്ങൾ ഒന്നും തന്നെയില്ല. അത് കാരണം രാത്രികാലങ്ങളിൽ ടേക്ക് ഓഫ് ലാന്റിങ്ങും സാദ്ധ്യമാണെങ്കിലും ഗ്രൗണ്ട് റഡാർ സ്റ്റേഷനുകളുടെ സഹായമില്ലാതെ ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് ഇത്തരം വിമാനം പറത്തുക എന്നത് അസാധ്യമായ കാര്യമാണ്. ആ കാലത്ത് അത്തരം റഡാർ സ്റ്റേഷനുകൾ നമ്മുടെ രാജ്യത്ത് ഉണ്ടായിരുന്നില്ല.

അതിനാൽ ഡപ്യൂട്ടി മുഹമ്മദ് ലത്തീഫ് സാഹിബ് മർഹൂമിനെ കുറിച്ച് ചില കാര്യങ്ങൾ വിവരിക്കാം. അദ്ദേഹം ലാഹോർ അഹ്മദിയ്യാ ജമാഅത്തിലെ ഒരു മഹനീയകുടുംബാംഗമായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഡപ്യൂട്ടി മുഹമ്മദ് ശരീഫ് സാഹിബ് സിവിൽ സർവീസിലായത് കാരണം ഡപ്യൂട്ടി എന്ന സ്ഥാന പേരിൽ അറിയപ്പെട്ടിരുന്നു. അത് കാരണം അദ്ദേഹത്തിന്റെ മൂന്ന് മക്കളുടെയും പേരിന് മുന്നിൽ ഡപ്യൂട്ടി എന്ന വിശേഷണ നാമം പൊതുവിൽ ചേർക്കപ്പെടാൻ തുടങ്ങി. മർഹൂം മുഹമ്മദ് ലത്തീഫ് സാഹിബ് മക്കളിൽ രണ്ടാമനായിരുന്നു. ഇദ്ദേഹം രണ്ടാം ലോകമഹായുദ്ധത്തിന്റെ ആരംഭത്തിൽ എയർ ഫോഴ്സിൽ ചേർന്നു. 1943ൽ റോയൽ ഇന്ത്യൻ എയർ ഫോഴ്സിന്റെ ഒരു ഫൈറ്റർ സ്ക്വാഡ്രനിൽ വിമാനം പറത്തിക്കൊണ്ടിരിക്കവേ ബർമയുടെ യുദ്ധമുന്നണിയിൽ വെച്ച് ജപ്പാൻ സൈന്യം അദ്ദേഹത്തി ന്റെ വിമാനം വെടിവെച്ച് വീഴ്ത്തി. മുഹമ്മദ് ലത്തീഫ് സാഹിബ് ക്രാഷ് ലാന്റ് ചെയ്ത് കൊണ്ട് ജീവൻ രക്ഷപ്പെടുത്തിയെങ്കിലും അദ്ദേഹത്തെ യുദ്ധ തടവുകാരനായി ജയിലിലടച്ചു. കുറേ കാലത്തെ കാരാഗൃഹ വാസത്തിനും പീഡനങ്ങൾക്കും കഷ്ടപ്പാടുകൾക്കും ശേഷം യുദ്ധത്തിന്റെ അവസാന കാലത്ത് അദ്ദേഹം തിരിച്ചു വന്നെങ്കിലും മറ്റൊരു പീഡനത്തിനും യുദ്ധ പരീക്ഷണത്തിനും ഇരയാകേണ്ടി വന്നു.

ബർമയുടേയും സിങ്കപൂരിന്റെയും യുദ്ധമുന്നണിൽ വെച്ച് ജപ്പാൻ പിടിച്ചു തടവിലാക്കിയ ഇന്ത്യൻ സൈനികരിൽ അധികം പേരും ഇന്ത്യൻ നാഷണൽ ആർമിയിൽ ചേർന്നിരുന്നു. മുൻ കോൺഗ്രസ്സ് നേതാവായിരുന്ന നേതാജി സുഭാഷ് ചന്ദ്ര ബോസ് സ്ഥാപിച്ചതാണ് ഇന്ത്യൻ നാഷണൽ ആർമി. ജപ്പാൻ യുദ്ധം ജയിക്കുമെന്നും സഖ്യ കക്ഷികൾ പരാജയപ്പെടുമെന്നും അത്കൊണ്ട് നിങ്ങൾ ജപ്പാന്റെ ഭാഗത്ത് നിന്ന് സഖ്യകക്ഷികളോട് യുദ്ധം ചെയ്യുകയാണെങ്കിൽ ഭാരതം താമസിയാതെബ്രിട്ടീഷുകാരിൽ നിന്ന് സ്വതന്ത്രമാകുമെന്നും യുദ്ധ പരിസമാപ്തിക്ക് ശേഷം നിങ്ങൾ

എല്ലാ വരും തന്നെ ഭാരതത്തിന്റെ വീരപുരുഷന്മാരും ധീര യോദ്ധാക്കളുമാകുമെന്നും നേതാജി ഈ സൈനികരോട് പറയുകയും അവരെ പ്രലോഭിപ്പിക്കുകയും ചെയ്തിരുന്നു. നേതാജിയുടെ ഈ പ്രലോഭനങ്ങളിൽ പെട്ടാണ് ഈ സൈനികർ ഇന്ത്യൻ നാഷണൽ ആർമിയിൽ ചേർന്നത്.

പക്ഷേ ജപ്പാൻ യുദ്ധം തോൽക്കുകയും ഇന്ത്യൻ നാഷണൽ ആർമിയിൽ ചേർന്നവരെ സഖ്യകക്ഷികൾ തടവിലാക്കുകയും ചെയ്തു. യുദ്ധം അവസാനിച്ച ശേഷം ഇന്ത്യാ ഗവൺമെന്റ് ഒരു സൈനിക കമ്മീഷനെ നിയമിക്കുകയും ഐ എൻ ഐ യുടെ സൈനികരെ മുഴുവൻ രാജ്യദ്രോഹ കുറ്റത്തിന് വിചാരണ ചെയ്യുകയും ചെയ്തു. ഏറ്റവും ഉയർന്ന സൈനിക ഓഫീസർമാർക്ക് കഠിന തടവും രണ്ടാമത്തെ വിഭാഗത്തിന് താരതമ്യേന ചെറിയ ശിക്ഷകളും നൽകി. മൂന്നാമത്തെ ഗ്രൂപ്പിൽപ്പെട്ട സംശയത്തിന്റെ നിഴലിൽ പ്പെട്ടവർ എണ്ണത്തിൽ വളരെ കൂടുതലായിരുന്നു. അവരെയെല്ലാം ജോലിയിൽ നിന്നു പിരിച്ചു വിട്ടു.

ഡപ്യൂട്ടി മുഹമ്മദ് ലത്തീഫ് സാഹിബ് ഇന്ത്യൻ നാഷണൽ ആർമിയിൽ ചേർന്നിട്ടുണ്ടായിരുന്നില്ല. യുദ്ധാവസാനം അദ്ദേഹത്തെ ജപ്പാൻ സൈനിക തടവറയിൽ നിന്നാണ് കണ്ടെത്തിയത്. ആ നിലക്ക് അദ്ദേഹത്തിൽ യാതൊരു ആരോപണവും ഉണ്ടാവാൻ പാടില്ലാത്തതായിരുന്നു. പക്ഷേ മറ്റൊരു തടവുകാരന്റെ കുതന്ത്രവും വ്യാജമൊഴിയും കൗശലവും കാരണം അദ്ദേഹത്തെയും ജോലിയിൽ നിന്ന് പിരിച്ചുവിട്ടു.

വിഭജനത്തിന് മുമ്പ് മർഹൂം ലത്തീഫ് സാഹിബ് ബോംബെയിൽ ഒരു കമ്പനിയിൽ വൈമാനികനായി ജോലി നോക്കുകയായിരുന്നു. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ആവശ്യമില്ലാതെ കിടന്ന അമേരിക്കൻ യുദ്ധോപകരണ ഡിപ്പോയിൽ നിന്നും L5 ഇനത്തിൽപ്പെട്ട വിമാനങ്ങൾ വാങ്ങി ആവശ്യക്കാരെ കണ്ടെത്തി വിൽപ്പന നടത്തുകയായിരുന്നു ഈ കമ്പനി. വിമാനത്തിന്റെ വില 5,000 രൂപയായിരുന്നു. ആ കമ്പനിയിൽ നിന്നാണ് മർഹൂം ലത്തീഫ് സാഹിബിന്റെ സഹായത്തോടെ 5000 രൂപക്ക് ഒരു L5 വിമാനം നമ്മുടെ ജമാഅത്തും സ്വന്തമാക്കിയത്.

1947 ജൂലായ് മാസത്തിന്റെ അവസാനത്തിലോ ആഗസ്റ്റ് മാസത്തിന്റെ തുടക്കത്തിലോ എനിക്ക് നല്ല ഓർമയില്ല, പക്ഷേ നോമ്പ് കാലമായിരുന്നു. ഞാൻ ഖാദിയാനിൽ നിന്ന് ഡൽഹിയിൽ തിരിച്ചെത്തിയിട്ട് ഏതാനും ദിവസങ്ങളേ ആയിട്ടുണ്ടായിരുന്നുള്ളു. ഒരു ദിവസം ഞാൻ ഉറങ്ങുമ്പോൾ ഒരാൾ വന്ന് എന്നെ ഉണർത്തി. അദ്ദേഹം ഖാദിയാനിൽ നിന്നും വന്നതായിരുന്നു. ഹദ്റത്ത് സാഹിബ് സാദാ മിർസാ മുനീർ അഹ്മദ് സാഹിബിന്റെ ഡൽഹിയിലെ ബാലിഗഞ്ചിലെ വീട്ടിലായിരുന്നു താമസം. കത്ത് കിട്ടിയാൽ ഉടൻ തന്നെ ലാ ഹോറിലെ വാൾട്ടൻ വിമാനത്താവള ത്തിലെത്തി ചേർന്ന് സിവിൽ ഏവി യേഷൻ അതോറിറ്റിയുടെ അധീന തയിൽ സൂക്ഷിച്ചിട്ടുള്ള ജമാഅ ത്തിന്റെ L5 വിമാനവുമായി ഖാദി യാനിൽ എത്തണമെന്നായിരുന്നു കത്തിൽ ആവശ്യപ്പെട്ടിരുന്നത്. ആ കത്തിനോടൊപ്പം വാൾട്ടൻ വിമാനത്താവള മാനേജരുടെ കയ്യിൽ നിന്നും വിമാനം കൈ പറ്റാൻ എന്നെ അധികാരപ്പെടുത്തിക്കൊണ്ടുള്ള കത്തും ഉണ്ടായിരുന്നു.

രാവിലെ എഴുന്നേറ്റ ഉടനെ തന്നെ ലാഹോറിലേക്ക് പുറപ്പെടാൻ തീരുമാനിച്ചു. ഞാൻ ജോലിചെയ്യുന്ന എയർ ലെയിൻ കമ്പനിയോട് പോലും വിവരം പറഞ്ഞിട്ടില്ല. ഉച്ചക്ക് ഇന്ത്യൻ നാഷണൽ എയർലെയ്ൻ വിമാനത്തിൽ ലാഹോറിലെത്തി. എയർലെയ്ൻ കോച്ചിൽ തന്നെ വിമാനത്താവളത്തിൽ നിന്ന് ഫാലറ്റിസ് ഹോട്ടലിലേക്ക് പുറപ്പെട്ടു. കർഫ്യൂ സമയത്ത് വാഹനമോടിക്കാൻ എയർ ലെയ്ൻ കോച്ചിന് അനുവാദമുണ്ടായിരുന്നു. രാത്രി ഹോട്ടലിൽ തങ്ങി. പിറ്റേന്ന് രാവിലെ തന്നെ എയർ ലെയ്ൻ കോച്ചിൽ വാൾട്ടൻ വിമാനത്താവളത്തിലെത്തി. മാനേജരെ കണ്ട് കത്ത് കൊടുത്ത് വിമാനം കൈപറ്റി. അപ്പോഴാണ് വിമാനം പറക്കാനുള്ള അവസ്ഥയിലല്ല എന്ന് മനസ്സിലായത്. വിമാനം മണ്ണും പൊടിയും കൊണ്ട് ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. മൂന്ന് ടയറും പഞ്ചറായി കിടക്കുന്നു. ലവലേശം കാറ്റില്ല. ബാറ്ററി ചാർജ് ആണെങ്കിൽ മുഴുവനുമായി ഡിസ്ചാർജ് ചെയ്യപ്പെട്ടിരിക്കുന്നു. ആ സമയം രാജ്യത്തിന്റെ പൊതു സുരക്ഷാ സംവിധാനം താറുമാറായത് കാരണം സഹായത്തിനായി വല്ലവരേയും ലഭിക്കുക എന്നതും ദുഷ്ക്കരമായിരുന്നു. എന്നാലും പകുതി ദിവസത്തെ എന്റെ പരിശ്രമ ഫലമായി വിമാനം പറക്കാമെന്ന നിലയിലായി. വിമാനം തുടച്ച് വൃത്തിയാക്കി. വിമാനത്തിന് തിളക്കവും കൂടി. വൈകുന്നേരമാകുമ്പോഴേക്കും പറക്കാനായി എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. എയർ ട്രാഫിക്ക് മാപ്പ് സംഘടിപ്പിച്ചു. ഞാൻ ഇത്തരത്തിലുള്ള വിമാനം ഇതിന് മുമ്പ് പറത്തിയിരുന്നില്ല. എന്നിരുന്നാലും സ്വന്തമായി ഒരോന്ന് മനസിലാക്കി. ആദ്യം വിമാനം സ്റ്റാർട്ട് ചെയ്തു. എന്നിട്ട് ഒരു പരീക്ഷണ പറക്കൽ നടത്തി. അതിന് ശേഷം അല്ലാഹുവിന്റെ നാമത്തിൽ വിമാനവുമായി ലാഹോർ വാൾട്ടർ വിമാനത്താവളത്തിൽ നിന്നും ഖാദിയാനിലേക്ക് പുറപ്പെട്ടു. 45 മിനുട്ട് കൊണ്ട് ഖാദിയാനിലെത്തി.

ഖാദിയാനിൽ എവിടെ ലാന്റ് ചെയ്യണമെന്ന് എനിക്ക് നേരത്തെ തന്നെ നല്ല ധാരണയുണ്ടായിരുന്നു. ലാന്റ് ചെയ്ത് നോക്കിയപ്പോഴാണ് കഴിഞ്ഞ ദിവസം പെയ്ത മഴ കാരണം അവിടെ മുക്കാൽ അടിയോളം ചളി നിറഞ്ഞതായി മനസ്സിലായത്. വിമാനം ലാന്റ് ചെയ്തതോടെ അവിടെ ഒമ്പത് ഇഞ്ച് ആഴത്തിൽ ചാലുകൾ സൃഷ്ടിക്കപ്പെട്ടു. ചളി കാരണം ബ്രേക്ക് ചെയ്യുമ്പോൾ വിമാനം ഒരു വശത്തേക്ക് വഴുതി പ്പോവുന്നുണ്ടായിരുന്നു. എങ്കിലും വളരെ സൂക്ഷിച്ച് വിമാനം നിലത്തുടെ ഓടിച്ച് (Taxi) ദാറുൽ അൻസാർ പള്ളിയുടെ കിഴക്ക് ഭാഗത്തുള്ള വിശാലമായ മൈതാനത്ത് പാർക്ക് ചെയ്തു. അതിന് ശേഷം വിമാനം കാറ്റത്ത് ഇളകാ

തിരിക്കാൻ അതിന്റെ ചിറക് കൊണ്ടുള്ള അറ്റം കയർ കൊണ്ട് കെട്ടി ബന്ധിച്ച് അത് നിലത്ത് ഉറപ്പിച്ച് കൊളുത്തുമായി കൂട്ടികെട്ടി ഭദ്രമാക്കി. പിന്നീട് ഞാൻ ജോലിയിൽ പ്രവേശിച്ചു.

ആ സമയത്ത് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രസിഡന്റ് (സദർ) സാഹിബ് സാദാ മിർസാ നാസിർ അഹ്മദ് സാഹിബായിരുന്നു. ക്രേന്ദ്രസുരക്ഷയുടെ മേലധികാരിയും അദ്ദേഹം തന്നെയായിരുന്നു. വിമാനം ഖാദിയാനിൽ എത്തിയതോടെ അതിന്റെ ചുമതലയും അദ്ദേഹത്തിന് തന്നെ എന്ന് തീരുമാനിക്കപ്പെട്ടു. അദ്ദേഹത്തിന്റെ അനുവാദത്തോടെ ഖാദിയാനിൽ എത്തിയ ആദ്യദിനങ്ങൾ വ്യോമ നിരീക്ഷണത്തിനും പ്രാന്ത പ്രദേശങ്ങളുടെ സർവേക്കുമായി ചെലവഴിച്ചു. കലാപ സാന്ദ്രമായ ആ ദിവസങ്ങളിൽ ആകാശത്ത് നിന്നും കലാപത്തിന്റേതായ പല കാഴ്ചകളും കാണാമായിരുന്നു. അങ്ങനെ കലാപ സാദ്ധ്യത പ്രദേശങ്ങളെല്ലാം മനസ്സിലാക്കി. പല വീടുകളും അഗ്നിക്കിരയാക്കി. കന്നുകാലികൾ സംരക്ഷണമില്ലാതെ വയലുകളിൽ അലയുന്നതായി കാണാമായിരുന്നു. ആ നാളുകളിൽ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഒരു ലാന്റ് സർവേ ടീം ജീപ്പ് പോലെയുള്ള ഒരു വാഹനത്തിൽ കറങ്ങിക്കൊണ്ട് ഖാദിയാന് ചുറ്റുമുള്ള പ്രദേശങ്ങൾ നിരീക്ഷിച്ച് കൊണ്ടിരിക്കാറുണ്ടായിരുന്നു. പലപ്പോഴും വിമാനത്തിൽ ഞാനവരെ പിന്തുടരാറുണ്ടായിരുന്നു. എപ്പോഴെങ്കിലും അവർക്ക് എന്റെ സഹായം ആവശ്യമായി വന്നാൽ അവർ ഒരു കൊടിയുയർത്തിക്കാണിക്കും. ഞാൻ അപ്പോൾ തന്നെ അടുത്ത് തന്നെയുള്ള ഒരു വയലിൽ വിമാനം ലാന്റ് ചെയ്യും. പിന്നീട് അവർ കൈമാറുന്ന എല്ലാ വിവരങ്ങളും ഞാൻ അപ്പോൾ തന്നെ ഖാദിയാനിലെത്തിക്കും. ഇത്തരത്തിൽ ഞാൻ പലപ്പോഴും വളരെ ഇടുങ്ങിയ വഴികളിലും സ്ഥലങ്ങളിലും വിമാനം ലാന്റ് ചെയ്തിട്ടുണ്ട്. പിന്നീട് അവിടെ നിന്ന് ഏറെ കഷ്ടപ്പെട്ടാണ് ടേക് ഓഫ് ചെയ്യാറ്. ചിലപ്പോൾ വിമാനം മരത്തിന്റെ ചില്ലകളിൽ തട്ടി തട്ടിയില്ല എന്ന രീതിയിലാണ് ടേക്ക് ഓഫ് ചെയ്യാറ്.

ലാന്റ് സർവേ അടക്കം എപ്പോഴെങ്കിലും തങ്ങളുടെ നിരീക്ഷണത്തിനിടയിൽ വല്ല സിക്ക് ഗ്രൂപ്പുകളും മുസ്‌ലിം പ്രദേശങ്ങൾ ലക്ഷ്യം വെച്ച് കൊണ്ട് നീങ്ങുന്നതായി കണ്ടാലാണ് എന്നെ ഇവർക്ക് ആവശ്യമായി വരുന്നത്. ഖാദിയാനു ചുറ്റുമു ള്ളപ്രദേശങ്ങളിൽ സിക്കുകാരുടെ ആക്രമണങ്ങൾ ക്രമാതീതമായി വർധിച്ച സാഹചര്യത്തിൽ മുസ്‌ലിംകൾ തങ്ങളുടെ ഗ്രാമങ്ങൾ ഉപേക്ഷിച്ച് ഖാദിയാനിൽ അഭയം തേടിയിരുന്നതിനാൽ ഖാദിയാനിൽ മുസ്‌ലിംകളുടെ എണ്ണത്തിൽ വമ്പിച്ച വർധനയുണ്ടായി. ഇത് ജമാഅത്തിന്റെ ഭക്ഷ്യ സംവിധാനത്തിന് താങ്ങാവുന്നതിലധികമായിരുന്നു. മറുവശത്ത് ഖാദിയാൻ തങ്ങളുടെ പ്രദേശമാണന്ന് ധരിക്കുന്ന സിക്കുകാർക്ക് മുസ്‌ലിംകളുടെ ഇത്തരത്തിലുള്ള ഭാരിച്ച സാന്നിദ്ധ്യം ഒരിക്കലും സ്വീകാര്യമായിരുന്നില്ല. ഇതവർക്ക് ഒരു ഭീഷണിയായിതീരുമോ എന്നവർ ഭയപ്പെട്ടു. പക്ഷേ ഈ കാര്യത്തിൽ സിക്കുകാർക്ക് ഒന്നും ചെയ്യുവാൻ സാധിക്കുകയില്ലെന്നും വിഭജനത്തിന് ശേഷം ഖാദിയാൻ പാകിസ്താന്റെ ഭാഗമായി തീരുമല്ലോ എന്നോർത്ത് എല്ലാവരും സമാധാനിക്കുകയായിരുന്നു. എന്നാൽ ആഗസ്ത് 17 ന് ബൗണ്ടറി കമ്മീഷന്റെ പ്രഖ്യാപനം വന്നപ്പോൾ ഖാദിയാനും പ്രാന്തപ്രദേശങ്ങളെയും ഇന്ത്യയുടെ ഭാഗമാക്കുകയാണ് ചെയ്തത്. സിക്കുകാർ ഖാദിയാന് നേരെയുള്ള ആക്രമണം കൂടുതൽ രൂക്ഷമാക്കുകയുണ്ടായി.

ഒരു ദിവസം ഭട്ടാലക്കടുത്ത് അലിവാല എന്ന പ്രദേശത്തെ അഞ്ചു മുസ്‌ലിം ഗ്രാമങ്ങൾ അശ്വാരൂഢരായ സിക്കുകാർ ആക്രമിക്കുന്നതായും മുസ്‌ലിംകളെ കൊല്ലുന്നതായും വിവരം ലഭിച്ചു. ഞാനുടനെ വിമാനത്തിൽ അവിടെയെത്തി. മുസ്‌ലിംകളുടെ അഞ്ച് ഗ്രാമങ്ങൾ സിക്ക് അക്രമികളുടെ അധീനതയിലാണെന്ന് എനിക്ക് കണ്ടപ്പോൾ മനസ്സിലായി. പല വീടിനും തീപിടിച്ചി രിക്കുന്നു. വിട്ട് മുറ്റത്ത് പുരുഷന്മാരുടെയും സ്ത്രീകളുടെയും ശവശരീരങ്ങൾ ചിതറിക്കിടക്കുന്നു ആ സമയത്ത് വിമാനം എഞ്ചിൻ ശബ്ദമുണ്ടാക്കിപിന്തുടർന്ന് (.BUZZ) ആളുകളെ വിരട്ടിയോടിക്കുകയല്ലാതെ എനിക്ക് യാതൊന്നും ചെയ്യാൻ സാധ്യമല്ലായിരുന്നു. വിമാനം ഇടിച്ച് മരിക്കുമെന്ന് ഭയന്ന് കാൽ നടക്കാർ തലങ്ങും വിലങ്ങും ഓടി ഒളിച്ചു. കുതിരപ്പുറത്തുള്ള അക്രമിയെ സാധാരണയിലും കവിഞ്ഞ് ഞാൻ ബസ്സ് ചെയ്ത് പിന്തുടർന്നു ആ കുതിര വല്ലാതെ ഭയക്കുകയും ചാടിക്കൊണ്ട് അതിന്റെ പിന്നിലുള്ള ആളെ കുതറിത്തെറിപ്പിക്കുകയും ചെയ്ത കാഴ്ച്ച ഒന്നു കാണേണ്ടത് തന്നെയായിരുന്നു.

ആഗസ്ത് മൂന്നാം വാരം വരെ അമൃത്സർ മുതൽ ബിയാസ് നദിവരെയുള്ള പ്രദേശങ്ങളിൽ മുഴുവൻ ഗ്രാമങ്ങളും അഗ്നിക്കിരയാക്കി. ഈ ഗ്രാമങ്ങളിലെ വീടുകളിൽ നിന്ന് ഏത് സമയത്തും തീയും പുകയും ഉയരുന്നത് കാണാമായിരുന്നു. ലക്ഷക്കണക്കിന് വളർത്തു മൃഗങ്ങൾ അവകാശികളില്ലാതെ അലഞ്ഞ് തിരിഞ്ഞ് നടക്കുന്നത് കാണാം. ഇതെല്ലാം തന്നെ അതീവ ദയനീയമായ കാഴ്ച്ചകളായിരുന്നു. ഇത്തരം കാഴ്ച്ചകൾക്ക് മിക്ക ദിവസങ്ങളിലും ഞങ്ങൾ സാക്ഷ്യം വഹിച്ചിട്ടുണ്ട്.

ആഗസ്റ്റ് 17 ന് ശേഷം നമ്മുടെ വ്യോമ നിരീക്ഷണം തികച്ചും നിർത്തിവെക്കേണ്ടിവന്നു. കാരണം ഖാദിയാൻ ഇന്ത്യയുടെ ഭാഗമായിമാറിയിരിക്കുന്നു. അതുകൊണ്ട് ഖാദിയാനിൽ നിന്ന് ലാഹോറിലേക്കും അവിടെ നിന്ന് ഖാദിയാനിലേക്കും മാത്രമായി പറക്കൽ ചുരുക്കി. ദിവസവും ജമാഅത്തിന്റെ റിക്കോർഡുകളും വിലപിടിപ്പുള്ള രേഖകളും അഞ്ചുമന്റേയും തഹ്‌രീഖ് ജദീദിന്റെയും അമാനത്ത് ഫണ്ടുകളും അതിന്റെ കണക്കുകളും രജിസ്റ്ററുകളും ജമാഅത്തിന്റെ ചരിത്രങ്ങൾ അടങ്ങിയ രേഖകളും പല അമൂല്യ ചിത്രങ്ങളും ലാഹോ

റിലെ വാൾടൻ വിമാനത്താവളത്തി ലേക്ക് കൊണ്ട്പോയിക്കൊണ്ടി രുന്നു. കൂടെ ജമാഅത്തിന്റെ ഒരു പ്രവർത്തകനും ഉണ്ടാകും. അദ്ദേ ഹം വൈകുന്നേരം വരെ ജമാ അത്തിന്റെ വിവിധ പ്രവർത്തികളിൽ മുഴുകിയിരിക്കും. വൈകിട്ട് ഖാദി യാനിലേക്ക് തിരിക്കും. ജമാഅത്തിന് ആവശ്യ മായ സാധന സാമഗ്രികൾ അന്ന് ബട്ടാലയിലോ അമൃത്സറി ലോപോയി വാങ്ങുന്നത്ഏറെക്കുറെ അസാദ്ധ്യമായത് കാരണം അത്തരം സാധനങ്ങളെല്ലാം വാങ്ങിയിരു ന്നതും ലാഹോറിൽ നിന്നായിരുന്നു. എല്ലാ ദിവസവും ഓരോ പ്രവർത്ത കനായിരുന്നു ലാഹോറിലേക്ക് വന്നി രുന്നത്. ഇങ്ങനെ വന്നിരുന്ന ആൾ തന്റെ സാധാരണ ജമാഅത്ത് പ്രവർ ത്തികൾക്ക് ശേഷം ഖാദിയാനിലേ ക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങിവൈകുന്നേരത്തോടെ ലാഹോർ വിമാനത്താവളത്തിൽ എത്താറാണ് പതിവ്. അവിടെ നിന്ന് ഞങ്ങൾ വിമാനത്തിൽ പുറപ്പെട്ട് ഖാദിയാനിൽ എത്തുമ്പോ ഴേക്കും സന്ധ്യ കഴിഞ്ഞിരിക്കും. ലാഹോർ ജമാഅത്തിലെ ജോലി ബാഹുല്യം കാരണം ഈ പ്രവർ ത്തകർ എത്തിയ ദിവസം അവിടെ തന്നെ തങ്ങുവാൻ തുടങ്ങി. പിറ്റെ ദിവസം മറ്റൊരാളെ കൊണ്ടു പോയാൽ തലേ ദിവസം കൊണ്ടു പോയ ആളെ തിരിച്ച് കൊണ്ട് വരും. ഇങ്ങനെ ഇവർക്ക് ജമാഅത്തിന്റെ ജോലികൾ ചെയ്യാൻ കൂടുതൽ സമയം കിട്ടി തുടങ്ങി.

അക്കാലത്തെ രസകരമായ ഒരു സംഭവം വിവരിക്കാം. ഒരിക്കൽ ഖാദി യാനിൽ നിന്ന് വിമാനം പുറപ്പെടു ന്നതിന് അൽപ്പം മുമ്പ് ഖലീഫത്തുൽ മസീഹ് സാനി തന്റെ ഓഫീസിലേക്ക് എന്നെ വിളിപ്പിച്ചു കൊണ്ട് 'ഇന്ന് എന്റെ ഏറ്റവും അമൂല്യമായ ഒരു വസ്തു വളരെ ഭദ്രമായും സുരക്ഷി തമായും ലാഹോ റിലേക്ക് കൊണ്ടു പോകണം' എന്ന് പറയുകയുണ്ടാ യി. ഈ വിലപിടിച്ച വസ്തു കൊണ്ടു പോയികൊടുക്കേണ്ടത് ലാഹോർ അമീർ ജനാബ് ശേഖ് ബശീർ അഹ് മദ് സാഹിബിനായിരുന്നു. അദ്ദേഹ ത്തെ വീട്ടിൽ വിളിച്ച് വാൾടൻ വിമാ നത്താവള ത്തിൽ എത്താൻ പറയണ മെന്നും വീട്ടിലേക്കുള്ള വഴിയിലും അങ്ങേയറ്റം സുരക്ഷിതമായും കൊ ണ്ടു പോകാൻ പറയണമെന്നും ഹുസൂർ എന്നോട് പറഞ്ഞത് പോലെ തന്നെ അദ്ദേഹത്തോടും പറയണ മെന്നും ഈ വസ്തു അദ്ദേഹത്തിന് കൊടുത്ത ശേഷം അദ്ദേഹം കൈപ റ്റിയതായി എഴുതി വാങ്ങിക്കണമെ ന്നും ഹുസൂർ പറഞ്ഞപ്പോൾ തന്റെ രത്നങ്ങളും പവിഴങ്ങളും അടങ്ങിയ വല്ല ബാഗുമായിരിക്കും എന്നെ ഏൽപ്പിക്കുക എന്ന് എന്റെ വിവര ക്കേട് കൊണ്ട് ഞാൻ വിചാരിച്ചു പോയി. ഹുസൂർ ഇത്രയും പറഞ്ഞ് അടുത്ത മുറിയിൽ നിന്ന് പഴയ അൽപ്പം അഴുക്ക് പുരണ്ട കാൻവാ സിന്റെ ഒരു ട്രാവൽ ബാഗ് എടു ത്തുകൊണ്ട് വന്നു. സിപ്പു പൊട്ടിയ ആ ബാഗിൽ നിറയെ കടലാസു കളായിരുന്നു. ബാഗ് എന്റെ മുമ്പിൽ വെച്ച് കൊണ്ട് ഹുസൂർ പറഞ്ഞു: 'ഞാൻ എഴുതിയ ഖുർആൻ വ്യാ ഖ്യാനം (തഫ്സീർ) കുറച്ച് അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുറച്ച് എഴു തിയിട്ടുണ്ട്. അത് പക്ഷേ അച്ചടി ച്ചിട്ടില്ല. ഇനിയും ധാരാളം ഭാഗങ്ങ ളുടെ തഫ്സീർ എഴുതാൻ ബാക്കി യുണ്ട്. ഇതെഴുതി പൂർത്തിയാക്കുക എന്നത് എന്റെ ജീവിതത്തിലെ പ്രധാ ന ദൗത്യങ്ങളിലൊന്നാണ്. അതി നാൽ രാത്രിയായാലും പകലാ യാലും ഞാൻ എന്ത് പ്രവൃത്തി ചെയ്യുകയാണെങ്കിലും ഖുർആന്റെ ഏതെങ്കിലും ആയത്തുകളെ സംബ ന്ധിച്ച് എന്റെ മനസ്സിൽ വന്നാൽ ആവശ്യമുള്ളപ്പോൾ ഉപയോഗി ക്കാനായി അപ്പോൾ തന്നെ ഒരു കട ലാസിൽ കുറിച്ചിട്ട് ഈ ബാഗിൽ സൂ ക്ഷിക്കും. എഴുതിവെക്കുന്ന വിഷയ ങ്ങൾ തമ്മിൽ വല്ല തുടർച്ചയോ ബന്ധമോ ഉണ്ടാകണമെന്നില്ല. എന്നാലും എന്നെ സംബന്ധിച്ചിട ത്തോളം ഈ ബാഗ് ഒരു അമൂല്യ നിധിയാണ്'.

ഞാൻ ഹുസൂറിൽ നിന്ന് ബാഗ് വാങ്ങി ഓഫീസിൽ നിന്ന് ഇറങ്ങി. ബാഗ് വളരെ ഭദ്രമായി വിമാനത്തിൽ വെച്ചു ലാഹോറിലെത്തി. കൂടെ വരാറുള്ള ജമാഅത്ത് പ്രവർത്തകൻ ടൗണിലേക്ക് പോവുകയും ചെയ്തു. ഞാൻ വിമാനത്തിൽ നിന്ന് ഇറങ്ങി നേരെ എയർപോർട്ട് കൺട്രോൾ ടവറിലേക്ക് പോയി. ശേഖ് ബീർ സാഹിബിന് ഫോൺ ചെയ്തു. വാൾടൻ എയർപോർട്ടിൽ എത്തണ മെന്നും ഹുസൂറിന്റെ വളരെ വിലപി ടിപ്പുള്ള ഒരു വസ്തു താങ്കളെ ഏൽപ്പിക്കാനുണ്ടെന്നും അത് മറ്റാരെയും ഏൽപ്പിക്കാൻ സാധ്യ മല്ലെന്നും അദ്ദേഹത്തെ അറിയിച്ചു. ഭാഗ്യവശാൽ കർഫ്യൂ ഉണ്ടായി രുന്നില്ല. അതിനാൽ 45 മിനിട്ടു കൊണ്ട് ശൈഖ് സാഹിബ് വിമാന ത്താവളത്തിൽ എത്തി. ആ കാലത്ത് ലാഹോർ നദിയുടെ പാലം മുതൽ ഫിറോസ്പൂർ റോഡിൽ വാൾടൻ വിമാനത്താവളത്തിന്റെ പ്രധാന കവാടം വരെ കാര്യമായ ജനവാസം ഇല്ലാതിരുന്നതിനാൽ എയർ പോർ ട്ടിൽ വിമാനം നിർത്തിയിരിക്കുന്ന സ്ഥലത്ത് നിന്ന് ഫിറോസ്പൂർ റോ ഡിലൂടെ ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളും നന്നായി കാണാൻ സാധിക്കുമായിരുന്നു. ഞാൻ വിമാ നത്തിൽ നിന്ന് തന്നെ ശേഖ് സാഹി ബിന്റെ കാർ ഫിറോസ്പൂർ റോ ഡിൽനിന്നും വിമാനത്താവളത്തിന്റെ പ്രധാന കവാടത്തിലേക്ക് തിരിയു ന്നത് കണ്ടിരുന്നു.

അദ്ദേഹം വിമാനത്തിനടുത്തെ ത്തിയപ്പോൾ ഹുസൂർ ഏൽപ്പിച്ച ബാഗ് ഞാൻ വിമാനത്താവളത്തിൽ നിന്നും ഇറക്കി വിമാനത്തിന്റെ പുറകിൽ (TARMAC-വിമാനം നിൽക്കുന്ന റോഡ്) വെച്ചു. ശേഖ് സാഹിബ് തന്റെ ഒരു സ്നേഹിത നോടൊപ്പമാണ് വന്നത്. പിതാവ് സലാമും കുശലാന്വേഷണങ്ങൾ ക്കും ശേഷം ബാഗ് ചൂണ്ടിക്കൊണ്ട് ഹുസൂർ പറഞ്ഞ വാക്കുകൾ അതേ പടി അദ്ദേഹത്തോട് പറയുകയും ബാഗ് അദ്ദേഹത്തിന് കിട്ടിബോധി ച്ചതായി ഞാൻ എഴുതി വാങ്ങുകയും ചെയ്തു. എനിക്ക് കൺട്രോൾ ടവ റിൽ അത്യാവശ്യകാര്യങ്ങൾക്കായി പോവേണ്ടതുണ്ടായിരുന്നു. അത് കൊണ്ട് ബാഗിന്റെ കാര്യം ഓർ മിപ്പിച്ചു കൊണ്ട് നിങ്ങൾ ഇതിന

രികിൽ തന്നെ നിൽക്കണമെന്നും ഉടൻ വരാമെന്നും പറഞ്ഞ് കൺട്രോൾ ടവറിലേക്ക് പോയി. ജനാബ് ശേഖ് സാഹിബും അദ്ദേഹത്തിന്റെ കൂടെ വന്ന ആളും എന്നെകാത്ത് അവിടെ തന്നെനിന്നു. ഞാൻതിരിച്ചെത്തിയപ്പോൾ ഇന്നലെ എന്നോടൊപ്പം ഖാദിയാനിൽ നിന്ന് വന്ന ജമാഅത്ത് പ്രവർത്തകനും എത്തിയതായി കണ്ടു. പിന്നെ താമസിച്ചില്ല. ശേഖ് സാഹിബിനോട് യാത്ര പറഞ്ഞു.അദ്ദേഹം പുറപ്പെട്ടു ഖാദിയാനിലേക്ക്കൊണ്ടുപോകേണ്ടസാധനങ്ങളോടൊപ്പം ജമാഅത്ത് പ്രവർത്തകനെ പിൻ സീറ്റിലിരുത്തി. പുറപ്പെടാനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. ഞാൻ മുൻ സീറ്റിലും ഇരുന്നു. സാധാരണപോലെ ഞാൻ വിമാനത്തിന്റെ പിൻഭാഗം കാണാനുള്ള കണ്ണാടിയിൽ കണ്ണോടിച്ചപ്പോൾ ഞാനെന്താണ് കാണുന്നത്. വിമാനത്തിന്റെ വാൽ ഭാഗത്തിന് പിറകിൽ ഏതാനും വാര അകലെ ഹുസൂറിന്റെ ബാഗ് അതേപടി കിടക്കുന്നു. ശേഖ് സാഹിബ് ബാഗ് കാറിൽ ഭദ്രമായി വെച്ചിരിക്കുമെന്നായിരുന്നു എന്റെ ധാരണ. ബാഗ് കണ്ട് ഞാൻ ഞെട്ടിത്തരിച്ച്പോയി. ഇരുപത് മിനിട്ടിന് മുമ്പേ പുറപ്പെട്ട അദ്ദേഹത്തെ ഫോണിൽ ബന്ധപ്പെടാൻ യാതൊരു മാർഗവുമില്ല. ഇന്നത്തെ പോലെ മൊബൈൽ ഫോൺ സംവിധാനങ്ങൾ അന്ന് ഇല്ലായിരുന്നു. ഓടി പോയി കൺട്രോൾ ടവറിൽ നിന്ന് ഫോൺ ചെയ്യണമെന്ന് വെച്ചാൽ എവിടേക്ക്? അദ്ദേഹം വഴിയിലാണ്. വീട്ടിൽ എത്തിയിട്ടുണ്ടാവാനിടയില്ല. എന്ത് ചെയ്യണമെന്നറിയാതെ അങ്ങേയറ്റം പരിഭ്രമത്തോടെ ഞാൻ വിമാനത്തിൽ നിന്ന് താഴെ ഇറങ്ങി. ബാഗ് വിമാനത്താവളത്തിൽ മറന്ന കാര്യം ശേഖ് സാഹിബ് വീട്ടിൽ എത്തിയ ശേഷമായിരിക്കും മനസ്സിലാക്കിയത് എന്ന് ഞാൻ ഊഹിച്ചു. അപ്പോൾ തന്നെ അദ്ദേഹം വീണ്ടും വിമാനത്താവളത്തിലേക്ക് തിരിക്കുകയും ഞങ്ങൾ അദ്ദേഹത്തെ കാത്തിരിക്കുകയും ചെയ്യുകയാണെങ്കിൽ സമയം കുറേ താമസിക്കും പിന്നെ അന്നേ ദിവസം ഖാദിയാനിലേക്ക് യാത്ര സാധ്യമാകുകയില്ല. കാരണം ഖാദിയാനിൽ ലാന്റിങ്ങ് സഹായികളായ ലൈറ്റുകൾ (FLARES) ഇല്ല. പിന്നെ എന്ത് ചെയ്യും. ഇങ്ങനെ പല പല ചിന്തകകളോടും കൂടി എന്ത് ചെയ്യണമെന്നറിയാതെ ഫിറോസ് പൂർ റോഡിന്റെ ഭാഗം തിരിഞ്ഞ് ഞാൻ നിന്നു. പെട്ടെന്ന് ഒരു കാർ അതിവേഗത്തിൽ വരുന്നതായും എയർ പോർട്ട് ഗേറ്റിലേക്ക് തിരിയുന്നതായും എന്റെ ദൃഷ്ടിയിൽപ്പെട്ടു കാർ അപകടകരമാം വിധം അതിവേഗത്തിൽ വിമാനത്താവളത്തിന്റെ പ്രധാന കവാടത്തിലേക്ക് ടേൺ ചെയ്തത് കാരണം കാറിന്റെ ഒരു ഭാഗത്തുള്ള രണ്ട് ടയറുകൾ റോഡിൽ നിന്ന് ഉയരു കയും അതി ശക്തമായ വിസിലടി ശബ്ദം ഉണ്ടാവുകയും ചെയ്തു. ഭാഗ്യവശാൽ കാർ മറിഞ്ഞില്ല. എന്നിട്ട് ഞങ്ങളുടെ പിൻഭാഗത്തേക്ക് അതേ വേഗതയിൽ തന്നെ വരാൻ തുടങ്ങി. ശേഖ് സാഹിബിന്റെ കാർ തന്നെയാണ് വരുന്നതെന്ന് മനസ്സിലായപ്പോൾ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും അല്ലാഹുവിനെ അകമഴിഞ്ഞ് സ്തുതിച്ചു. ബാഗ് നഷ്ടപ്പെട്ടുപോകുമോയെന്നായിരുന്നു അദ്ദേഹത്തിന്റെ ഉത്കണ്ഠയും ഭയവും. അടുത്ത് വന്ന് ബാഗ് ടാർമാക്കിൽ തന്നെ ഇരിക്കുന്നത് കണ്ടപ്പോഴാണ് അദ്ദേഹത്തിന് സമാധാനം ഉണ്ടായത്. അദ്ദേഹം വേഗം തന്നെ ബാഗ് എടുത്ത് കാറിൽ വെച്ച് വീണ്ടും ഞങ്ങളോട് യാത്ര പറഞ്ഞ് പിരിഞ്ഞു. ഞാൻ അല്ലാഹുവിന് നന്ദി പറഞ്ഞുകൊണ്ട് ഖാദിയാനിലേക്കും പുറപ്പെട്ടു. ഖാദിയാനിൽ എത്തിയ ഉടനെ ഞാൻ സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബിന്റെ അടുക്കൽ ചെന്ന് മുഴുവൻ വിവരവും അദ്ദേഹത്തെ ധരിപ്പിച്ചു. വിവരങ്ങൾ മുഴുവൻ കേട്ടശേഷം ഇത് ഹുസൂർ അറിയരുതെന്നും അദ്ദേഹം താക്കീത് ചെയ്തു. അതിനാൽ ഹുസൂറുമായുള്ള കൂടി കാഴ്ച്ച വേളയിൽ ശേഖ് സാഹിബ് ബാഗ് കൈപറ്റിയതിന് എഴുതി ഒപ്പിട്ട് തന്ന രസീതി. ഹുസൂറിനെ ഏൽപ്പിച്ചു. മറ്റ് യാതൊരു കാര്യവും അന്നോ അതിന് ശേഷമോ ഹുസൂറിനെ അറിയിച്ചിട്ടില്ല.
(തുടരും)

വിവ: ഇബ്നു വഫ, കോഴിക്കോട്.

## അല്ലാഹു ഗൗനിക്കാത്ത മനുഷ്യർ

അബൂഹുറൈറ (റ) നവേദനം: നബി(സ) അരുളി: മൂന്ന് വിഭാഗം മനുഷ്യരുണ്ട്. അന്ത്യ ദിനത്തിൽ അല്ലാഹു അവരുടെ നേരെ നോക്കുയോ പരിശുദ്ധപ്പെടുത്തുകയോ ചെയ്യുകയില്ല. അവർക്ക് അതികഠിനമായ ശിക്ഷയുണ്ട്. വഴിയരികിൽ മിച്ചമുള്ള വെള്ളമുണ്ടായിട്ട് അത് യാത്രക്കാരന് കൊടുക്കാതെ തടഞ്ഞു വെക്കുന്ന മനുഷ്യൻ, ഭൗതിക നേട്ടം മാത്രം ലക്ഷ്യം വെച്ച് ഇമാമിനോട് അനുസരണ പ്രതിജ്ഞ ചെയ്ത മനുഷ്യൻ. ഇമാം അവന് വല്ലകാര്യലാഭവും നേടികൊടുത്താൽ അവൻ സംതൃപ്തനാകും ഇല്ലെങ്കിലോ വെറുപ്പും. അവന്റെ ചരക്ക് അസറിന് ശേഷം അങ്ങാടിയിലിറക്കി. അല്ലാഹു വാണേ സത്യം ഞാനീ ചരക്ക് ഇന്ന നിലവാരത്തിൽ വാങ്ങിയതാണ് എന്ന് ഒരാൾ സത്യം ചെയ്തു. ഇത് കേട്ട് വിശ്വസിച്ച മറ്റൊരാൾ ചരക്ക് വാങ്ങി. ആ മനുഷ്യനും (ബുഹാരി)

# ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) മാനവകുലത്തിന്റെ മാർഗദർശി

മഹ്മൂദ് കൽക്കുളം

**ഹ**ദ്റത്ത് മുഹമ്മദ് മുസ്തഫ (സ) മാനവ സമൂഹത്തിന്റെ വഴികാട്ടിയും മോചകനുമാകുന്നു. ലോകസമക്ഷം സമർപ്പിച്ച മഹനീയ സന്ദേശങ്ങൾ സ്വജീവിതത്തിലൂടെ പകർത്തികാണിച്ച അവിടുന്ന് മനുഷ്യവംശത്തിന്റെ ഉൽകൃഷ്ട മാതൃകയുമാണ്. സമഗ്രവും സമ്പൂർണവുമായിരുന്നു. അവിടുത്തെജീവിതം. ബഹുവിധങ്ങളായ ജീവിതാനുഭവങ്ങളിൽ വൈവിധ്യമാർന്ന സ്വഭാവമഹിമകളും അവിടുന്ന് വെളിപ്പെടുത്തുകയുണ്ടായി. അതുകൊണ്ടു തന്നെ നാനാതുറകളിലുള്ള മനുഷ്യർക്കും അവിടുത്തെ ജീവിതത്തിൽ ഉദാത്തമാതൃക ദർശിക്കാൻ കഴിയും. ആത്മീയമായ ഉജ്ജീവനത്തിനും ഔന്നത്യം സഫലമാക്കുന്നതിനും. നബി (സ) തിരുമേനി(സ) യുടെ മാതൃകയെ അനുകരിക്കേണ്ടത് അനിവാര്യമാകുന്നു. പാരത്രിക നന്മയും ദൈവാനുരാഗവും കൈവരിക്കുന്നതിനുള്ള പ്രായോഗികമാർഗമെന്നനിലയിൽ വിശുദ്ധഖുർആൻ നബി ( സ) തിരുമേനിയുടെ മാതൃകയെ അനുധാവനം ചെയ്യാൻ ആഹ്വാനം ചെയ്യുന്നുണ്ട്. ***'പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തു തരികയും ചെയ്യും അല്ലാഹു സർവഥാ പൊറുത്തു കൊടുക്കുന്നവനും കരുണാമയനുമാകുന്നു.' (2:32) 'നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും ഉത്തമ മാതൃകയുണ്ട്. അല്ലാഹുവിനെയും അന്ത്യനാളിനെയും പ്രത്യാശിക്കുകയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്ന താരോ അവർക്ക് (33:22) 'വിശ്വസിച്ചവരെ അല്ലാഹുവിനും അവന്റെ ദൂതനും നിങ്ങൾക്ക് ജീവൻ നൽകുന്നതിലേക്ക് അദ്ദേഹം നിങ്ങളെ വിളിച്ചാൽ ഉത്തരം നൽകുക.' (8:25)***

### മാനവരാശിയുടെ വഴികാട്ടി

സ്വഭാവഗുണങ്ങളുടെ സമ്പൂർത്തീകരണം യാഥാർഥ്യമായത് നബി (സ) തിരുമേനിയാണ് പ്രാദുർഭാവത്തോടെയാണ്. അഥവാ നബി (സ) തിരുമേനിയാണ് ഉന്നതസ്വഭാവഗുണങ്ങൾ ലോകത്ത് നിലനാട്ടിയത്. സങ്കുചിത ഭാവങ്ങളിൽ നിന്ന് മനുഷ്യനെമോചിപ്പിച്ച് ആത്മപ്രബുദ്ധനാക്കുന്നതിനുതകുന്ന ഉൽകൃഷ്ടതയുടെ മാർഗങ്ങളവിടുന്ന് ലോക സമക്ഷം സമർപ്പിക്കുകയുണ്ടായി. പരസ്പര സ്നേഹവും സൗഹാർദവും വളർത്തുന്നതിനും കാലുഷ്യം മുളപൊട്ടാതിരിക്കുന്നതിനും സർവോപരി ആത്മ സംസ്കാരം സിദ്ധിക്കുന്നതിനുമുള്ള എല്ലാ അടിസ്ഥാന പാഠങ്ങളും അവിടുന്ന് നൽകിയിട്ടുള്ളതായി കാണാം. 'ഒരിക്കൽ ഏതിനെസംബന്ധിച്ചാണോ താൻ ഏറ്റവുമധികം ഭയപ്പെടേണ്ടതെന്ന അനുചരന്റെ ചോദ്യത്തിന് നബി(സ) തന്റെ നാവ്തൊട്ടുകൊണ്ട് പ്രതിവചിച്ചത് ഇതിനെ ഏറ്റവുമധികം ഭയപ്പെടുക എന്നാണ്. മറ്റൊരിക്കൽ ഹദ്റത്ത് മുആദ് (റ)ന് നൽകിയ ഉപദേശങ്ങളിൽ നാവിനെ കാണിച്ചുകൊണ്ട് അവിടുന്ന് അരുളി: ഇതിനെ തടഞ്ഞുവെക്കുക. ആളുകളെനരകത്തിൽ വീഴ്ത്തുന്നത് അവരുടെ നാവുകൾ കൊയ്തെടുക്കുന്ന സംഗതികളാകുന്നു. സമൂഹത്തിൽ ഛിദ്രതയും കുഴപ്പങ്ങളും തലപൊക്കുന്നതിന് നിദാനമാകുന്നത് മനുഷ്യന്റെ നാവാകുന്നു. അഥവാ സംസാരത്തിലുണ്ടാകുന്ന താളപ്പിഴകളും നിയന്ത്രണമില്ലായ്മയും സഭ്യേതരതയും സമൂഹത്തിൽ പ്രശ്നങ്ങൾക്ക് വഴിമരുന്നിടുന്നു. അത് പിന്നീട് ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. എന്നാൽ സംസാരങ്ങളുടെ നേരായ രീതിശാസ്ത്രം വ്യക്തമായി മനസ്സിലാക്കി തന്ന നബി (സ) തിരുമേനി ഭവിഷ്യത്തുകൾ സംജാതമാകുന്നതെങ്ങനെയാണെന്ന് അവബോധമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അവിടുന്ന് അരുളുന്നു: 'പുനരുത്ഥാന നാളിൽ എന്റെ ഏറ്റവും പ്രിയപ്പെട്ടവവരും ഞാനുമായി ഏറ്റവും നല്ല സ്വഭാവ ഗുണങ്ങളുള്ള വ്യക്തികളായിരിക്കും. പുനരുദ്ധാരണ നാളിൽ എനിക്ക് അടുത്തവരും നിങ്ങളിൽ വെച്ച് ഏറ്റവും വെറുക്കപ്പെട്ടവരും എന്നിൽ നിന്ന് വിദൂര സ്ഥരും വിടുവായന്മാരും സൂക്ഷ്മതയില്ലാതെ ദീർഘ നേരം സംസാരിക്കുന്നവനും അഹംഭാവികളുമായിരിക്കും.' (തിർമി) ഇത് കൂടാതെ നബി (സ) മുന്നോട്ടു വെച്ച മഹനീയ പാഠങ്ങൾ ശ്രദ്ധേയമാണ്. ***'ബിംബാരാധനയേയും വ്യാജ്യോക്തിയേയുംവർജിക്കുവീൻ' (22:31). 'സംസാരിക്കുമ്പോൾ നിങ്ങൾ സത്യവും ന്യായമായതും സംസാരിക്കുവീൻ. നിങ്ങളുടെ ബന്ധുക്കൾക്കെതിരായി പറയേണ്ടിവന്നാലും ശരി' (6:153)*** ഏതെങ്കിലും ജനതയുടെ

*നേർക്കുള്ള വിരോധം നിങ്ങളെ സത്യവിരുദ്ധമായി പെരുമാറുന്നതിന് പ്രേരിപ്പിക്കാതിരിക്കട്ടെ'(5:9) നിങ്ങളുടെ പക്കൽ തെളിവില്ലാതെ നിങ്ങൾ മറ്റൊരുത്തരിലും ആരോപണം ചെയ്യരുത്. നിശ്ചയമായും ചെവിയും കണ്ണും ഹൃദയവുമെല്ലാം അതിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നതായിരിക്കും.' (17:37) വല്ലവരും ദുഷ്ടതയോടെ നിസ്സാര വാക്ക് പറയുന്നുവെങ്കിൽ നിങ്ങൾ നല്ല രീതിയിൽ സൗമ്യമായ മറുപടി കൊടുക്കുക. ഈ ശീലം നിമിത്തം ശത്രുതയുള്ളവർ വാത്സല്യ മിത്രമായി തീരുന്നതാണ്.'(41: 35) നിങ്ങൾ ജനങ്ങളോട് നല്ല വാക്ക് പറയുവീൻ '(32:84) 'മിഥ്യാ സംവാദം ചെയ്യരുത്. ആവശ്യത്തിന് ചൊവ്വായി സംസാരിക്കുക.'(33:7) ഒരു ജാതിക്കാർ മറ്റൊരു ജാതിക്കാരെ പരിഹസിക്കാതിരിക്കട്ടെ. അവർ (പരിഹസിക്കപ്പെടുന്നവർ) ഒരു പക്ഷേ മറ്റവരേക്കാൾ ഉത്തമരായിരിക്കും, ചില സ്ത്രീകൾ മറ്റു സ്ത്രീകളെ പരിഹസിക്കാതിരിക്കട്ടെ, പരിഹസിക്കപ്പെടുന്നവർ ഒരു പക്ഷേ മറ്റവരേക്കാൾ ഉത്തമകളായിരിക്കും. നിങ്ങൾ തമ്മിൽ തമ്മിൽ അപവദിക്കരുത്. അന്യോന്യം ഹാസ്യ പേരുകൾ വിളിക്കുകയുമരുത്.. ഊഹങ്ങളിൽ അധികത്തെയും വർജിക്കുവീൻ. നിശ്ചയമായും ഊഹങ്ങളിൽ ചിലത് പാപകരമാകുന്നു. നിങ്ങൾ ദോഷങ്ങളെ ചികഞ്ഞു നോക്കരുത്. അല്ലാഹുവിനെ ഭയപ്പെടുവീൻ, അല്ലാഹു ആർദ്രതയുള്ളവനും കരുണാമയനുമാണ്.'(49:12,13) 'വല്ലവനും ഒരു പാപമോ കുറ്റമോ ചെയ്യുകയും പിന്നെ അത് നിരപരാധിയുടെ മേൽ ആരോപിക്കുകയും ചെയ്യുന്നതായാൽ നിശ്ചയമായും അയാൾ കള്ളവും വ്യക്തമായ കുറ്റവുമാണ് ചുമത്തിയിരിക്കുന്നത്.'(4:113) 'ആത്മ പ്രശംസകനായ ഒരു ദുരഭിമാനിയേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല.'(57:24) ധാരാളം സത്യംചെയ്യുന്ന നീചനായ ഒരുത്തനും നീ വഴങ്ങിപ്പോവരുത്. പരദൂഷണം പറയുന്നവനും ഏഷണിയുമായി നടക്കുന്നവനും നന്മയെ തടയുന്നവനും അതിക്രമിയും മഹാപാപിയും കടുത്ത വാക്ക് പറയുന്നവനും ഇതിനെല്ലാം പുറമെ ജാരസന്തതിയുമായവൻ '(68:11) 'ദൂഷണം പറയുകയും അപവാദം പറഞ്ഞു പരത്തുന്നവനുമായ ഒരോരുത്തനും നാശം'( 104: 2) 'വിശ്വസിച്ചവരിൽ ലജ്ജാകരമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നത് ഇഷ്ടപ്പെടുന്നവർക്കും ഇഹത്തിലും പരത്തിലും വേദനാജനകമായ ശിക്ഷ ലഭിക്കുന്നതാണ്.'(24:20)* വാ മൊഴികളിൽ പുലർത്തേണ്ട സൂക്ഷ് മതകളുടെയും രീതിമുറകളുടേയും സമഗ്രമായ വിവരണങ്ങളാണ് മേൽസൂക്തങ്ങളിൽ അനാവരണം ചെയ്തിരിക്കുന്നത്. സംസാരങ്ങളിൽ മാന്യതയും ആഭിജാത്യവും പുലർത്താൻ വിശുദ്ധ ഖുർആൻ നിഷ്ക്കർഷിച്ചിരിക്കുന്നു. അതോടൊപ്പം വ്യാജോക്തി, പരദൂഷണം, ഏഷണി, ആത്മപ്രശംസ, അപകീർത്തിപ്പെടുത്തൽ, പരിഹസിക്കൽ, ചുഴിഞ്ഞ ന്വേഷിക്കൽ, നിന്ദിക്കൽ, നിർലജ്ജമായ കാര്യങ്ങൾ പ്രചരിപ്പിക്കൽ തുടങ്ങി നാവിലൂടെ ജന്മമെടുക്കുന്ന മുഴുവൻ ദുഷ്യങ്ങളേയും പറ്റിയും ജാഗ്രതപ്പെടുത്തുകയും അവ പരിത്യജിക്കുവാൻ കൽപ്പിക്കുകയും ചെയ്തിരിക്കുന്നു. ആത്മീയമായ സൗഭാഗ്യങ്ങളിൽ നിന്ന് മനുഷ്യരെ ദൂരപ്പെടുത്തുന്ന ഗുരുതരമായ തിന്മകളുടെ ഗണത്തിലാണ് ഇവയെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് മൂലമാണ് സാമൂഹികാന്തരീക്ഷം കലുഷിതമാവുന്നതും. ചുരുക്ക ത്തിൽ സ്വഭാവ സംസ്കൃതിക്ക് വിഘ്നം സൃഷ്ടിക്കുന്ന സകല ദൂഷ്യങ്ങളുടെയും അടി വേരറുക്കുന്നതിനുള്ള ഉപാധികൾ നബി (സ) തിരുമേനിയുടെ മാർഗദർശനങ്ങളിൽ കാണാവുന്നതാണ്.

**മനവികതയുടെ ധ്വജവാഹകൻ**

ഐക്യവും സ്നേഹവും ഊട്ടിയുറപ്പിക്കുന്നതിനും അതുവഴി സാമൂഹിക ഭദ്രത ശക്തിപ്പെടുത്തുന്നതിനുമുള്ളവ്യക്തമായ മാർഗരേഖയും നബി (സ) തിരുമേനി സമർപ്പിച്ചിട്ടുണ്ട്. സഹജീവികൾക്ക് യാതൊരു വിധക്ലേശവും ബുദ്ധിമുട്ടും വരാതെ ശ്രദ്ധിക്കാൻ ഒരു മുസ്‌ലിം ബാദ്ധ്യസ്ഥനാകുന്നു. ഒരു മുസ്‌ലിം നാവുകൊണ്ടും ഇതര അവയവങ്ങൾ മുഖേനയും മറ്റുള്ളവർക്ക് സുരക്ഷിതത്വം നൽകുന്നവനാകണമെന്ന് അവിടുന്ന് ഉണർത്തുകയുണ്ടായി. ഒരാളുടെ ദ്രോഹം ഭയന്ന് ജനങ്ങൾ അയാളിൽ നിന്ന് അകന്നു മാറുന്നുവെങ്കിൽ അയാളാണ് നികൃഷ്ടനെന്ന് നബി തിരുമേനി (സ) ഉദ്ബോധിപ്പിച്ചു. പരസ്പരം കൂടിക്കാഴ്ച്ച നടത്തുന്നവാനും ഉപഹാരങ്ങൾ കൈമാറാനും നിർദേശിച്ചു. ഇതു വഴിമറ്റുള്ളവരുടെ പ്രശ്നങ്ങളറിയുകയും സാഹോദര്യബന്ധങ്ങൾ ശക്തിപ്പെടുകയും ചെയ്യുന്നതാണ്. നബി (സ) ഒരു യഥാർഥവിശ്വാ സിയെ നിർവചിച്ചത് ഇപ്രകാരമാണ്. 'എന്റെ ജീവൻ ആരുടെ കൈയി ലാണിരിക്കുന്നത്, അവനാണ് സത്യം താനിഷ്ടപ്പെടുന്നത് തന്റെ സഹോദരന് ഇഷ്ടപ്പെടുന്നത്വരെ നിങ്ങൾ ഒരാളും സത്യവിശ്വാസിയായിരിക്കുകയില്ല.'ഓരോ ആളും സ്വന്തത്തിൽ നന്മയും ക്ഷേമൈശ്വര്യങ്ങളും മാത്രമാണ് ആഗ്രഹിക്കുക. മറ്റുള്ളവർ തന്റെ ദോഷങ്ങൾ പറയുന്ന് കേൾക്കാനും അഭിമാനത്തെക്ഷതപ്പെടുത്തി സംസാരിക്കാനും അത് ശ്രവിക്കാനും ഒരാളും തന്നെ ഇഷ്ടപ്പെടുകയില്ല. ഇതേ അവസ്ഥയിൽ നിന്നുകൊണ്ട് മറ്റുള്ളവരെ കാണാനും കേവലം അവരുടെ ഗുണകാംക്ഷിയായിപ്രവർത്തിക്കാനുമാണ് നബി (സ) വിശ്വാസികളെ ജാഗ്രതപ്പെടുത്തുന്നത്. വിഷമങ്ങളും ദുരിതങ്ങളും അനുഭവിക്കുന്നവരെ സഹായിക്കുവാനും അവരുടെ നേരെ സഹാനുഭുതി കാട്ടാനുമാണ് നബി (സ) വിശ്വാസികളെ ജാഗ്രതപ്പെടുത്തുന്നത്. വിഷമങ്ങളും ദുരിതങ്ങളും അനുഭവിക്കുന്നവരെ സഹായിക്കാനും അവരുടെ നേരെ സഹാനുഭുതി കാട്ടാനും നബി (സ) തിരുമേനി ഊന്നിപ്പറയുകയുണ്ടായി. അവിടുന്ന് ഇപ്രകാരം അരുളുന്നു: കരുണ കാണിക്കുന്നവരോട് പരമകാരുണികനും കരുണകാണിക്കും. ഭൂമിയിലുള്ളവനോട് കരുണ കാണിക്കുക. ആകാശത്തുള്ളവൻ നിങ്ങ

ളോടും കരുണ കാണിക്കും. ഈ ലോകത്ത് വെച്ച് വല്ലവനും ഒരു വിശ്വാസിയുടെ ക്ലേശങ്ങളിൽ നിന്നും ഒരു ക്ലേശത്തെ അകറ്റി കളയുന്നതായാൽ പുനരുത്ഥാന നാളിൽ ഒരു ക്ലേശത്തെ അല്ലാഹു അവനിൽ നിന്ന് ലഘൂകരിച്ചു കൊടുക്കും. ഏതൊരാൾ ഒരു മുസ്‌ലിമിന്റെ ദൗർബല്ല്യത്തെ മറച്ചു വെക്കുന്നുവോ അയാൾക്ക് ഇഹലോകത്തും പരലോകത്തും പരലോകത്തും ഉണ്ടാകുന്ന പ്രയാസത്തെ ദുരീകരിച്ചു കൊടുക്കും (മുസ്‌ലിം) ദയയും കാരുണ്യവും മാനുഷിക മുഖവും കാണിച്ചു കൊണ്ട് സമസൃഷ്ടികളോടുള്ള കടപ്പാടുകളും ബന്ധങ്ങളും നിലനിർത്താനാണ് നബി (സ) തിരുമേനി അനുചരവൃന്ദത്തെ പഠിപ്പിച്ചിരിക്കുന്നത്. നിസ്സാര കാരണങ്ങളാൽ അന്യോന്യം കലഹിക്കുകയും സമ്പത്ത് കൈയടക്കിവെക്കുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിൽ മനുഷ്യന്റെ ജീവനും അന്തസ്സും മുതലും പരിപാവനമാണെന്ന് അവിടുന്ന് വിളംബരപ്പെടുത്തി. ഈ പവിത്ര അദ്ധ്യാപനം ഇന്ന് വിശ്വതലത്തിൽ തന്നെ ഏറെ പ്രസക്തമായിരിക്കുകയാണ്. എന്തുകൊണ്ടാണെന്നാൽ നിസ്സാര പ്രശ്നങ്ങളുടെ പേരിൽ നിരപരാധികളെ കൊന്നൊടുക്കുകയുംസമ്പത്തിൽ കണ്ണ് വെക്കുകയും മനുഷ്യന്റെ അഭിമാനത്തിന് വിലകൽപ്പിക്കാതിരിക്കുകയും ചെയ്യുന്ന വർത്തമാനകാല സാഹചര്യം ആർക്കും മനസ്സിലാക്കാൻ കഴിയും. വാസ്തവത്തിൽ അതാത് കാലങ്ങളിൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്ന മുഴുവൻ പ്രശ്നങ്ങൾക്കും അടിസ്ഥാനകാരണവും അതിനുള്ള പരിഹാരവും നബി (സ) തിരുമേനി (സ)യുടെ മാർഗദർശനങ്ങളിൽ കണ്ടെത്താൻ സാധിക്കുന്നതാണ്. അവസാനമായി വാഗ്ദത്ത മസീഹി (അ) ന്റെ ഒരു ഉദ്ധരണി ഇവിടെ ചേർക്കുന്നു:

'തൗഹീദിന്റെയും ദൈവികത്വത്തിന്റെയും അനുഗ്രഹം ഹദ്റത്ത് മുഹമ്മദ് നബി (സ)മുഖേനയാണ് ലോകത്ത് ലഭ്യമായിരുന്നത്. അതല്ലാതെ മറ്റൊരു മാർഗവും ഉണ്ടായിരുന്നില്ല. മാലിന്യത്തിൽ അമർന്നിരുന്ന ഒരു സമുദായത്തെ അതിൽ നിന്നും കരകയറ്റി മനോഹരമായ പൂന്തോട്ടത്തിൽ അദ്ദേഹം എത്തിച്ചു. ആത്മീയമായ വിശപ്പിലും ദാഹത്തിലും വലഞ്ഞ് മരിക്കാറായ ആ ജനതക്ക് മാധുര്യമേറിയ ഭക്ഷണപാനീയങ്ങൾ കൊടുത്ത് അവരെ അവിടുന്ന് രക്ഷപ്പെടുത്തി കിരാതവും മൃഗീയവുമായ സ്ഥിതിയിൽ നിന്നും കരകയറ്റി ആദ്യം അവരെ മനുഷ്യരാക്കി. അതിന് ശേഷം അവരെ അദ്ദേഹം പരിപൂർണ മനുഷ്യരാക്കി തീർക്കുകയും അവർക്കു ദൈവത്തെ ദർശിക്കത്തക്ക രീതിയിൽ പല ദൃഷ്ടാന്തങ്ങളും പ്രത്യക്ഷമാക്കികൊടുക്കുകയും ചെയ്തു. അങ്ങനെ മലക്കുകളോട് പോലും തുല്യമായ നില പ്രാപിക്കാൻ സാധിക്കുന്നയത്ര അതി മഹത്തായ പരിവർത്തനം അവരിൽ അദ്ദേഹം ഉണ്ടാക്കി. ഇത്തരത്തിലുള്ള പ്രഭാവം മറ്റൊരു പ്രവാചകൻ മുഖേനയും അവരുടെ സമൂഹത്തിൽ ഉണ്ടായിട്ടില്ല.' (ഹഖീഖത്തുൽ വഹ്‌യ്)


Humanity First



Our mission is to serve disaster struck and socially disadvantaged individuals and families in the poorer communities of the world.

വിവാഹ മോചനവും ലിംഗസമത്വവും ഇന്ത്യൻ വ്യക്തി നിയമത്തിൽ – 10

# തലാഖിന് കാരണം ബോധിപ്പിക്കേണ്ടതുണ്ടോ?

തലാഖ് ചൊല്ലണമെങ്കിൽ ന്യായമായ കാരണം കാണിക്കണമെന്ന് സുപ്രീം കോടതി അനുശാസി ക്കുന്നുണ്ട്. ഖുർആൻ നിർദേശി ക്കും വിധം വിവാഹ ബന്ധം വേർപെടുത്താൻ തയ്യാറെടുന്ന ദമ്പതിമാർക്കിടയിൽ മദ്ധ്യസ്ഥന്മാർ മുഖേനയുള്ള അനുരഞ്ജന ശ്രമ ങ്ങൾ അനിവാര്യമാണ്. ആ അനുരഞ്ജന ശ്രമങ്ങൾ പരാജയപ്പെട്ടാൽ അത് തലാഖിനുള്ള ന്യായമായ കാരണമായി കണക്കാക്കാവുന്നതാ ണെന്നാണ് പരമോന്നത കോടതിയുടെ അഭിപ്രായം.

ഡോ. കൗസർ എടപ്പകത്ത്

**ത**ലാഖ് ചൊല്ലണമെങ്കിൽ എന്തെങ്കിലും കാരണം കാണിക്കേണ്ടതുണ്ടോ എന്നതിനെ സംബന്ധിച്ച് ഇസ്ലാമിലെ വിവിധ ചിന്താസരണികൾക്കിടയിലും നിയമജ്ഞർക്കിടയിലും വലിയ അഭിപ്രായ വ്യത്യാസം നില നിൽക്കുന്നുണ്ട്. തലാഖ് മുഖേനയുള്ള വിവാഹമോചനം, ഭർത്താവിൽ നിക്ഷിപ്തമായിരിക്കുന്ന ഏകപക്ഷീയമായ അവകാശമാണെന്നാണ് ഒരു വിഭാഗം കരുതുന്നത്. അയാൾക്ക് തന്റെ ഭാര്യയെ എന്തെങ്കിലും കാരണമുണ്ടെങ്കിലോ കാരണമില്ലാതെയോ ഉപേക്ഷിക്കാവുന്നതാണ്. എന്നാൽ അനുപേക്ഷണീയമായ സന്ദർഭത്തിലല്ലാതെ ഭർത്താവിൽ നിന്നുണ്ടാവുന്ന തലാഖ് വാസ്തവത്തിൽ നിരോധിക്കപ്പെട്ടതാണ് എന്നാണ് മറ്റൊരു വിഭാഗം നിയമജ്ഞന്മാരുടെ അഭിപ്രായം. വിവാഹ മോചനം മാത്രമേ പ്രതിവിധിയുള്ളൂ എന്ന നിലവരുകയാണെങ്കിൽ ജഡ്ജിമാരെക്കൊണ്ട് അതിനുള്ള അംഗീകാരം വാങ്ങേണ്ടതുണ്ട് എന്നാണ് ഇക്കൂട്ടർ പറയുന്നത്. .

മുസ്ലിം വിവാഹ നിയമത്തെപറ്റി ആധികാരികമായി ഉദ്ധരിക്കപ്പെടുന്ന മുല്ലയുടെ 'Principles on Muhammedan law' എന്ന പുസ്തകത്തിൽ പറയുന്നു:

സുബോധമുള്ളതും പ്രായപൂർത്തിയെത്തിയതുമായ ഏതൊരു മുസൽമാനും അയാൾ ആഗ്രഹിക്കുകയാണെങ്കിൽ യാതൊരുകാരണവും ബോധിപ്പിക്കാതെ തന്നെ വിവാഹ ബന്ധം വേർ പെടുത്താവുന്നതാണ്.[106]

മാക്നോട്ടന്റെ പ്രസ്താവന ഇപ്രകാരമാണ്:

വിവാഹ മോചനത്തിന് പ്രത്യേകമായി യാതൊരുകാരണവും ഒരവസരത്തിലുംബോധിപ്പിക്കേണ്ടതില്ല.

ഭർത്താവിന് കേവലം ഒരു തോന്നൽ മാത്രം ഉണ്ടായാൽ മതിയാവുന്നതാണ്.[107]

പറാസ് ദിവാനും ഈ വീക്ഷണം തന്നെയാണ് പുലർത്തുന്നത്. അദ്ദേഹം എഴുതുന്നു:

വിവാഹബന്ധത്തിലേർപ്പെട്ടു കഴിഞ്ഞാൽ ഭാര്യ ഭർത്താവിന് കീഴടങ്ങി ജീവിക്കേണ്ടവളാണ് എന്ന സങ്കൽപ്പ പ്രകാരം മുസ്ലിം നിയമ ശാസ്ത്രം, ഭർത്താവിനാണ് അയാളുടെ ഭാര്യയെ വിവാഹമോചനം ചെയ്യുവാൻ ഏറെക്കുറെ പരിപൂർണമായ അധികാരം നൽകുന്നത്. തുടർന്ന് ഭാര്യക്ക് വിവാഹബന്ധത്തിൽ നിന്ന് മോചനം ലഭിക്കുന്നത് അവളുടെ നിർദേശം ഭർത്താവ് അംഗീകരിക്കുമ്പോൾ മാത്രമാണ്. ഭാര്യ അവൾക്ക് മുൻ നിശ്ചയ പ്രകാരമുള്ള മഹർ ആവശ്യപെടുകയോ ഭർത്താവിന് വല്ലതും കൊടുത്ത് വിവാഹ ബന്ധം വേർപ്പെടുത്തിത്തരാൻ അയാളോട് ആവശ്യപ്പെടുയോ ചെയ്യാം.108

ഹനഫി, മാലിക്കി, ശാഫി വിഭാഗങ്ങളും ബഹുഭൂരിപക്ഷം ശിയാക്കളും യാതൊരു കാരണം കൂടാതെയുള്ള തലാഖ് മതപരമായും ധാർമികമായും ഏറ്റവും വെറുക്കപ്പെട്ട ഒന്നായിക്കരുതുന്നവരാണ്.109.

റദ്ദുൽ മുഖ്താറിൽ പറയുന്നു: യാതൊരു കാരണവുമില്ലാതെ അനാവശ്യമായി തലാഖ് കൊടുക്കുകയാണെങ്കിൽ അത് വിഡ്ഢിത്തവും ദൈവത്തോടുള്ള നന്ദി കേടുമാണ്. സ്ത്രീക്കും അവളുടെ സന്താനങ്ങൾക്കും കുടുംബത്തിനും അനാവശ്യവും കരുതിക്കൂട്ടിയുള്ളതുമായ വിഷമം വരുത്തിവെക്കലാണ്. തലാഖിന് നിയമപരമായ കാരണങ്ങളൊന്നുമില്ലെങ്കിൽ അത് നിയമ വിരുദ്ധമായി കണക്കാക്കണം.110

'മുൽതക്ക' എന്ന ഗ്രന്ഥത്തിൽ (ഇബ്രാഹിം ഹലീബി) കൂടുതൽ ഹ്രസ്വമായി കാര്യം പറയുന്നു:

പ്രാഥമികമായി നിയമം പുരുഷന് വിവാഹ ബന്ധം വിച്ഛേദിക്കാനുള്ള അധികാരം നൽകുന്നു. ഭാര്യ അവളുടെ പൊരുത്ത മില്ലായ്മ കൊണ്ടോ അല്ലെങ്കിൽ അവളുടെ സ്വഭാവദൂഷ്യം കൊണ്ടോ വിവാഹ ജീവിതം അസ്വസ്ഥ കലുഷിതമാവുകയാണെങ്കിലും ഗുരുതരമായ കാരണങ്ങളുടെ അഭാവത്തിൽ വിവാഹമോചനത്തെ ന്യായീകരിക്കാൻ സാദ്ധ്യമല്ല. അയാൾ അവളെ ഉപേക്ഷിക്കുകയോ അവളിൽ നിന്ന് അകന്ന് മാറുകയോ ചെയ്താൽ അയാൾ ദൈവകോപത്തിന് സ്വയം കളമൊരുക്കുകയായിരിക്കും.[111]

മുഹമ്മദലിയുടെ നിരീക്ഷണം നോക്കുക. വിവാഹ മോചനത്തിന് തക്കതായ കാരണമുണ്ടെങ്കിൽ ത

ന്നെ ആത്യന്തികമായ ഈ നടപടിയിലേക്ക് കടക്കുന്നതിന് മുമ്പേ അനുരഞ്ജനത്തിനുള്ള എല്ലാ വഴികളും ആരായേണ്ടതുണ്ട്. നിസ്സാര കാര്യത്തിന്റെ പേരിൽ മൊഴി ചൊല്ലുക എന്നത് ഇസ്‌ലാമിലെ വിവാഹമോചന വ്യവസ്ഥയെ വികല മാക്കുന്ന പ്രതീതിയാണ് ഉണ്ടാ ക്കുക..[112]

നിയമജ്ഞന്മാരുടെ മേൽ പറഞ്ഞ അഭിപ്രായവും അത്പോലെ ശമിം ആറ കേസിൽ സുപ്രീം കോടതി നടത്തിയ പ്രഖ്യാപിത നിയമ പ്രകാരവും തലാഖ് യുക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം. അത് തന്നെ ഖുർ ആനിക തത്ത്വമനുസരിച്ചും ഹദീസുകൾ അനുശാസിക്കുംവിധമുള്ള അനുരഞ്ജന ശ്രമങ്ങൾക്ക് ശേഷവും മാത്രമായിരിക്കും. ഇത്സംബന്ധമായി ഖുർആൻ പറയുന്നത്: 'എന്നിട്ട് അവൾ നിങ്ങളെ അനുസരിച്ച് കഴിഞ്ഞാൽ പിന്നെ അവൾക്കെതിരിൽ നിങ്ങൾ ഒരു മാർഗവും അന്വേഷിക്കരുത്.'[113]. മറ്റൊരു അദ്ധ്യായത്തിലെ ഖുർആൻ പറയുന്നു: 'അവരോട് നിങ്ങൾ നല്ല നിലയിൽ വർത്തിക്കുവീൻ. ഇനി നിങ്ങൾ അവരെ വെറുക്കുന്നുവെങ്കിൽ നിങ്ങൾ ഒരു വസ്തുവിനെ വെറുക്കുകയും അല്ലാഹുഅതിൽ ധാളാരം നന്മ വെച്ചിരിക്കുകയും ചെയ്തുവെന്ന് വരാം' നിസ്സാരകാര്യങ്ങൾക്കായി തന്റെ ഭാര്യയെ തലാഖ് ചെയ്യുന്നവന്റെ മേൽ അല്ലാഹുവിന്റെ ശാപമുണ്ട്.115 വിവാഹം കഴിക്കുക, വിവാഹ മോചനം അരുത്. ലൈംഗികമായ രുചിഭേദങ്ങൾ നോക്കി നടക്കുന്നവനെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല.116

വളരെ അത്യാവശ്യവും അസഹനീയവുമായ ഘട്ടങ്ങളിലൊഴികെ പ്രവാചകൻ വിവാഹമോചനം നിരുത്സാഹപ്പെടുത്തുകയും വിസ്സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് രീതിയിൽ പ്രവാചകൻ ഇതിനെ അപലപിച്ചിട്ടുണ്ട്. ഒന്ന് അനാവശ്യമായ വിവാഹ മോചനത്തെ; മറ്റൊന്ന് പരസ്പരം പൊരുത്തമില്ലാതെ എല്ലാം സഹിച്ച് വിവാഹജീവിതം തുടരുന്നതിനെതിരെയും.[117] വിവാഹ മോചനം ദൈവത്തിന്റെ സിംഹാസനത്തെ ഉലക്കുന്നതാണ് എന്ന് പ്രവാചകൻ അരുളിയതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു.[118] മറ്റൊരവസരത്തിൽ പ്രവാചകൻ പറയുകയുണ്ടായി: ഒരു സത്യവിശ്വാസി സത്യവിശ്വാസിനിയെ വെറുക്കാൻ പാടില്ല. അവളുടെ ഒരു ഗുണം അനിഷ്ടകരമാണെങ്കിൽ മറ്റൊരു ഗുണം അവന് ഹിതകരമായിരിക്കും.[119]

മേൽ ഉദ്ധരിച്ച ഖുർആനിക തത്ത്വങ്ങളും നബി വചനങ്ങളും അതുപോലെ ശമിം ആറാ കേസിൽ സുപ്രീം കോടതിയുടെ പ്രഖ്യാപനങ്ങളുമനുസരിച്ച് സാധുവായ തലാഖിന് ന്യായമായ കാരണങ്ങൾ ആവശ്യമാണ്. എങ്കിലും ഖുർ ആനിക കൽപ്പനകളോ പ്രവാചകന്റെ നടപടി ക്രമങ്ങളോ ഹദീസുകളോ യാതൊന്നും തന്നെ തലാഖിന് ന്യായമായ കാരണമേത് ന്യായമല്ലാത്ത കാരണമേത് എന്ന് വ്യവഛേദിച്ച് പറഞ്ഞിട്ടില്ല. മുസ്‌ലിം വിവാഹ നിയമത്തിൽ അത്തരം കാരണങ്ങൾ ആരേയും ബോദ്ധ്യപ്പെടുത്തേണ്ട ബാദ്ധ്യതയുമില്ല. ഇസ്‌ലാമിക നിയമത്തിന്റെ ഈ ക്രമം നിയമപരമായ ഇടപെടലിലൂടെ പരിഷ്ക്കരിക്കാൻ സാധ്യവുമല്ല.120. ശമീം ആറ കേസിലും തലാഖിന് ഏതാണ് സാധുവായ കാരണങ്ങൾ ഏതാണ് സാധുവല്ലാത്ത കാരണങ്ങൾ എന്താണ് എന്ന് തീരുമാനിക്കാനുള്ള മാർഗ നിർദേശങ്ങളൊന്നും കാണാൻ സാധ്യമല്ല. കുഞ്ഞി മുഹമ്മദ്/ആയിശക്കുട്ടി കേസിൽ ഇങ്ങിനെയുള്ള മാർഗ നിർദേശങ്ങളോ നിബന്ധനകളുടെയോ അഭാവത്തിൽ സാധുവായ തലാഖിന് ആവശ്യമായ കാരണങ്ങൾ കണ്ടെത്താനുള്ള കീഴ്നടപ്പുകൾ എന്തൊക്കെയാണെന്നതിനെ സംബന്ധിച്ചുള്ള ചോദ്യം കേരളാ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന് മുമ്പാകെ വരികയുണ്ടായി. 121. അത്തരം മാർഗനിർദ്ദേശങ്ങളുടെ സമ്പൂർണമായ അഭാവത്തിൽ തലാഖിനായുള്ള യുക്തമായ കാരണം കോടതിക്ക് മുമ്പിൽ ന്യയീകരിക്കപ്പെടുന്നതല്ല. നിയമ നിർമാണസഭ ഇക്കാര്യത്തിൽ ഇടപെടുന്നത് വരെയോ വിവാഹ മോചനത്തിന് ന്യായ യുക്തമായ കാരണങ്ങൾ ഇന്നതാണെന്ന് നിർദേശിക്കപ്പെടുന്നത് വരെയോ നിയമപരമായ കാരണങ്ങൾ ഇന്നതാ ണെന്ന് കൃത്യമായി പറയുന്നത് വരെയോ കോടതിയുടെ നിലപാട് ഇതായിരുന്നു. അതായത് വിശുദ്ധ ഖുർആനിലെ സൂറ:5: വചനം35 പ്രകാരമുള്ള ഇരു വിഭാഗത്തിൽ നിന്നുമുള്ള മദ്ധ്യസ്ഥന്മാരുടെ മദ്ധ്യസ്ഥശ്രമങ്ങളൊന്നും വിജയിക്കുന്നില്ലെങ്കിൽ അത് തലാഖ് നടത്തുവാനുള്ള യുക്തമായ കാരണമായി കണക്കാക്കാം. കോടതിക്ക് മുമ്പിൽ പിന്നെ തലാഖിനായി പ്രത്യേകം ഒരു കാരണം ബോധിപ്പിക്കേണ്ടതില്ല. വിധി പ്രസ്താവത്തിലെ 56 ഖണ്ഡിക ഇവിടെ ഉദ്ധരിക്കുന്നത് ഫലപ്രദമായിരിക്കും:

മുകളിൽ കൊടുത്ത ശമിം ആറ കേസിൽ സുപ്രീം കോടതിയുടെയും ഉമർ ഫാറൂഖ് കേസിൽ ഡിവിഷൻ ബഞ്ചിലും വിശുദ്ധ ഖുർആനിലെ 5:35 വചനം അനുശാസിക്കും വിധം തലാഖിന് മുമ്പായി ഇരു ഭാഗത്തു നിന്നുമുള്ള നിശ്ചയിച്ച മധ്യസ്ഥന്മാർ അനുരഞ്ജന ശ്രമം നടത്തേണ്ടത് നിർബന്ധവും അനുപേക്ഷണീയവും ഒഴിച്ചുകൂടാ നാവാത്തതുമാണ് എന്നകാര്യം വ്യക്തമാണ്. ഇരുപക്ഷത്ത് നിന്നുമുള്ള രണ്ട് മദ്ധ്യസ്ഥന്മാരും മദ്ധ്യസ്ഥശ്രമം നടത്തുകയും അവർ ആ ശ്രമത്തിൽ വിജയിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അത് തലാഖിനുള്ള ന്യായമായ കാരണമായി കണക്കാക്കാം. അതിനായി കോടതിക്ക് മുന്നിൽ പ്രത്യേകം കാരണം സ്ഥാപിക്കേണ്ടതില്ല. അതിൽ കൂടുതലായി പ്രത്യേകകാരണം ആരായുന്നത് നീതികരിക്കാനുമാവില്ല. നിയമനിർമാണ സഭ ഇടപെടുകയോ, വിവാഹ മോചനത്തിന് യുക്തമായ മാർഗങ്ങൾ നിർദേശിക്കപ്പെടുകയോ ചെയ്യുന്നത് വരെ നിയമ നടപടികൾക്ക് അനുരഞ്ജനത്തിനായുള്ള മദ്ധ്യസ്ഥന്മാരുടെ ശ്രമം മതിയായതാണ്. അതായത് വി.ഖുർആനിലെ 5:35 വചന പ്രകാരം രണ്ട് പക്ഷത്തു

കുറിപ്പുകൾ

# മദ്യവിമുക്ത കേരളം

**കേ**രളം 2023 ഒക്ടോബർ 2 ന് ഗാന്ധിജയന്തി ദിനത്തോടെ മദ്യത്തിൽ നിന്ന് പൂർണമായും മുക്തമാവുമെന്ന മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ പ്രഖ്യാപനം ഏറ്റവും ആശ്വാസകരമാണ്. അതോടൊപ്പം തന്നെ ഈ പ്രശ്നത്തിൽ ശക്തമായ നിലപാടെടുത്ത കെ. പി. സി. സി പ്രസിഡന്റ് ശ്രീ. വി. എം സുധീരൻ, മുസ്‌ലിം ലീഗ് നേതാവും മന്ത്രിയുമായ ജനാബ് കുഞ്ഞാലികുട്ടി സാഹിബ്, ശ്രീ. കെ. എം മാണി, യു ഡി എഫിലെ ഘടകക്ഷികൾ, ഇവിടുത്തെ മത സാംസ്കാരിക രംഗത്തുള്ള നേതാക്കന്മാർ, മാധ്യമങ്ങൾ മുതലായവരെല്ലാം ഇക്കാര്യത്തിൽ അഭിനന്ദനമർഹിക്കുന്നു. മദ്യപന്മാരുടെ ഏറ്റവും വലിയ ഉപദ്രവം അനുഭവിക്കുന്ന വീട്ടമ്മമാരുടെയും കുടുംബാംഗങ്ങളുടെയും സാധാരണക്കാരന്റേയും വികാരം അത്രശക്തമാണെന്ന തിരിച്ചറിവാണ് വാസ്തവത്തിൽ ഗവൺമെന്റിനെ ഇത്തരമൊരു കടുത്ത തീരുമാനമെടുക്കാൻ നിർബന്ധിതമാക്കിയത്. ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കാൻ തന്നെ ബുദ്ധിമുട്ടുന്ന സർക്കാരിന് മദ്യ നിരോധനം വഴി നഷ്ടപ്പെടുന്നത് പ്രതിവർഷം എണ്ണായിരത്തോളം കോടി രൂപയാണെന്നോർക്കണം. ഏതായാലും സംഗതിയുടെ ഗൗരവം മനസ്സിലായപ്പോൾ ബന്ധപ്പെട്ടവരെല്ലാം അവസരത്തിനൊത്തുയർന്നു. രാഷ്ട്രീയവും തന്ത്രങ്ങളുമെല്ലാം ആരോപിച്ച് ധീരമായ ഈ നടപടിയെ വില കുറച്ച് കാണേണ്ട. സമൂഹത്തിന്റെ എല്ലാ അർഥത്തിലുമുള്ള ഗുണനിലവാരം മെച്ചപ്പെടുത്തുന്ന ഈ തീരുമാനം ഫലപ്രാപ്തിയിലെത്തുകയാണെങ്കിൽ ചരിത്രപരമായ ഒരുനേട്ടമായി ഇത് വിലയിരുത്തപ്പെടും

നിലവാരമില്ലാത്ത 418 ബാറുകളടച്ചു പുട്ടിയതിനെതുടർന്നുണ്ടായ വിവാദമാണ് അവസാനം സമ്പൂർണ മദ്യനിരോധന പ്രഖ്യാപനത്തിലേക്ക് നയിച്ചത്. പൂട്ടിയ ബാറുകൾ യാതൊരു കാരണവശാലും തുറക്കാൻ പാടില്ലെന്ന് സുധീരനും മുസ്‌ലിം ലീഗും ശഠിച്ചു നിൽക്കുകയും അവർക്ക് പിന്തുണയുമായി മറ്റെല്ലാവരും വരികയും ചെയ്തപ്പോൾ നിലവാരമില്ലാത്ത ആ 418 ബാറുകൾ തുറക്കേണ്ടെന്ന് മാത്രമല്ല നിലവിൽ നിലവാരത്തോടെ പ്രവർത്തിക്കുന്ന 312 ബറുകളടക്കം 730 ബാറുകൾ ആഗസ്റ്റ് 26ന് ചൊവ്വാഴ്ച്ച മുതൽ അടച്ചു പൂട്ടുമെന്നും മന്ത്രിസഭ തീരുമാനമെടുത്തു. മാത്രമല്ല പ്രവർത്തിക്കുന്ന ബാറുകളോട് ലൈസൻസ് ഫീസ് ഇനത്തിൽ വാങ്ങിയ 40 കോടിയോളം രൂപ സർക്കാർ അവർക്ക് തിരിച്ചു നൽകുകയും ചെയ്യും. ബിവറേജസ് കോർപറേഷന്റെ 10% വീതം ഔട്ട്ലറ്റുകൾ വർഷം തോറും പൂട്ടിക്കൊണ്ട് പത്ത് വർഷം കഴിയുമ്പോൾ 2023 ൽ സമ്പൂർണ മദ്യ നിരോധനത്തിൽ കേരളത്തെ കൊണ്ടെത്തിക്കാനാണ് തീരുമാനം. മാത്രമല്ല ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ ഇനി എല്ലാ ഞായറാഴ്ച്ചയും അടഞ്ഞു കിടക്കും. അങ്ങനെ ഞായറാഴ്ചകൾ കേരളത്തിൽ മദ്യരഹിത ദിനങ്ങളാക്കാനാണ് സർക്കാറിന്റെ ഉദ്ദേശ്യം.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളോഹരി മദ്യം കഴിക്കുന്ന സംസ്ഥാനമാണ് കേരളം. മദ്യപന്മാരുടെ വീടുകളിൽ സന്ധ്യയായാൽ അരങ്ങേറുന്ന യുദ്ധസമാനമായ കലാപാന്തരീക്ഷം അവരുടെ ഭാര്യമാർക്കും സന്താനങ്ങൾക്കും ഉണ്ടാക്കുന്ന ജീവിത പ്രയാസങ്ങൾ വിവരണാതീതമാണ്. അത്തരം ദുരിതമനുഭവിക്കുന്ന പാവപ്പെട്ട അമ്മമാർ ശ്രീ. വി. എം. സുധീരന് പത്തുറുപ്പിക വീതം വെച്ച് സമാഹരിച്ച് നൽകിയ ഉപഹാരം മലയാളികളുടെ മനസ്സാക്ഷിക്ക് മുമ്പിൽ സമർപ്പിച്ച കണ്ണീർ പൂക്കളാണെന്ന് നാം അറിയണം.

---

നിന്നുള്ളവരുടേയും മദ്ധ്യസ്ഥ ശ്രമം ഉണ്ടാവുകയും പക്ഷേ യോജിപ്പ് സാദ്ധ്യമാകാതെ വരികയും ചെയ്താൽ ആ ശ്രമത്തെ സുപ്രീം കോടതി പറഞ്ഞ യുക്തമായ കാരണമായി കണക്കാക്കാവുന്നതാണ്. ഖുർആനിലെ 5:35 വചന പ്രകാരം നാം നീതിപീഠങ്ങളെയോ ന്യായാധി പന്മാരെയോ നോക്കുന്നതിനായി തിടുക്കം കാട്ടുന്നതിന് പകരം ഈ വചനത്തിൽ പറഞ്ഞ അനുരജ്ഞന ശ്രമത്തിനായി ശ്രമിക്കുന്ന മദ്ധ്യസ്ഥന്മാരെയാണ് നിരീക്ഷിക്കേണ്ടത്. അതായിരിക്കും അവരുടെ ഏറ്റവും ഹ്രസ്വമായ തീരുമാനം. മുസ്‌ലിം വിവാഹമോചനത്തിൽ നാം വിപരീതമായ നിലപാട് സ്വീകരിക്കുകയാണെങ്കിൽ അത് ശൂന്യവും അനിശ്ചിതത്വമുള്ളതുമായിരിക്കും. മുസ്‌ലിം വിവാഹ നിയമം നിർമാണത്തിൽ വിവാഹ മോചനത്തിനായുള്ള ന്യായയുക്തമായ കാരണത്തെപറ്റി ന്യായാധിപന്മാർക്കിടയിൽ അന്തസാരശൂന്യവും നിയതമല്ലാത്തതും ആശയക്കുഴപ്പമുണ്ടാക്കുന്നതുമായ നിരവധി വ്യാഖ്യാനങ്ങളുണ്ട്. നാം കുടുംബ കോടതികളിൽ ചെയ്യാറുള്ളത് പോലെ ജഡ്ജിമാർ അവരുടെ വ്യക്തിപരമായ നിഗമനങ്ങൾക്കും സങ്കൽപ്പങ്ങൾക്കുമനുസരിച്ച് വിവാഹമോചനത്തിന് ഇന്ന കാരണങ്ങൾ സാധുവാണെന്നും ഇന്ന കാരണങ്ങൾ സാധുവല്ല എന്നും കണക്കാക്കുന്നത് പോലെയാണിത്. അതുകൊണ്ട് നാം ആശയക്കുഴപ്പവും അനിശ്ചിതത്വവും ഒഴിവാക്കേണ്ടതുണ്ട്.

മദ്യ നിരോധനം വഴി അവർക്കുണ്ടാകുന്ന ആശ്വാസമാണ് ഈ തീരുമാനത്തിലെ ഏറ്റവും സന്തോഷകരമായിട്ടുള്ളത്. തീർച്ചയായും മദ്യത്തിന്റെ യഥേഷ്ടമായ ലഭ്യത മദ്യപാന ശീലത്തിന് പ്രേരണയേകുന്ന ഒരു ഘടകമാണ്. മദ്യനിരോധനം വിജയിക്കണമെങ്കിൽ അതിന്റെ ലഭ്യത നിയമം മൂലം ഇല്ലാതാക്കുകയും ആ ഇല്ലായ്മ ഉറപ്പാക്കുകയും വേണം. മാത്രമല്ല ഇത് സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തുക എന്നത് ഏറെ പ്രധാനപ്പെട്ടതാണ്. മദ്യപാനം സ്വബോധം നഷ്ടപ്പെടുത്തുമെന്ന് മാത്രമല്ല മനുഷ്യന്റെ ക്രിയേറ്റിവിറ്റിയും നശിപ്പിക്കുന്നു. കേരളത്തിലെ ന്യൂ ജനറേഷൻ തലമുറ മദ്യപിച്ച് സ്വബോധം നഷ്ടപ്പെടുത്താതെ ഒന്ന് സന്തോഷിക്കാനും വിഷാദിക്കാനും പോലും മറന്നുപോയിരിക്കുന്നു. ആഹ്ലാദിക്കണമെങ്കിലും ദുഃഖിക്കണമെങ്കിലും മദ്യം വേണമെന്നായി. കല്ല്യാണം മുതൽ മരണം വരെ വികാരം വരണമെങ്കിൽ മദ്യപിക്കണം എന്ന നിലവന്നിരിക്കുന്നു. ഇങ്ങനെ സ്വാഭാവിക വികാരവും സർഗശേഷിയും നശിച്ച് ആൽക്കഹോൾ ഉണ്ടാക്കുന്ന അധമ വികാരം അടക്കിവാഴുന്ന ലക്കുകെട്ട ഒരു സമൂഹമാണ് ഇവിടെ രൂപം കൊള്ളുന്നത്. എണ്ണിയാലൊടുങ്ങാത്തയത്ര കലഹങ്ങൾക്കും ക്രിമിനൽ കുറ്റങ്ങൾക്കും ധാർമികലോപങ്ങൾക്കും മദ്യപാനം കാരണമായി തീരുന്നു. അത് സംബന്ധിച്ച് കേരളത്തിലെ ആഭ്യന്തര മന്ത്രി ശ്രീ. രമേശ് ചെന്നിത്തല 2014 ജൂൺ 16ന് നിയമസഭയിൽ വെളിപ്പെടുത്തിയ കണക്ക് നോക്കൂ. രണ്ട് മാസമായി 418 ബാറുകൾ മാത്രം പൂട്ടിയതിന്റെ ഫലമായി, മദ്യം ഉപയോഗിച്ച് കൊണ്ട് ഉണ്ടാവാറുള്ള അടിപിടികളിൽ 36% കുറവും ഗാർഹിക പീഡനങ്ങളിൽ 31 % കുറവുമുണ്ടായതയാണ് അദ്ദേഹം നിയമസഭയെ അറിയിച്ചത്. അപ്പോൾ സമ്പൂർണ മദ്യ നിരോധനം വന്നാൽ നാം അവകാശപ്പെടുന്നത് പോലെ ദൈവത്തിന്റെ സ്വന്തം നാടായി നമ്മുടെ കേരളം മാറില്ലേ.

മദ്യനിരോധനത്തെ എതിർക്കുന്നവർ ഗവൺമെന്റിന് അതിൽ നിന്നുണ്ടാകുന്ന വമ്പിച്ച വരുമാനം നിന്നുപോയാൽ പിന്നെ നിത്യനിദാന ചെലവുകൾ എങ്ങനെ നടത്തുമെന്ന് ആകുലപ്പെടുന്നവരാണ്. ആ രംഗത്ത് തൊഴിലെടുക്കുന്നവരുടെ തൊഴിൽ നഷ്ടത്തെപറ്റിയുമാണ് മറ്റു ചിലരുടെ വേവലാതി. മനുഷ്യനെ നശിപ്പിക്കുകയും അവന്റെ ആരോഗ്യം തകർക്കുകയും ചെയ്യുന്ന മദ്യോൽപ്പാദനവും വിതരണവും സമൂഹത്തിന് ആരോഗ്യദായകമായ സാധാരണ ഒരു വ്യവസായം പോലെയുള്ള ഒന്നല്ല. ആത്യന്തികമായി മദ്യവ്യവസായം സമൂഹത്തിന് ഒരു നഷ്ട കച്ചവടവും അപകടവുമാണ്. അതുപോലെ ടൂറിസം വ്യവസത്തേയും മദ്യ നിരോധനം ബാധിച്ചുകൂടെന്നില്ല. ഇവിടെയാണ് വിശുദ്ധ ഖുർആന്റെ സുചിന്ത്യവും യുക്തി പൂർണവുമായ ഉപദേശം വ്യക്തമാവുന്നത്. ഖുർആൻ പറയുന്നു: ***'അവർ നിന്നോട് മദ്യത്തെയും ചൂതിനെയും കുറിച്ച് ചോദിക്കുന്നു. പറയുക, അവ രണ്ടിലും വലിയ ദോഷവും ജനങ്ങൾക്ക് ഗുണവുമുണ്ട്. എങ്കി ലും അവയുടെ ദോഷം അവയുടെ ഗുണത്തേക്കാൾ വളരെ വലുതാണ്.'*** *(2:220)* സർവജ്ഞാനിയായ ദൈവം ഈ വചനത്തിൽ മദ്യത്തിൽ നിന്നും ചൂതാട്ടം, ലോട്ടറിമുതലായ ഭാഗ്യപരീക്ഷണ വിനോദങ്ങളിൽ നിന്നും ജനങ്ങൾക്കുണ്ടാകുന്ന ഗുണത്തെ സംബന്ധിച്ചും പരാമർശിക്കുന്നുണ്ട്. പക്ഷേ ബുദ്ധിമാനായ മനുഷ്യനോട് അതിൽ നിന്നുണ്ടാകുന്ന ദോഷം ഗുണത്തേക്കാളേറെയാണെന്നാണ് വിശുദ്ധ ഖുർആന്റെ ഉപദേശം. മദ്യം മൂലമുണ്ടാകുന്ന വിപത്തിന് വേണ്ടി സർക്കാർ അതിൽ നിന്നുണ്ടാകുന്ന വരുമാനത്തെ അപ്രസക്തമാക്കും വിധം ഭീമമായ തുകയാണ് ചെലവഴിക്കേണ്ടി വരുന്നത് എന്ന് മുഖ്യമന്ത്രി തന്നെ പ്രസ്താവിച്ചിട്ടുണ്ട്. അതുണ്ടാക്കുന്ന ക്രമസമാധാന പ്രശ്നം, ഗാർഹിക പ്രശ്നം, ആരോഗ്യ പ്രശ്നം, ധാർമിക പ്രശ്നം, മാനസികമായ ബലക്ഷയം എല്ലാം വെച്ച് നോക്കുമ്പോൾ ഖുർആൻ പറഞ്ഞത് പോലെ അതിൽ നിന്ന് ലഭിക്കുന്ന ഗുണത്തേക്കാൾ അധികം ദോഷമാണുള്ളത്. ആ ദോഷമാണ് ഇന്ന് കേരളം മുഴുവൻ വിളിച്ചു പറഞ്ഞത്. ഐക്യത്തോടെ നടത്തിയ ഈ അഭ്യർഥന കൊണ്ടാണ് പലർക്കും അത്ര ഇഷ്ടമല്ലെങ്കിലും എല്ലാ രാഷ്ട്രീയ കക്ഷികളും യോജിച്ചുകൊണ്ട് മദ്യനിരോധനത്തിനായി നിലപാടെടുക്കാൻ നിർബന്ധിതരായത്.

ഈ രംഗത്തെ തൊഴിലാളികൾക്ക് തൊഴിൽ നഷട്പ്പെടുമ്പോഴുണ്ടാകുന്ന ജീവിത പ്രശ്നം പരിഹരിക്കാൻ സർക്കാറിന് ബാദ്ധ്യതയുണ്ട്. അവർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള പല പുനരധിവാസ പദ്ധതികളും ഗവൺമെന്റ് ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞു എന്നത് ആശ്വാസകരമാണ്. അത് സംബന്ധിച്ച് നാം ഓർക്കേണ്ട മറ്റൊരു വിഷയം കേരളത്തിൽ തൊഴിൽ ലഭിക്കാൻ മദ്യവുമായി ബന്ധപ്പെട്ട ഒരേയൊരു മേഖല മാത്രമേയുള്ളൂവെന്ന രീതിയിൽ മദ്യത്തൊഴിലാളികളുടെ തൊഴിൽ പ്രശ്നം പെരുപ്പിച്ച് കാട്ടുന്നതിൽ അർഥമില്ല. നിർമാണ-കൈത്തൊഴിൽ മേഖലയിൽ പണിയെടുക്കാൻ ഇരുപത് ലക്ഷം അന്യ സംസ്ഥാന തൊഴിലാളികളുള്ള സംസ്ഥാനമാണ് കേരളം എന്ന് നാം ഓർക്കണം. അപ്പോൾ പിന്നെ തൊഴിൽ രഹിതരാകുന്ന മദ്യോൽ പാദന-വിതരണരംഗത്തെ തൊഴിലാളികൾക്കുള്ള തൊഴിലവസര സാദ്ധ്യതളെ പറ്റി നിരോധന വിരുദ്ധർ ദുഃഖിക്കേണ്ടതില്ല.

ഏതായാലും കേരള സർക്കാരിന്റെ മദ്യനിരോധന തീരുമാനം ചരിത്രപരമായി പ്രാധാന്യമുള്ളതാണ്. സർക്കാരിന്റെ ഈ തീരുമാനത്തെ എതിർത്തു തോൽപ്പിക്കാൻ പല ന്യായ വാദങ്ങളുും പ്രശ്നങ്ങളും തൽപരകക്ഷികൾ അകത്തു നിന്നും പുറത്ത് നിന്നും ഉയർത്താതിരിക്കില്ല. പക്ഷേ സർക്കാരും ജനങ്ങളും ഈ തീരുമാനത്തെ തളരാതെ ഫലപ്രാപ്തിയിലെത്തിക്കുകയാണ് വേണ്ടത്.




# യു. കെ. 48–ാമത് ആഗോള അഹ്മദിയ്യാ വാർഷിക സമ്മേളനം വിജയകരമായി സമാപിച്ചു

(റിപ്പോർട്ട്: മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ)

**ആ**ൾട്ടൺ (യു.കെ) സെപ്റ്റംബർ 29: മുഹമ്മദുനബി(സ) അല്ലാഹുവിന്റെ പരമകാരുണികതയുടെ പ്രതീകമായിരുന്നുവെന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആത്മീയനേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദ..) പറഞ്ഞു. ആൾട്ടനിലെ ഹദീഖത്തുൽ മഹ്ദിയിൽ 48–ാമത് യു.കെ ജൽസ സാലാന ( വാർഷിക സമ്മേളനം) ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിശുദ്ധ ഖുർആൻ പാരായണത്തോടെ ഒന്നാം ദിവസത്തെ യോഗനടപടികൾക്ക് തുടക്കം കുറിച്ചു. വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ന്റെ അറബി, പാർസി ഉറുദു കവിതകളുടെ ആലാപനത്തെ തുടർന്ന് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ സദസ്സിനെ സംബോധന ചെയ്ത് സംസാരിച്ചു. ഹദ്റത്ത് മുഹമ്മദ് നബി(സ)യ്ക്ക് ദൗത്യപ്രഖ്യാപനത്തിനുശേഷം എതിരാളികളിൽ നിന്നുണ്ടായ കെടുതികളും യാതനകളും വിഷമങ്ങളും പീഡനങ്ങളും വിവരിച്ചുകൊണ്ട് ഇന്നും ആ ദിവ്യാത്മാവിനെ ആധുനിക രീതിയിലും മാർഗത്തിലും പുതിയതലമുറ ആക്ഷേപത്തിന് കുറിമാനമാക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. തന്റെ പ്രഭാഷണത്തിന്റെ അവസാനം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അഹ്മദികളെ സംബോധനചെയ്തുകൊണ്ട് പറഞ്ഞു: "ഏ! മുഹമ്മദീ മസീഹിന്റെ ജമാഅത്തിൽ പ്രവേശിക്കുന്നവരേ! നബി(സ)തിരുമേനിയുടെ അനുകമ്പയേയും ദയയേയും കാരുണ്യത്തേയും ലോകത്ത് വ്യാപിപ്പിക്കുക എന്നത് നമ്മുടെ നിർബന്ധ കടമയാണ്. നിങ്ങൾ ശത്രുവായിക്കരുതുന്ന വ്യക്തിയെക്കാൾ നിങ്ങളുടെ ദുഖത്തിൽ സഹതപിക്കുയും നിങ്ങളോടൊപ്പം സഞ്ചരിക്കുകയും ചെയ്യുന്ന മറ്റൊരു വ്യക്തിയുമില്ലെന്ന് ലോകത്തോടു പറയുക. ആ മഹാത്മാവിന്റെ മടിത്തട്ടിൽ വരുന്നതിലൂടെയാണ് ഇന്ന് ലോകത്തിന്റെ അനശ്വരത നിലനില്ക്കുന്നത്. ഇന്ന് മുസ്‌ലീം കൾ നേരിട്ടുകൊണ്ടിരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ഈ റഹ്മത്തുല്ലിൽ ആലമീനെ പിന്തുടരുക എന്നതാണ്. അമുസ്‌ലീംകളുടെ സമാധാനത്തിനുള്ള ജാമ്യവും ഈ റഹ്മത്തുല്ലിൽ ആലമീൻ തന്നെയാണ്. ലോകത്തിന് ബുദ്ധിയുണ്ടാകാനും കാര്യങ്ങൾ മനസ്സിലാക്കാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. നബി(സ)തന്നെയാണ് ലോകത്തിന് കാരുണ്യമെന്നും മോക്ഷത്തിന്റെ വഴിയെന്നും ലോകം അറിയുന്നത് കാണാൻ നമുക്ക് നമ്മുടെ ജീവിത്തിൽ സാധിക്കുമാറാകട്ടെ." വികാരനിർഭരമായ പ്രാർഥനയോടെ ജൽസയുടെ ആദ്യ സെഷന് തിരശീലവീണു.

രണ്ടാമത്തെ സെഷനിൽ ആഗോള തലത്തിലുള്ള അസമാധാനത്തിനു കാരണവും അതിനുള്ള പ്രതിവിധിയും, അല്ലാഹുവുമായുള്ള ബന്ധത്തിന്റെ വിശ്വാസം ദൃഢീകരിക്കുന്ന സംഭവങ്ങൾ, ഹദ്റത്ത് മസീഹ് മൗഊദ് (അ) നോടുള്ള ദൈവിക സഹായത്തിന്റെ വാഗ്ദാനങ്ങളും

അതിന്റെ നിറപുലർച്ചയും തുടങ്ങിയ വിഷയങ്ങളിൽ പ്രഭാഷണം നടന്നു.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വനിതാസംഘടനയായ ലജ്ന ഇമായില്ലായുടെ വേദിയിൽ ആഗതനായ അമീറുൽ മുഅ്മിനീൻ വിദ്യാഭ്യാസ രംഗത്ത് ഉജ്ജ്വല വിജയം കരസ്ഥമാക്കിയ വിദ്യാർഥിനികൾക്ക് മെഡലുകൾ വിതരണം ചെയ്തു. തുടർന്ന് ഒരു മണിക്കൂർ നീണ്ടുനിന്ന ഉപദേശപ്രസംഗത്തിൽ മറ്റുസ്ത്രീകൾക്ക് മാതൃകായോഗ്യമായ നിലയിൽ തങ്ങളുടെ ജീവിതത്തെ ഭക്തിയുടെ അച്ചിലിട്ട് വാർത്തെടുക്കാനും അതാണ് ഇന്ന് കാലത്തിന്റെ ആവശ്യമെന്നും അമീറുൽമുഅ്മിനീൻ പറഞ്ഞു.

മൂന്നാമത്തെ സെഷൻ ആരംഭിക്കുന്നതിനുമുമ്പേ യു.കെ.അമീർ റഫീഖ് അഹ്മദ് ഹയാത്ത് സാഹിബിന്റെ അധ്യക്ഷതയിൽ ഒരു സ്പെഷ്യൽ സെഷൻ സംഘടിപ്പിച്ചിരുന്നു. അതിൽ വിവിധ രാജ്യങ്ങളിലെ കൗൺസിലർമാരും എം.പി മാരും പ്രധാനമന്ത്രിമാരുടെ പ്രതിനിധികളും മേയർമാരും പ്രൊഫസർമാരും സാംസ്കാരിക നായകന്മാരും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഉന്നതവ്യക്തികളും ആശംസകൾ നേരുകയും ജമാഅത്തിന്റെ പ്രവർത്തനങ്ങളെ പ്രശംസിക്കുകയും ചെയ്തു. തുടർന്ന് അമീറുൽ മുഅ്മിനീന്റെ ഒന്നരമണിക്കൂറിൽ അധികം നീണ്ടുനിന്ന പ്രസംഗത്തിൽ 2013-2014 വർഷം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് ലോകതലത്തിലുണ്ടായ പുരോഗതികൾ വിശദീകരിച്ചു.

2013-2014 നടപ്പു വർഷത്തിൽ കൂടി **ബെലിസ്, യുറുഗ്വേ**(Belize, Uruguay), **ബെലിസ്**(മദ്ധ്യ അമേരിക്കയിൽ കരീബിയൻ തീരത്ത് മെക്സിക്കോ, ഗ്വാട്ടിമാല എന്നിവയ്ക്കിടയിൽ.) **യുറുഗ്വേ**(തെക്കെ അമേരിക്കയുടെ തെക്കുകിഴക്കു ഭാഗത്ത് അത്‌ലാന്റിക് സമുദ്രതീരത്ത് ബ്രസീലിനും അർജന്റീനയ്ക്കുമിടയിൽ. ) അടക്കം 206 രാജ്യങ്ങളിൽ ജമാഅത്ത് സ്ഥാപിതമായി. പാകിസ്താനു പുറമെ 730 സ്ഥലങ്ങളിൽ പുതിയ ജമാഅത്തുകൾ. ഈ വർഷം 586



പള്ളികളുടെ വർധന. 204 പള്ളികൾ നാം നിർമിച്ചത് 382 പള്ളികൾ അനഹ്മദീ മുസ്‌ലീംകൾ കൂട്ടത്തോടെ ബയ്അത്ത് ചെയ്തതിനാൽ നമുക്ക് ലഭിച്ചത്. റുവാണ്ടയിൽ രണ്ടുപള്ളികൾ നിർമിച്ചു. അയർലാന്റിൽ പള്ളി നിർമാണം പൂർത്തിയായി. ന്യൂസീലൻഡിൽ ആദ്യത്തെ പള്ളി ഉദ്ഘാടനം ചെയ്തു. ബ്രസീലിലും ജപ്പാനിലും പള്ളി നിർമാണം നടന്നുവരുന്നു. 184 മിഷൻഹൗസുകളുടെ വർധന മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ 24 മണിക്കുറും പ്രവർത്തിക്കുന്ന ഇംഗ്ലീ ഷ് ചാനൽ ആരംഭിക്കാനുള്ള ഒരുക്കത്തിൽ. അത്യന്താധുനിക സംവിധാനത്തോടെ എം.ടി.എ ഇന്റർനാഷണൽ ദൃശ്യമാധ്യമരംഗത്ത് മുന്നോട്ടു കുതിക്കുന്നു. 3442 വഖ്ഫെനൗ കുട്ടികളുടെ വർധന. വഖ്ഫെനൗ പദ്ധതിയിൽ 54135 കുട്ടികൾ. ആൺകുട്ടികൾ 33119. പെൺകുട്ടികൾ 21016 12 ആഫ്രിക്കൻ രാജ്യങ്ങളിൽ 41 ആശുപത്രികളും ക്ലിനിക്കുകളും നടന്നുവരുന്നു. 12 രാജ്യങ്ങളിൽ 681 ഹയർസെക്കന്ററി സ്കൂളുകളും ജൂനിയർ സ്കൂളുകളും നടന്നു വരുന്നു. ഈ വർഷം ജമാഅത്തിൽ പ്രവേശിച്ചവർ 5 55 235. ബയ്അത്ത് രംഗത്ത് മാലി മുന്നിൽ. തുടങ്ങിയ നേട്ടങ്ങൾ മൂന്നാം സെഷനിൽ ഹുസൂർ തിരുമനസ്സ് വിവരിച്ചു.

ഞായറാഴ്ച ആരംഭിച്ച നാലാമത്തെ സെഷനിൽ, 125 വർഷത്തെ അഹ്മദിയ്യാ ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം, ജമാഅത്തിന്റെ പുരോഗതി ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നു. കുടുംബജീവിതത്തെക്കുറിച്ചുള്ള ഇസ്‌ലാമിക അധ്യാപനങ്ങൾ, അമുസ്‌ലിംകളോട് തിരുനബി (സ)ന്റെ ഔദാര്യപൂർണമായ പെരുമാറ്റം എന്നീ വിഷയങ്ങളിൽ പ്രസംഗങ്ങൾ നടന്നു.

**ആഗോളബയ്അത്ത്**

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ മറ്റുള്ള എല്ലാ മതസംഘടനകളിൽനിന്നും വേറിട്ടു നിറുത്തുന്ന ബയ്അത്ത് അഥവാ ഇമാമിനോടുള്ള അനുസരണ പ്രതിജ്ഞ നടക്കുകയുണ്ടായി. ദൃശ്യമാധ്യമങ്ങളിലൂടെ തൽസമയം സംപ്രേക്ഷണം ചെയ്തുകൊണ്ടിരുന്ന പരിപാടിയിൽ ലോകം മുഴുവനുമുള്ള അഹ്മദികൾ തങ്ങളുടെ ബയ്അത്തും തദവസരത്തിൽ പുതുക്കുകയുണ്ടായി.

ഞായറാഴ്ച ഇന്ത്യൻ സമയം വൈകുന്നേരം തസ്ബീഹിലും തഹ്മീദിലും സ്വലാത്തിലും മുഴുകിയിരുന്നആത്മീയതയുടെ സ്നിഗ്ദ സാന്ദ്രമായ അന്തരീക്ഷത്തിൽ അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് സമ്മേളന നഗരിയിൽ ആഗതരായി. വേദനതിങ്ങുന്ന ഹൃദയത്തോടും പ്രാർഥനയോടുംകൂടി അഹ്മദികൾ ലോകത്തിന്റെ നാനാഭാ ഗങ്ങളിലും ബയ്അത്തിന്റെ അനുഗൃഹീത നിമിഷം കാത്ത് ടി.വി. യുടെ മുമ്പിൽ കാത്തിരിക്കുകയായിരുന്നു. പിന്നീട് ബയ്അത്തിന്റെ അസുലഭ നിമിഷം വന്നെത്തി. അമീറുൽ മുഅ്മിനീൻ ബയ്അത്തിന്റെ ഓരോ വചനവും ചൊല്ലി

ക്കൊടുക്കുമ്പോൾ വിങ്ങിപ്പൊട്ടുന്ന മനസ്സോടെയാണ് അഹ്മദികൾ അതേറ്റു പറഞ്ഞത്. ആദ്യം ഇംഗ്ലീഷിലും പിന്നീട് ഉർദുവിലും അനുസരണ പ്രതിജ്ഞയുടെ വചനങ്ങൾ അമീറുൽ മുഅ്മിനീൻ ആവർത്തിച്ചു. ബയ്അത്തിനുശേഷം അല്ലാഹുവിനോടുള്ള നന്ദി രേഖപ്പെടുത്തി അമീറുൽ മുഅ്മിനീൻ സുജൂദു ചെയ്തപ്പോൾ ആയിരക്കണക്കിനാളുകളുടെ ഉള്ളിൽ തളം കെട്ടിനിന്ന രക്ഷിതാവിന്റെ മുമ്പിലുള്ള വിലാപം കണ്ണീരായൊഴുകി. തേങ്ങലുകളും ഏങ്ങലടികളും കരച്ചിലുകളും മെല്ലെ ഉയർന്നുയർന്ന് അതിന്റെ പാരമ്യതയിലെത്തി. സുജൂദിടങ്ങൾ സജലങ്ങളായി.

സമാപനയോഗം ഇന്ത്യൻ സമയം രാത്രി 7.45 ന് ഹാഫിദ് ഫള്ലെ റബ്ബി സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ സമാപന യോഗത്തിന് തുടക്കം കുറിച്ചു. മുർതളാ മന്നാൻ സാഹിബിന്റെ പദ്യാലാപനത്തിനുശേഷം വിദ്യാഭ്യാസ രംഗത്ത് ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർഥികൾക്ക് അമീറുൽ മുഅ്മിനീൻ മെഡലുകൾ വിതരണം ചെയ്തു. തന്റെ സമാപന പ്രഭാഷണത്തിൽ അമീറുൽ മുഅ്മിനീൻ മതനിഷേധികളും നിരീശ്വരവാദികളും സാധാരണ ഉന്നയിക്കാറുള്ള ആക്ഷേപം, അതായത് മതമാണ് ലോകത്തുണ്ടാകുന്ന എല്ലാ കലഹങ്ങൾക്കും കാരണമെന്ന ആക്ഷേപത്തിന് മറുപടി നല്കിക്കൊണ്ട്, മതമുണ്ടാക്കിയ ഭീകരാന്തരീക്ഷത്തെക്കാൾ ഭയാനകമായ അന്തരീക്ഷം രാഷ്ട്രീയമുണ്ടാക്കിയിട്ടുണ്ടെന്ന് തെളിവുകൾ ഉദ്ധരിച്ചുകൊണ്ട് സ്ഥാപിക്കുകയുണ്ടായി. അവസാനം ലോകംമുഴുവനുമുള്ള ജനങ്ങളുടെ സമാധാനത്തിനും ശാന്തിയ്ക്കുംവേണ്ടി ദുആ ചെയ്യാൻ അമീറുൽ മുഅ്മിനീൻ അഭ്യർഥിച്ചു. ദുആയോടുകൂടി 11.15ന് സമ്മേളനം സമംഗളം സമാപിച്ചു. സമ്മേളനത്തിൽ 97 രാജ്യങ്ങളിൽനിന്ന് 33 270 പ്രതിനിധികൾ പങ്കെടുത്തു. അൽഹംദുലില്ലാഹ്.

# അനുസ്മരണം

## അലിയാരുകുഞ്ഞു സാഹിബ്



പടനായർകുളങ്ങര വടക്ക് പാലാഞ്ഞിയിൽ വീട്ടിൽ അലിയാരുകുഞ്ഞു സാഹിബ് 2014 ആഗസ്റ്റ് 5 ചൊവ്വാഴ്ച രാവിലെ ഇഹലോകവാസം വെടിഞ്ഞു. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. പരേതന് 95 വയസ്സായിരുന്നു. പിതാവ് പരേതനായ പാലാഞ്ഞിയിൽ ബാവാക്കുഞ്ഞു സാഹിബ്. ഭാര്യ പരേതയായ മർയംബീബീ സാഹിബ. 1940 ലാണ് അദ്ദേഹം ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ അംഗമായത്. ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ, സഈം മജ്‌ലിസ് അൻസ്വാറുല്ലാഹ്, സെക്രട്ടറി ജാഇദാദ്, സെക്രട്ടറിമാൽ, അമീൻ, ജമാഅത്ത് പ്രസിഡന്റ് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിരുന്ന അദ്ദേഹം ജമാഅത്തിലെ സജീവ സാന്നിദ്ധ്യമായിരുന്നു. തഹജ്ജുദ് നമസ്കാരത്തിൽ കൃത്യത പാലിച്ചിരുന്നു. ലാസ്മി ചന്ദയും മറ്റു ചന്ദകളും കൃത്യമായി നല്കിയിരുന്നു. നല്ലൊരു ദീനീ തലമുറയെ വിട്ടും വെച്ചാണ് അദ്ദേഹം യാത്രയായത്. മക്കൾ പാലാഞ്ഞിയിൽ അഹ്മദ് ശരീഫ് സാഹിബ് (റിട്ട.സപ്ലൈഓഫീസർ-ഇപ്പോൾ ജമാഅത്തിന്റെ ജില്ലാ അമീറായും തദ്ദേശ ജമാഅത്തിന്റെ അമീറായും സേവനം അനുഷ്ഠിച്ചുവരുന്നു.)ബശീർ അഹ് മദ്(റിട്ട. അഡീഷണൽ സെക്രട്ടറി, ഫിനാൻസ് വകുപ്പ്) മുനീർ അഹ്മദ്(കുവൈറ്റ്) ആമിന, സീനത്ത് ബീബി, റംലത്ത് ബീബീ, താഹിറ, ശമീന, മരുമക്കൾ -ഹിദായത്ത് ബീവി, സി.പി.ജമീല, മൗലവി മുഹമ്മദ് ഫാറൂഖ് എച്ച്.എ, അബ്ദുൽ വാഹിദ്, അബ്ദുർറഹീം, ആയിശ, മുഹമ്മദ് ഇബ്റാഹീം, സാജിദാ ബീവി, നാസിമുദ്ദീൻ മഹ്മൂദ്. അല്ലാഹു അദ്ദേഹത്തിനോട് കരുണയോടും പൊറുമയോടുംകൂടി പെരുമാറുമാറാകട്ടെ. അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നല്കി അനുഗ്രഹിക്കുമാറാകട്ടെ.

**-മൗലവി മുഹമ്മദ് ഇസ്മായിൽ**

## പി.ജെ. അലിയാർ സാഹിബ്



ആലപ്പുഴ: ആലപ്പുഴ ജമാഅത്തിലെ അംഗമായ പി.ജെ. അലിയാർ സാഹിബ് (70) 2014 ആഗസ്റ്റ് 27-ാം തീയതി വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. മൗലവി ഇസ്മായീൽ സാഹിബിന്റെ സഹോദരീ ഭർത്താവായ ഇദ്ദേഹം 1994 ലാണ് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചത്. അന്ന് മുതൽ മരണം വരെ വളരെ ആത്മാർഥതയോടും, കൂറോടും കൂടിയാണ് ജമാഅത്തിൽ നിലനിന്നത്.റമദാൻ 27 ന് വഫാത്താകുന്നതിന് മുമ്പായി അദ്ദേഹം രണ്ട് പ്രാവശ്യം വിശുദ്ധ ഖുർആൻ പൂർത്തിയാക്കുകയുണ്ടായി. ഭാര്യ ജമീല സാഹിബ. മകൻ അമിതാബ്(കുവൈറ്റ്). മരുമകൾ സബീറ സാഹിബ. അല്ലാഹു പരേതന് മഗ്ഫിറത്ത് നൽകി ജന്നത്തുൽ ഫിർദൗസിൽ ഇടം നൽകി അനുഗ്ര ഹിക്കുമാറാകട്ടെ (ആമീൻ)

**-സുബൈർ, ആലപ്പുഴ**

## അനുസ്മരണം



### ജനാബ് അബ്ദുൾ വാഹിദ്

കരുനാഗപ്പള്ളി ജമാഅത്തിലെ മണ്ണാരയ്യത്ത് അബ്ദുൾ വാഹിദ് സാഹിബ് (82) നിര്യാതനായി. ഇന്നാ ലില്ലാഹി വ ഇന്നാ... ജമാഅത്തിലെ ആദ്യകാല അഹ്ദി ജ. യൂസുഫ് സാഹിബിന്റെ സഹോദര പുത്ര നാണ്. പിതാവ് അലികുഞ്ഞ് സാഹിബ്. കരുനാഗപ്പള്ളി ജമാഅത്ത് സ്ഥാപകരിൽപ്പെട്ട മൈതിൻ കുഞ്ഞ് സാഹിബ്, സാലി സാഹിബ് എന്നി വർ അദ്ദേഹത്തിന്റെ പിതൃ സഹോദരങ്ങളാണ്. ബോംബെ യിൽ നിന്ന് എം. എ. ബിരുദം കരസ്ഥമാക്കിയ വഹാബ് സാഹിബ് കേരളത്തിലെ തന്നെ ആദ്യ അഹ്മദി പോസ്റ്റ് ഗ്രാജ്വേറ്റ് ആണ്. സ്റ്റാറ്റി റ്റിക്സ് വകുപ്പിൽ മുപ്പത് വർഷ ത്തോളം ജോലിചെയ്ത വഹാബ് സാഹിബ് കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡയറക്ടർ ബോർഡ് അംഗം ആയിരുന്നു. കരുനാഗപ്പള്ളി അമീർ സ്ഥാനം വഹിച്ചിട്ടുണ്ട്. അല്ലാഹു പരേതന് ജന്നത്തും മഗ്ഫി റത്തും നല്കി അനുഗ്രഹിക്കുമാറാ കട്ടെ.

**മക്കൾ**: വഹീദ, റഷീദ്, മുനീർ അഹ്മദ്, **മരുമക്കൾ**: അബ്ദുൾ റഷീദ്, ജസ്ന മുനീർ. ജമാഅത്ത് മുൻ പ്രസിഡന്റ് ജ. അബ്ദുൾ റഷീദ് സാഹിബ് സഹോദരനാണ്.

*–ഡോ. ഫുആദ് ജലീൽ*




ആഗസ്റ്റ് 4–ാം തീയതി കോഴിക്കോട് സംഘടിപ്പിച്ച ഈദ് മിലൻ പരിപാടിയിൽ കോഴിക്കോട് അമീർ കെ. എം. അഹ്മദ് കോയ പ്രസംഗിക്കുന്നു. ഡൊ. കെ. മൊയ്തു, കെ.പി.സി.സി. ജില്ലാ പ്രസിഡന്റ് ശ്രീ. രാഘുനാഥ്, ശ്രീ. ശ്രീധരൻ പിള്ള, ഫാ. മോസസ് എബ്രഹാം. ശ്രീ. രാധാകൃഷ്ണൻ മാസ്റ്റർ, വിജയലക്ഷമി, ഭാസ്കരൻ എന്നിവർ വേദിയിൽ



മഞ്ചേരിയിൽ മലപ്പുറം ജില്ലാ കമ്മറ്റി സംഘടിപ്പിച്ച ഈദ് മിലൻ പരിപാടിയിൽ ബി.ജെ.പി. ദേശീയ കൗൺസിൽ അംഗം വാസുദേവൻ മാസ്റ്റർ പ്രസംഗിക്കുന്നു. പരമേശ്വരൻ നമ്പൂതിരിപ്പാട്, മലപ്പുറം ജില്ലാ അമീർ അമീറലി, മൗലവി ഗുലാം ഇസ്മായിൽ ഹിന്ദു ഐക്യവേദി സംസ്ഥാന സെക്രട്ടറി മുരളീധരൻ എന്നിവർ വേദിയിൽ




മജ്‌ലിസ് അൻസാറുല്ലാഹ് കൊല്ലം–തിരുവന്തപുരം ജില്ലാ ഇജ്തിമ, അൻസാറുല്ലാഹ് സംസ്ഥാന നാസിം പി. പി. നാസിമുദ്ദീൻ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.

**Published on 7 September 2014** Vol: 86 Issue.**9**
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14 Price Rs. **20/-**
Licence No. KL/CR/EKM/WPP-21/2012-14, Licensed to Post Without Prepayment
**The Sathyadoothan Monthly**


## ഖുർആന്റെ ദിവ്യാത്ഭുതം തുറന്നുകാട്ടുകയും ആധുനിക വൈജ്ഞാനിക ലോകവുമായി സംവദിക്കുകയും ചെയ്യുന്ന അത്യുജ്ജ്വല ഗ്രന്ഥം




# വെളിപാട് യുക്തി ജ്ഞാനം സത്യം

ഗ്രന്ഥകർത്താ:
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
വിവർത്തനം
എ. എം. മുഹമ്മദ് സലിം

1200ഓളം പേജുകൾ | നിരവധി വർണ്ണ ചിത്രങ്ങൾ

സമഗ്രമായ ഇൻഡക്സ്

ഒരു ഇസ്‌ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

# 1800 425 2020 Toll Free

**(9 am to 9 pm)**